

കോതമംഗലം രൂപതയുടെ പുതിയ ഇടയനായി
സ്ഥാനമേറ്റിരിക്കുന്ന

**അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തികണ്ടത്തിൽ പിതാവിന്**

മാനന്തവാടി രൂപതയുടെ പ്രാർത്ഥനാശംസകൾ

# പൗരോഹിത്യ ശുശ്രൂഷയിൽ
# 25 വർഷങ്ങൾ പിന്നിടുന്ന
# ബഹു. വൈദികർക്ക്
# ആശംസകൾ, പ്രാർത്ഥനാമംഗളങ്ങൾ



**Rev. Fr. Sebastian Puthen**



**Rev. Fr. Jose Moloparambil**

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 മാർച്ച്-2013 ലക്കം 3**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ .......................................................... 03
വിജ്ഞാപനം .......................................................... 08
നോമ്പുകാലസന്ദേശം ............................................ 11
രൂപതാകച്ചേരി വാർത്തകൾ .................................. 19
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ...................... 29
വിശ്വാസവർഷം ............................................ 33
ദൈവവിളി ക്യാമ്പുകൾ ............................................ 36
മതബോധനരംഗം ..................................................... 38
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 43
ചെറുപുഷ്പമിഷൻലീഗ് .............................................. 47
കെ.സി.വൈ.എം. .................................................... 56
കെ.സി.വൈ.എം. പഠനരേഖ .................................. 62
കുടുംബപ്രേഷിതത്വം .................................................. 68
വിൻസെന്റ് ഡി പോൾ സൊസൈറ്റി........................... 75
സിയോൻ വാർത്തകൾ ............................................ 78
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ............................ 81
ജയിൽ മിനിസ്ട്രി ............................................ 83
സാമൂഹ്യ സേവനരംഗം (WSSS)..................................... 84
കേരള ലേബർ മൂവ്മെന്റ് ........................................ 86
***Mary Matha Arts & Science College*** .......................... 87
റേഡിയോ മാറ്റൊലി .................................................. 89
Public Relations Office (PRO) .................................. 90
സ്കൂൾ കാമ്പസ് മിനിസ്ട്രി ........................................ 91
അറിയിപ്പുകൾ ........................................ 92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 94
ബിഷപ്സ് പ്രോഗ്രാം .................................................. 95

# സർക്കുലർ

***Circular Letter No. 06/2013***
***Prot. No. 13265/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പാപ്പാ സ്ഥാനം ത്യജിക്കുന്നു എന്നതായിരുന്നല്ലൊ കഴിഞ്ഞ ഏതാനും ആഴ്ച കളായി മാധ്യമങ്ങളിൽ നിറഞ്ഞു നിന്ന വാർത്ത. അദ്ദേഹത്തിന്റെ സ്ഥാനത്യാഗത്തിന്റെ വാർത്ത ആശ്ചര്യത്തോടെയാണ് ലോകം ശ്രവി ച്ചത് എന്നത് വാർത്തകളിൽ നിന്ന് വ്യക്തമാണ്. എന്നാൽ മാർപ്പാപ്പ യാകട്ടെ, തന്റെ സ്വതസിദ്ധമായ നിർവ്വികാരശൈലിയിൽ, ഒരു സാധാ രണ കാര്യം പറയുന്ന രീതിയിലാണ് കർദ്ദിനാളന്മാരോട് അത് അവത രിപ്പിച്ചത്. നിങ്ങളിൽ പലരും ആ ദൃശ്യം ടെലിവിഷനിൽ കണ്ട് കാണും.

സഭാനിയമമനുസരിച്ച് മാർപ്പാപ്പ തന്റെ സ്ഥാനം ത്യജിച്ചു കൊണ്ടുള്ള കത്ത് ആർക്കും കൊടുക്കേണ്ടതില്ല. ആരും അത് അംഗീ കരിക്കേണ്ടതുമില്ല. പൂർണ്ണമായ അറിവോടെയും സ്വാതന്ത്ര്യത്തോ ടെയും അത് വെളിപ്പെടുത്തിയാൽ മതി. ആരോട് എങ്ങനെ വെളിപ്പെ ടുത്തണം എന്നൊന്നും നിയമം അനുശാസിക്കുന്നില്ല. അതെല്ലാം അദ്ദേ ഹത്തിന് തന്നെ തീരുമാനിക്കാം. ബെനഡിക്ട് മാർപ്പാപ്പ ഇക്കാര്യം വെളിപ്പെടുത്തിയത് മറ്റു ചില കാര്യങ്ങൾക്കായി മാർപ്പാപ്പയുടെ ആസ്ഥാനത്ത് സമ്മേളിച്ച കർദ്ദിനാളന്മാരോടാണ്. താൻ പ്രാർത്ഥിച്ചും ചിന്തിച്ചും പൂർണ്ണമായ അറിവോടെയും സ്വാതന്ത്ര്യത്തോടെയും ആണ് ഈ തീരുമാനം എടുത്തതെന്ന് അദ്ദേഹം പറയുകയും ചെയ്തു. ഈ ഫെബ്രുവരി മാസം 28 ന് ഇറ്റാലിയൻ സമയം വൈകുന്നേരം എട്ട് മണി മുതൽ വിശുദ്ധ പത്രോസിന്റെ സിംഹാസനം ഒഴിഞ്ഞു കിടക്കും എന്നാണ് പരിശുദ്ധ പിതാവ് കർദ്ദിനാളന്മാരെ അറിയിച്ചത്. അതിനു ശേഷം ഉത്തരവാദപ്പെട്ടവർ പുതിയ മാർപ്പാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവ് അഥവാ കർദ്ദിനാളന്മാരുടെ സമ്മേളനം കൂടണമെന്നും

അദ്ദേഹം നിർദ്ദേശിച്ചു. താൻ ആ കോൺക്ലേവിൽ പങ്കെടുക്കുന്നതല്ല എന്നും അദ്ദേഹം അറിയിച്ചു.

എന്തുകൊണ്ടാണ് താൻ പാപ്പാസ്ഥാനം ത്യജിക്കുന്നത് എന്ന് മാർപ്പാപ്പ വെളിപ്പെടുത്തി. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ ഉദ്ധരിക്കാം: *എന്റെ മനഃസാക്ഷിയെ ആവർത്തിച്ചാവർത്തിച്ച് ദൈവതിരുമുമ്പിൽ സമർപ്പിച്ചു നടത്തിയ പരിശോധനയിൽ, പത്രോസിന്റെ പരമാചാര്യശുശ്രൂഷ വേണ്ടവിധം നിർവ്വഹിക്കാനുള്ള ശേഷി പ്രായാധിക്യം മൂലം എനിക്ക് ഇല്ലെന്ന ഉത്തമബോധ്യത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നു. ഈ ശുശ്രൂഷയുടെ അനിവാര്യമായ ആത്മീയസ്വഭാവം മൂലം വാക്കുകളും പ്രവൃത്തികളും കൊണ്ടെന്നപോലെ പ്രാർത്ഥനകൊണ്ടും സഹനംകൊണ്ടും കൂടിയാണത് നിർവ്വഹിക്കേണ്ടതെന്ന കാര്യം എനിക്ക് നന്നായി അറിയാം. എങ്കിലും, വിശ്വാസസംബന്ധമായി ആഴത്തിൽ പ്രസക്തമായ ചോദ്യങ്ങളും ദ്രുതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരവധിയായ മാറ്റങ്ങളും വല്ലാതെ ഉലച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ പത്രോസിന്റെ പടവിനെ നയിക്കാനും സുവിശേഷം പ്രഘോഷിക്കാനും ശരീരത്തിന്റേയും മനസ്സിന്റേയും ശക്തി ഒരുപോലെ അനിവാര്യമാണ്. കഴിഞ്ഞ ഏതാനും മാസങ്ങളിൽ എന്റെ ഈ ശക്തി വല്ലാതെ ക്ഷയിച്ചിരിക്കുന്നു. എന്നിൽ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള ശുശ്രൂഷ വേണ്ടവിധം നിർവ്വഹിക്കാൻ എനിക്ക് ശേഷിയില്ലെന്ന തിരിച്ചറിവ് അംഗീകരിക്കേണ്ടിടത്തോളം ഈ ശക്തിക്ഷയം സംഭവിച്ചിരിക്കുന്നു. ഇക്കാരണത്താൽ, ഈ നടപടിയുടെ ഗൗരവത്തെക്കുറിച്ചുള്ള ഉത്തമബോധ്യത്തോടെ പൂർണ്ണസ്വാതന്ത്ര്യത്തോടെ, 2005 ഏപ്രിൽ 19-ന് കർദ്ദിനാളന്മാർ എന്നെ ഭരമേൽപ്പിച്ച റോമിലെ മെത്രാൻ ശുശ്രൂഷയും വിശുദ്ധ പത്രോസിന്റെ പിൻഗാമിത്വവും ഫെബ്രുവരി 28 ന് രാത്രി 8 മണിയ്ക്ക് പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ ഞാൻ ത്യജിക്കുകയാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു.*

വിവിധ രൂപങ്ങളിലുള്ള പ്രബോധനങ്ങളിലൂടെ പരിശുദ്ധ പിതാവ് ബെനഡിക്ട് മാർപ്പാപ്പ പറഞ്ഞുവച്ച എല്ലാ കാര്യങ്ങളെക്കാളും കൂടുതലായി ചരിത്രത്തിൽ ഓർമ്മിക്കപ്പെടാൻ പോകുന്നത് അദ്ദേഹത്തിന്റെ സ്ഥാനത്യാഗമെന്ന ഈയൊരു പ്രവൃത്തി ആയിരിക്കും എന്നത് നിസ്സംശയമാണ്. ഇത്തരത്തിലുള്ള ഒരു സ്ഥാനത്യാഗം മാർപ്പാപ്പമാരുടെ കാര്യത്തിൽ നാടാടെയാണ് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. അതുകൊണ്ട് തന്നെ അതിന്റെ ശോഭ പതിന്മടങ്ങ് വർദ്ധിക്കുന്നു.

തന്റെ സ്ഥാനത്യാഗത്തിലൂടെ മഹത്തായ ഒരു മാതൃകയാണ് പരിശുദ്ധ പിതാവ് ലോകത്തിന് പൊതുവായും കത്തോലിക്കർക്ക് പ്രത്യേകമായും നൽകുന്നത്. നേതൃത്വശുശ്രൂഷകളിൽ പ്രത്യേകിച്ച് സഭാനേതൃത്വശുശ്രൂഷയിൽ സ്വാർത്ഥതയ്ക്ക് സ്ഥാനം ഉണ്ടാകാൻ പാടില്ല എന്ന് അദ്ദേഹം ഇതിലൂടെ എല്ലാവരേയും ഓർമ്മപ്പെടുത്തുന്നു. നേതൃത്വം ശുശ്രൂഷയാണെന്നും അവിടെ വ്യക്തികൾ അപ്രസക്തരാണെന്നും ഈ സ്ഥാനത്യാഗം വെളിപ്പെടുത്തുന്നു. ശുശ്രൂഷാനേതൃത്വത്തിൽ, നേതൃത്വത്തിൽ ഇരിക്കുന്നയാളിന്റെ പരിഗണനയ്ക്ക് വിഷയമാകേണ്ടത് തന്റെ നേതൃത്വത്തിൻ കീഴിൽ ഉള്ള ജനവും അവർക്ക് ശുശ്രൂഷ ചെയ്യാനുള്ള മാനസികവും ശാരീരികവുമായ തന്റെ അനുയോജ്യതയാണെന്നും നേതൃത്വത്തിൽ ഉള്ളവർ മനസ്സിലാക്കേണ്ടതാണെന്നും മാർപ്പാപ്പായുടെ പ്രവൃത്തി സൂചിപ്പിക്കുന്നു. ഇവിടെ തന്റെ തന്നെ സുഖസൗകര്യങ്ങളൊന്നും മാർപ്പാപ്പ കണക്കിലെടുക്കുന്നില്ല. തനിക്ക് നഷ്ടപ്പെടാൻ പോകുന്ന താരപ്രഭയെപ്പറ്റി അദ്ദേഹം അശ്ശേഷം ആകുലപ്പെടുന്നുമില്ല. അങ്ങനെയുള്ളവർക്കേ തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ ആവശ്യമായ ശാരീരികവും മാനസികവുമായ ശക്തിയും കഴിവും ഇല്ലാതെ വരുമ്പോൾ അത് തിരിച്ചറിയാനും കഴിവുള്ളവർക്ക് വഴി മാറിക്കൊടുക്കാനും മനസ്സ് ഉണ്ടാവുകയുള്ളൂ. തന്റെ കാലശേഷവും കർത്താവ് സഭയെ വഴി നടത്തിക്കൊള്ളുമെന്നും തന്റെ ശുശ്രൂഷ, സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ അനിവാര്യമല്ലെന്നും ഉള്ള വസ്തുതയും അങ്ങനെയുള്ളവർക്കേ തിരിച്ചറിയാൻ സാധിക്കൂ.

തന്റെ ശിഷ്ടജീവിതം പ്രാർത്ഥനയിലും പഠനത്തിനുമായി വത്തിക്കാൻ രാഷ്ട്രത്തിന്റെ ഉള്ളിൽ തന്നെയുള്ള ഒരു ആശ്രമത്തിൽ ചെലവഴിക്കും എന്നാണ് പരിശുദ്ധപിതാവ് അറിയിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ സഭാശുശ്രൂഷയ്ക്കായി നമുക്ക് ദൈവത്തെ സ്തുതിക്കുകയും അദ്ദേഹത്തിന്റെ ശിഷ്ടജീവിതം ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് നമുക്ക് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

ചില മാധ്യമങ്ങളെല്ലാം പ്രചരിപ്പിച്ചത് മാർപ്പാപ്പ പല കാര്യങ്ങളിലും പരാജയപ്പെട്ടതുകൊണ്ടുള്ള നിരാശ മൂലമാണ് സ്ഥാനത്യാഗം ചെയ്യുന്നതെന്നാണ്. അതിന് കാരണമായി അവർ എടുത്ത് കാണിച്ചത് യൂറോപ്പിലും അമേരിക്കയിലും വൈദികജീവിതത്തിൽ ഉണ്ടായ അപജയങ്ങളാണ്. അതിൽ തക്ക സമയത്ത് ആവശ്യമായ നടപടികൾ

എടുക്കാൻ അദ്ദേഹം പരാജയപ്പെട്ടു എന്നാണ് ആ മാധ്യമങ്ങൾ വില യിരുത്തുന്നത്. എന്നാൽ സത്യം മറിച്ചാണ്. പല കാര്യങ്ങളിലും വളരെ കാർക്കശ്യ നിലപാടെടുക്കുകയും ബന്ധപ്പെട്ടവർക്ക് തക്ക ശിക്ഷ കൊടു ക്കാൻ സാഹചര്യം ഒരുക്കുകയും ചെയ്ത വ്യക്തിയാണ് പരിശുദ്ധ പിതാവ് ബനഡിക്ട് മാർപ്പാപ്പ. അതിനാവശ്യമായ നിയമനിർമ്മാണവും അദ്ദേഹം നടത്തുകയുണ്ടായി. തന്റെ വാക്കുകളിലൂടെയും ഇക്കാര്യ ത്തിൽ അദ്ദേഹത്തിന്റെ നിലപാട് വെളിപ്പെടുത്തുകയുണ്ടായി. ഏതൊരു സമൂഹത്തിലും തിന്മയുണ്ടാകുമെന്നും ആർക്കുമത് നൂറ് ശതമാനം തുടച്ച് നീക്കാൻ കഴിയുകയുമില്ല എന്നത് ഒരു സാമാന്യതത്വം മാത്ര മാണ്.

മാർച്ച് മദ്ധ്യത്തോടെ പുതിയ മാർപ്പാപ്പയെ തെരഞ്ഞെടുക്കാ നുള്ള കോൺക്ലേവ് തുടങ്ങും എന്നാണ് അറിയുന്നത്. മാർപ്പാപ്പയെ തെരഞ്ഞെടുക്കുന്നത് കർദ്ദിനാളന്മാർ ചേർന്നാണെങ്കിലും നമുക്കും അതിലൊരു പങ്കുണ്ട്. നമ്മുടെ പ്രാർത്ഥനകൾ അവരോടൊപ്പം ഉണ്ടാ യിരിക്കണം. 120 കോടിയിലേറെ അംഗങ്ങളുള്ളതും ആഗോളവ്യാപകവു മായ കത്തോലിക്കാ സഭയാകുന്ന അജഗണത്തെ സുരക്ഷിതമായി നയി ക്കാൻ കഴിവുള്ള ഒരു നല്ല ഇടയനെ ഞങ്ങൾക്ക് നൽകണമേ എന്ന് ഇടയന്മാരുടെ നാഥനോട് നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. ഈ നിയോഗാർത്ഥം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസ ഭവനങ്ങളിലും സൗകര്യപ്രദമായ ഒരു ദിവസം ഒരു മണിക്കൂർ ആരാ ധന നടത്തുകയും കുടുംബങ്ങളിൽ, ജപമാലയുടെ അവസാനം ഒരു സ്വർഗ്ഗസ്ഥനായ പിതാവും ഒരു നന്മനിറഞ്ഞമറിയവും ഒരു ത്രിത്വസ്തു തിയും ചൊല്ലി കാഴ്ചവയ്ക്കുകയും വേണം. തീർച്ചയായും കർത്താ വാണ് സഭയെ നയിക്കുന്നത്. എങ്കിലും മനുഷ്യകരങ്ങളിലൂടെയാണല്ലോ അവിടുന്നത് സാധിക്കുന്നത്. കേരള കത്തോലിക്കാ മെത്രാൻ സമിതി തയ്യാറാക്കി തന്ന പ്രാർത്ഥനയോടെ എന്റെ വാക്കുകൾ ഉപസംഹരി ക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

**ഞങ്ങളെ നിത്യം കാത്തുപരിപാലിക്കുന്ന നല്ല ദൈവമേ, അങ്ങയുടെ അജഗണമായ ഞങ്ങളെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് നൽകുന്നുവല്ലോ. ഞങ്ങളുടെ കർത്താവിന്റെ ശിഷ്യപ്രമുഖ നായിരുന്ന പത്രോസിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാൻ കൂടുന്ന സമ്മേളന ത്തിലെ എല്ലാ കർദ്ദിനാളന്മാരേയും പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ**

**നിറയ്ക്കണമേ. അങ്ങയുടെ തിരുമനസ്സിന് വിധേയരായി അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ പ്രതിപുരുഷനെ തെരഞ്ഞെടുക്കാൻ അവരെ അങ്ങ് ഒരുക്കണമേ. ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ മനസ്സിലാക്കി സാർവ്വത്രിക സഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള കഴിവും ജീവിതവിശുദ്ധിയും വിജ്ഞാനവും വിവേകവുമുള്ള അജപാലശ്രേഷ്ഠനെ മാർപ്പാപ്പയായി ഞങ്ങൾക്ക് നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ. ആമേൻ.**

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ഫെബ്രുവരി മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- <u>പ്രത്യേകം ശ്രദ്ധിക്കുക:</u>** ഈ സർക്കുലർ, ബുള്ളറ്റിൻ കിട്ടുന്ന ക്രമത്തിന് തൊട്ടടുത്ത ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. തുടർന്ന് പുതിയ മാർപ്പാപ്പ തെരഞ്ഞെടുക്കപ്പെടുന്നതുവരെ മുകളിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥന എല്ലാ ദിവസവും കുർബാനയ്ക്ക് ശേഷം പള്ളികളിലും സ്ഥാപനങ്ങളിലും ചൊല്ലേണ്ടതുമാണ്. പുതിയ മാർപ്പാപ്പ തെരഞ്ഞെടുക്കപ്പെട്ട വിവരം കിട്ടി പിറ്റേ ദിവസം എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനയ്ക്ക് ശേഷം സ്തോത്രഗീതം ആലപിക്കുകയും ചെയ്യണം.

മാർച്ച് 1 മുതൽ പുതിയ മാർപ്പാപ്പ തെരഞ്ഞെടുക്കപ്പെടുന്നതുവരെ വി.കുർബാനയിൽ മാർപ്പാപ്പായെ അനുസ്മരിക്കുന്ന സ്ഥലത്ത് ഇപ്രകാരം ചേർത്ത് പ്രാർത്ഥിക്കേണ്ടതാണ്. **സാർവത്രിക സഭയെ നയിക്കുന്ന കർദ്ദിനാൾ സംഘത്തിനുവേണ്ടിയും ........**

## ബെനഡിക്ട് 16-ാമൻ പാപ്പയുടെ സ്ഥാനത്യാഗവും പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പും

***Prot. No. 364/2013***

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും
സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏൽപിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

പരിശുദ്ധ പിതാവ് ബെനഡിക്ട് 16-ാമൻ പാപ്പയുടെ സ്ഥാന ത്യാഗംമൂലം തിരുസഭയിൽ പുതിയൊരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. പത്രോസിന്റെ സിംഹാസനത്തിൽനിന്നുള്ള അദ്ദേഹത്തിന്റെ വിരമിക്കൽ ഇതിനകം സഭാമക്കൾ മനഃക്ലേശത്തോടെയാണെങ്കിലും സ്വാഗതം ചെയ്തുകഴിഞ്ഞു. യുഗപ്രഭാവനായ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ കാലശേഷം, അപ്പസ്തോലിക ശുശ്രൂഷ ആരംഭിച്ച ബെനഡിക്ട് 16-ാമൻ പാപ്പ, കഴിഞ്ഞ എട്ടുവർഷത്തോളം സഭാനൗകയെ സുരക്ഷിതമായി മുന്നോട്ടു നയിക്കുകയായിരുന്നു. പുതിയ ആഭിമുഖ്യങ്ങളും ദർശനങ്ങളും സഭയ്ക്കും ലോകത്തിനും നൽകി, ഈ ഹ്രസ്വകാല ശുശ്രൂഷകൊണ്ടുതന്നെ അദ്ദേഹം ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയ്ക്ക് തികച്ചും ഉചിതനായ പിൻഗാമിയായിത്തീർന്നു.

ക്രിസ്തുവിനെയും സഭയെയും സ്വന്തമാക്കിയ സഭാതലവനായിരുന്നു ബെനഡിക്ട് പാപ്പ. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായെക്കുറിച്ചുള്ള ദർശനം അതിന്റെ സമഗ്രതയിൽ സഭാമക്കളെ പഠിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. പാപ്പാസ്ഥാനത്തിന്റെ തിരക്കുകൾക്കിടയിലും, തന്റെ ബൈബിൾ പാണ്ഡിത്യവും ദൈവശാസ്ത്രജ്ഞാനവും ഉപയോഗപ്പെടുത്തി, 'നസ്രത്തിലെ ഈശോ' എന്ന മൂന്നു വാല്യമുള്ള ബൃഹദ്ഗ്രന്ഥം എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ അടിസ്ഥാനചിന്തയാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ദൗത്യത്തെക്കുറിച്ചും ആ ദൗത്യത്തിനു ശുശ്രൂഷ ചെയ്യുന്ന മെത്രാന്മാർ, വൈദികർ, സന്യസ്തർ, അൽമായപ്രേഷിതർ, യുവജനങ്ങൾ എന്നി

വർക്കുണ്ടായിരിക്കേണ്ട ദർശനങ്ങളെക്കുറിച്ചും പ്രബോധനങ്ങൾ നൽകുന്നതിൽനിന്ന് അദ്ദേഹം ഒരിക്കലും വിരമിച്ചിട്ടില്ല.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ സത്യസന്ധതയോടും പ്രതിബദ്ധതയോടുംകൂടിയാണ് ബെനഡിക്ട് പാപ്പ നേരിട്ടുകൊണ്ടിരുന്നത്. സഭയുടെ നവീകരണത്തിനും ലോകവുമായുള്ള സംവാദത്തിനും രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളെയാണ് അദ്ദേഹം മാർഗ്ഗദർശകമാക്കിയത്. കൗൺസിൽ പ്രബോധനങ്ങൾ വെറുമൊരു ക്രൈസ്തവ ഹ്യൂമനിസം മാത്രമായി ചുരുക്കേണ്ടതല്ലെന്ന് മനസ്സിലാക്കി അതിൽ അന്തഃസ്ഥിതമായിരിക്കുന്ന ക്രൈസ്തവ വിശ്വാസദർശനത്തെ വെളിച്ചത്തുകൊണ്ടുവരുന്നതിനും അത് വിശ്വാസികളുടെ സാധാരണ ജീവിതത്തിൽ അനുഭവവേദ്യമാക്കുന്നതിനും ബെനഡിക്ട് പാപ്പ ഇക്കാലമത്രയും അക്ഷീണം യത്നിച്ചു.

പരി. കുർബാനയെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും നടന്ന അവസാന രണ്ടു സിനഡുകളിലൂടെ, വചനവും കൂദാശയും തമ്മിലുള്ള പരസ്പരപൂരക സ്വഭാവത്തെയും സഭാഗാത്രത്തോടു സഗാഢം ഒന്നിച്ചിരിക്കുന്ന ക്രിസ്തുദർശനത്തെയും അദ്ദേഹം സഭാമക്കൾക്ക് വരച്ചുകാട്ടി. ലോകമാസകലം, പ്രത്യേകിച്ച് യൂറോപ്പിൽ, ക്രിസ്തുവിന്റെ സുവിശേഷം വർദ്ധിച്ച പ്രേഷിതതീക്ഷ്ണതയോടുംകൂടി നവീന അജപാലന മാർഗ്ഗങ്ങളോടും അവതരണ ശൈലികളോടും കൂടി സഭയിൽ പ്രാവർത്തികമാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. വിശ്വാസപരിശീലന മേഖലയിലെ നൂതനാഭിമുഖ്യങ്ങൾക്ക് ആക്കംകൂട്ടാൻ "നവ സുവിശേഷവത്ക്കരണത്തിനുള്ള പൊന്തിഫിക്കൽ കൗൺസിൽ" എന്ന പുതിയ കാര്യാലയം തന്നെ പാപ്പ സ്ഥാപിച്ചു.

പ്രായാധിക്യം മൂലമുള്ള പ്രയാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും തികച്ചും ഫലവത്തും സുശക്തവുമായ നേതൃത്വമാണ് ബെനഡിക്ട് 16-ാമൻ പാപ്പ സഭയ്ക്ക് നൽകിയത്. സഭാമക്കൾ മാത്രമല്ല ലോകം മുഴുവനും ഇത് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി ആശ്രമജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന പിതാവ് തന്റെ പ്രാർത്ഥനയും സഹനവും വഴി സഭാദൗത്യത്തിൽ നമ്മോടുകൂടി എപ്പോഴും ഉണ്ടാവും. പരി. പിതാവിനോടുള്ള കൃതജ്ഞത നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. നമ്മുടെ പ്രാർത്ഥനകളിൽ ആദ്ദേഹത്തെ അനുസ്മരിക്കാം. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയിലൂടെ ദൈവം നമുക്ക് നൽകിയ ദാനങ്ങളെക്കുറിച്ച് കൃതജ്ഞത അർപ്പിക്കുന്നതിനും പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പിനുമായി സൗകര്യപ്രദമായ ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അടുത്ത മാർപാപ്പയുടെ തെരഞ്ഞെടുപ്പ് സഭയെ സംബന്ധിച്ചിട

ത്തോളം പ്രാധാന്യമർഹിക്കുന്ന വലിയ സംഭവമാണല്ലോ. അതിനായുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഏറ്റം പ്രധാനപ്പെട്ട ഒരുക്കം പ്രാർത്ഥനവഴിയാണ് നടക്കേണ്ടത്. കർദ്ദിനാളന്മാരുടെ സംഘം കോൺക്ലേവായി കൂടുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രചോദനവും മാർഗ്ഗനിർദ്ദേശവും അവർക്കു ലഭിക്കുന്നതിനുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിക്കേണ്ട സമയമാണിത്. സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിലും ഇതിനായുള്ള പ്രത്യേക പ്രാർത്ഥന നടത്തേണ്ടതാണ്. കോൺക്ലേവിന്റെ ദിവസങ്ങൾ സഭ മുഴുവന്റെയും പ്രാർത്ഥനയുടെ ദിവസങ്ങളായിരിക്കട്ടെ. പരിശുദ്ധാത്മാവിനെ കാത്തിരുന്ന ശ്ലീഹന്മാരെപ്പോലെ പരി. അമ്മയോടൊപ്പം നമുക്കെല്ലാം തീക്ഷ്ണതയോടെ ഈ ദിവസങ്ങളിൽ പ്രാർത്ഥനാനിരതരായിരിക്കാം.

പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള അറിയിപ്പ് ലഭിച്ചാലുടൻ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ആഹ്ലാദസൂചകമായി കുറച്ചു സമയത്തേയ്ക്ക് കൂട്ടമണി അടിക്കേണ്ടതാണ്. അതിനടുത്തുവരുന്ന ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും കൃതജ്ഞതാബലി അർപ്പിക്കുകയും വേണം.

പരിശുദ്ധ പിതാവിന്റെ വിടവാങ്ങൽ കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും കോൺക്ലേവിൽ ചേരുന്നതിനുമായി ഫെബ്രുവരി 25-ാം തീയതി ഞാൻ റോമിലേക്കു പോവുകയാണ്. പുതിയ മാർപാപ്പയുടെ തെരഞ്ഞെടുപ്പിനുശേഷം വലിയ ആഴ്ചയ്ക്കു മുൻപായി നാട്ടിൽ തിരിച്ചെത്താമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഈ കാലഘട്ടത്തിൽ സഭാനൗകയെ നയിക്കുവാൻ തികച്ചും യോഗ്യനായ വ്യക്തിയെ തെരഞ്ഞെടുക്കുവാൻ കർദ്ദിനാൾ സംഘത്തിനു സാധിക്കുന്നതിനായി സർവ്വശക്തനായ ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം.

ഈ നോമ്പുകാലം നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞതായിരിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിൻ കാര്യാലയത്തിൽ നിന്ന് 2013-ാം ആണ്ട് ഫെബ്രുവരി 22-ാം തീയതി നൽകപ്പെട്ടത്.

---

NB:- ഈ വിജ്ഞാപനം മാർച്ച് മാസം 10-ാം തീയതി ഞായറാഴ്ച എങ്കിലും കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# നോമ്പുകാലസന്ദേശം - 2013

ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ

**"സ്നേഹത്തിൽ വിശ്വസിക്കുകയെന്നത് സ്നേഹിക്കാൻ ആവശ്യപ്പെടുന്നു"**

**"ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും നാം അതിൽ വിശ്വസിക്കുകയും ചെയ്യുന്നു" (1 യോഹ 4:16)**

പ്രിയ സഹോദരീ സഹോദരന്മാരേ,

വിശ്വാസവർഷത്തിന്റെ സാഹചര്യത്തിലെ വലിയ നോമ്പാചരണം വിലപ്പെട്ട ഒരവസരം നമുക്കു നല്കുന്നു. വിശ്വാസവും സ്നേഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ധ്യാനിക്കാനുള്ള അവസരം തന്നെ. ദൈവത്തിൽ-യേശുക്രിസ്തുവിന്റെ ദൈവത്തിൽ-വിശ്വസിക്കുകയെന്നതും സ്നേഹിക്കുകയെന്നതും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണു ധ്യാനിക്കു ന്നത്. സ്നേഹമാകട്ടെ, പരിശുദ്ധാത്മാവിന്റെ ഫലമാണ്. അത് നമ്മെ ദൈവത്തോടുള്ള ഭക്തിയുടെയും മറ്റുള്ളവരോടുള്ള സമർപ്പണത്തിന്റെയും വഴിയിൽ നയിക്കുന്നു.

**1. വിശ്വാസം ദൈവത്തിന്റെ സ്നേഹത്തോടുള്ള പ്രത്യുത്തരമെന്ന നിലയിൽ**

എന്റെ ഒന്നാമത്തെ ചാക്രികലേഖനത്തിൽ വിശ്വാസം, സ്നേഹം എന്നീ ദൈവീകപുണ്യങ്ങൾ തമ്മിലുള്ള ഉറ്റ ബന്ധത്തെക്കുറിച്ചുള്ള ചില ചിന്തകൾ ഞാൻ പങ്കുവച്ചിരുന്നു. "ദൈവത്തിനു നമ്മോടുള്ള സ്നേഹം, നാം അറിയുകയും നാം അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1യോഹ 4:16) എന്നിങ്ങനെയുള്ള വിശുദ്ധ യോഹന്നാന്റെ മൗലിക പ്രസ്താവനയോടെയാണ് ഞാൻ തുടങ്ങിയത്. "ക്രൈസ്തവനായി രിക്കുകയെന്നത് ഒരു ധാർമ്മിക തിരഞ്ഞെടുപ്പി ന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള, കണ്ടുമുട്ടലിന്റെ ഫലമാണ്. ആ കണ്ടുമുട്ടൽ ജീവിതത്തിനു പുതിയൊരു ചക്രവാളവും നിർണായകമായ മാർഗ്ഗ നിർദ്ദേശവും നല്കുന്നു. ദൈവം ആദ്യം നമ്മെ സ്നേഹിച്ചു (cf1യോഹ 4:10). അതുകൊണ്ട് സ്നേഹിക്കു

കയെന്നത് ഇപ്പോൾ വെറുമൊരു കല്പന യല്ല. പിന്നെയോ ദൈവം നമ്മോട് അടുത്തുവരുന്നതിന്റെ ഹേതുവായ സ്നേഹമെന്ന ദാനത്തോടുള്ള ഒരു പ്രത്യുത്തരമാണ്" (ദൈവം സ്നേഹ മാകുന്നു,1) എന്നിങ്ങനെ പ്രസ്താവിക്കുകയും ചെയ്തു.

വിശ്വസമെന്നത്, യേശുക്രിസ്തുവിൽ പൂർണമായി വെളിവാക്കപ്പെട്ടതും ദൈവത്തിനു നമ്മോടുള്ളതുമായ സൗജന്യപരവും തീവ്രവുമായ സ്നേഹത്തിന്റെ വെളിപാടിനോടുള്ള വ്യക്തിപരമായ ഒട്ടിച്ചേരലാണ്. അത് നമ്മുടെ എല്ലാ കഴിവുകളുംകൊണ്ടുള്ള ഒട്ടിച്ചേരലാണ്. സ്നേഹമാകുന്ന ദൈവം ഹൃദയത്തെ മാത്രമല്ല ബുദ്ധിശക്തിയെയും പ്രവർത്തിപ്പിക്കുന്നു. "ജീവിക്കുന്ന ദൈവത്തെ അംഗീകരിക്കുകയെന്നത് സ്നേഹത്തിലേക്കുള്ള ഒരു വഴിയാണ്. അവിടുത്തെ ഇഷ്ടം നമ്മൾ അനുസരിക്കുമ്പോൾ ആ അനുസരണം നമ്മുടെ ബുദ്ധിശക്തി, ഇച്ഛാശക്തി, വികാരങ്ങൾ എന്നിവയെ സംയോജിപ്പിക്കുന്നു. സർവാശ്ലേഷിയായ സ്നേഹത്തിൽ കൂട്ടിച്ചേർക്കുന്നു. എന്നാൽ ഈ പ്രക്രിയ എപ്പോഴും മുന്നേറുന്നതാണ്. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (ദൈവം സ്നേഹമാകുന്നു, 17).

അതുകൊണ്ട് എല്ലാ ക്രൈസ്തവർക്കും പ്രത്യേകിച്ച്, പരസ്നേഹപ്രവൃത്തികൾ ചെയ്യുന്നവർക്ക്, വിശ്വാസം ആവശ്യമുണ്ട്. എന്തെന്നാൽ "അവരുടെ സ്നേഹത്തെ ഉദ്ദീപിപ്പിക്കുകയും മറ്റുള്ളവരോടുള്ള അവരുടെ താത്പര്യം ഉണർത്തുകയും ചെയ്യുന്ന ഒന്നാണ് ക്രിസ്തുവിൽ ദൈവത്തെ കണ്ടെത്തുകയെന്നത്. ഇതിന്റെ ഫലമായി അവർക്ക് അയൽപക്കക്കാരോടുള്ള സ്നേഹമെന്നത് പുറമേ നിന്ന് അടിച്ചേല്പിക്കുന്ന ഒരു കല്പനയായിരിക്കുകയില്ല. പിന്നെയോ തങ്ങളുടെ വിശ്വാസത്തിന്റെ ഒരു അനന്തരഫലമായിരിക്കും. സ്നേഹത്തിലൂടെ സജീവമാകുന്ന ഒന്നാണല്ലോ വിശ്വാസം" (ദൈവം സ്നേഹമാകുന്നു, 31a).

ക്രിസ്തുവിന്റെ സ്നേഹത്താൽ കീഴടക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. അതുകൊണ്ട് അവർ ആ സ്നേഹത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടവരാണ്: "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു" (2 കോറി 5:14). വസ്തുനിഷ്ഠമായ രീതികളിൽ അയൽക്കാരെ പൂർണഹൃദയത്തോടെ സ്നേഹിക്കുന്നവരാണവർ. (cf ദൈവം സ്നേഹമാകുന്നു, 33). കർത്താവു സ്നേഹിക്കുകയും ക്ഷമിക്കുകയും ശ്ലീഹന്മാരുടെ കാലുകഴുകാൻ കുനിഞ്ഞുനിന്നുകൊണ്ട്

സേവിക്കുകയും മനുഷ്യവംശത്തെ ദൈവസ്നേഹത്തിലേക്ക് അടുപ്പിക്കാൻ കുരിശിൽ സ്വയം സമർപ്പിക്കുകയും ചെയ്തുവെന്ന ബോധത്തിൽ നിന്നാണ് പ്രധാനമായും ഈ മനോഭാവമുണ്ടാകുന്നത്.

"ദൈവം തന്റെ പുത്രനെ നമുക്കു നല്കിയെന്ന് വിശ്വാസം നമ്മോടു പറയുന്നു. അതു യഥാർത്ഥത്തിൽ സത്യമാണെന്നതിനു വിജയകരമായ ഉറപ്പുനല്കുകയും ചെയ്യുന്നു: ദൈവം സ്നേഹമാണ്. കുരിശിൽ യേശുവിന്റെ മുറിവേറ്റ ഹൃദയത്തിൽ വെളിവാക്കപ്പെട്ട ദൈവത്തിന്റെ സ്നേഹത്തെ വിശ്വാസം കാണുന്നു. ആ വിശ്വാസം സ്നേഹത്തിന് ജന്മം നല്കുന്നു. സ്നേഹമാണു പ്രകാശം. അവസാനം അതുമാത്രമാണു മങ്ങിയ ലോകത്തെ എപ്പോഴും പ്രകാശിപ്പിക്കുന്ന പ്രകാശം. ജീവിക്കാനും അധ്വാനിക്കാനും വേണ്ട ധൈര്യം തരുന്ന പ്രകാശം അതാണ്" (ദൈവം സ്നേഹമാകുന്നു, 39).

"വിശ്വാസത്തിൽ വേരുറച്ചതും വിശ്വാസത്താൽ രൂപീകരിക്കപ്പെട്ടതുമായ സ്നേഹം" (ദൈവം സ്നേഹമാകുന്നു, 7) ആണ് ക്രിസ്ത്യാനികളെ തിരിച്ചറിയാനുള്ള പ്രധാനപ്പെട്ട അടയാളമെന്നും മനസ്സിലാക്കാൻ ഇതെല്ലാം നമ്മെ സഹായിക്കുന്നു.

**2. പരസ്നേഹം വിശ്വാസത്തിലുള്ള ജീവിതമെന്ന നിലയിൽ**

ക്രൈസ്തവജീവിതം മുഴുവനും ദൈവസ്നേഹത്തോടുള്ള പ്രത്യുത്തരമാണ്. നമുക്കു മുമ്പേ പോകുന്നതും നമ്മെ വിളിക്കുന്നതുമായ അപൂർവ്വ ദൈവികപ്രാരംഭത്തെ വിസ്മയത്തോടും നന്ദിയോടും കൂടി നാം അംഗീകരിക്കണം. അംഗീകരിക്കലെന്ന നിലയിലുള്ള വിശ്വാസമാണ് ആദ്യത്തെ പ്രത്യുത്തരം. വിശ്വാസത്തിനു നല്കുന്ന സമ്മതം കർത്താവുമായുള്ള സൗഹൃദബന്ധത്തിന്റെ പ്രകാശമാനമായ കഥയുടെ തുടക്കം കുറിക്കുന്നു. അത് നമ്മുടെ മുഴുവൻ ജീവിതത്തെയും നിറയ്ക്കുകയും അതിന് പൂർണമായ അർത്ഥം നല്കുകയും ചെയ്യുന്നു.

എന്നാൽ ദൈവത്തിന്റെ സൗജന്യദാനമായ സ്നേഹത്തെ നാം സ്വീകരിക്കുന്നതുകൊണ്ടു മാത്രം അവിടന്ന് തൃപ്തനാകുന്നില്ല. അവിടുന്ന് നമ്മെ സ്നേഹിക്കുക മാത്രമല്ല ചെയ്യുന്നത്. നമ്മെ തന്നിലേക്ക് അടുപ്പിക്കാനും നമ്മെ രൂപാന്തരപ്പെടുത്താനും അവിടുന്ന് ആഗ്രഹിക്കുക കൂടി ചെയ്യുന്നു. "ഇനിമേൽ ജീവിക്കുന്നതു ഞാനല്ല, പിന്നെയോ ക്രിസ്തു എന്നിൽ ജീവിക്കുന്നു" (cf ഗലാ 2:20) എന്നു വിശുദ്ധ പൗലോസിനോടൊപ്പം പറയാൻ പാകത്തിനു രൂപാന്തരപ്പെടുത്താനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്.

ദൈവത്തോടുള്ള സ്നേഹത്തിനു നമ്മിൽ സ്ഥാനം നല്കുമ്പോൾ നാം അവിടുത്തെപ്പോലെയാകും. അവിടുത്തെ സ്നേഹത്തിൽ പങ്കുചേരും. നാം അവിടുത്തെ സ്നേഹത്തോടു തുറവിയുള്ളവരാകുമ്പോൾ നമ്മിൽ ജീവിക്കാൻ നാം അവിടുത്തെ അനുവദിക്കുന്നു. അവിടുത്തോടൊപ്പം അവിടുന്നിൽ അവിടുത്തെപ്പോലെ സ്നേഹിക്കാനും പ്രാപ്തരാകുന്നു. അപ്പോൾ മാത്രമേ നമ്മുടെ വിശ്വാസം യഥാർത്ഥത്തിൽ "സ്നേഹത്തിലൂടെ സജീവ" മാകുകയുള്ളൂ (ഗലാ 5:6). അപ്പോൾ മാത്രമേ അവിടുന്നു നമ്മിൽ നിവസിക്കുകയുള്ളൂ (cf 1 യോഹ 4:12).

വിശ്വാസമെന്നത് സത്യത്തെ അറിയുകയും അതിനോട് ഒട്ടിച്ചേരുകയും ചെയ്യലാണ് (cf 1 തിമോ 2:4). പരസ്നേഹമെന്നത് സത്യത്തിൽ "നടക്കൽ" ആണ് (cf എഫേ 4:15). വിശ്വാസത്തിലൂടെ നമ്മൾ കർത്താവുമായുള്ള സൗഹൃദത്തിലേക്കു പ്രവേശിക്കുന്നു. പരസ്നേഹത്തിലൂടെ നാം ആ സൗഹൃദത്തിൽ ജീവിക്കുകയും അതിനെ വളർത്തുകയും ചെയ്യുന്നു (cf യോഹ 15:14 ff). നമ്മുടെ കർത്താവും ഗുരുവുമായ യേശുവിന്റെ കല്പനയെ ആശ്ലേഷിക്കാൻ വിശ്വാസം നമുക്കു കാരണമായിത്തീരുന്നു. സ്നേഹം അതു പ്രയോഗത്തിലാക്കുന്നതിലുള്ള സന്തോഷം നല്കുന്നു (cf യോഹ 13:13-17). വിശ്വാസത്തിൽ നാം ദൈവമക്കളായി ജനിപ്പിക്കപ്പെടുന്നു (cf യോഹ 1:12 ff). പരിശുദ്ധാത്മാവിന്റെ ഫലം വഹിച്ചുകൊണ്ടു നമുക്കു ദൈവീകപുത്രത്വത്തിൽ വസ്തുനിഷ്ഠമായി തുടരുവാൻ കാരണമായിത്തീരുന്നു. നല്ലവനും ഉദാരതാപൂർണ്ണനുമായ ദൈവം നമ്മെ ഏല്പിച്ച ദാനങ്ങൾ മനസ്സിലാക്കാൻ വിശ്വാസം നമ്മെ ശക്തരാക്കുന്നു. (cf മത്താ 25:14-30).

**3. വിശ്വാസവും പരസ്നേഹവും തമ്മിലുള്ള അലംഘ്യമായ ബന്ധം**

മുകളിൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ, വിശ്വാസവും പരസ്നേഹവും തമ്മിൽ വേർതിരിക്കാനോ അവയെ പരസ്പരവിരുദ്ധങ്ങളായി കാണാനോ നമുക്ക് ഒരിക്കലും കഴിയുകയില്ലെന്നത് വ്യക്തമാണ്. ഇപ്പറഞ്ഞ രണ്ടു ദൈവീകപുണ്യങ്ങളും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. അവയെ വ്യത്യസ്തങ്ങളായോ വിരുദ്ധങ്ങളായോ കരുതുന്നത് വഴിതെറ്റിക്കുന്ന ചിന്തയാണ്. ഒരുവശത്ത് വിശ്വാസത്തിന്റെ മുൻഗണനയിലും നിർണായകത്വത്തിലും ശക്തമായ ഊന്നൽ നല്കുന്നതും പരസ്നേഹപ്രവർത്തനങ്ങളെ അവ്യക്തമായ മാനുഷികതാ വാദമായി ചുരുക്കുന്നതും ഏറെ പക്ഷപാതപരമായിരിക്കും. മറുവശത്ത്, വിശ്വാസത്തിന്റെ സ്ഥാനം പ്രവർത്തനത്തിനു നല്കുന്നത്, പരസ്നേഹത്തിന്റെ

മുൻഗണനയ്ക്കും അത് ഉത്പാദിപ്പിക്കുന്ന പ്രവർത്തനത്തിനും നല്കുന്നത്, സഹായകരമായിത്തീരുകയില്ല. വിശ്വാസമാത്രവാദത്തെയും ധർമ്മികപ്രവർത്തനമാത്രവാദത്തെയും ഉപേക്ഷിക്കുക ഗുണകരമായ ആധ്യാത്മികജീവിതത്തിന് അത്യാവശ്യമാണ്.

ക്രൈസ്തവജീവിതം ദൈവത്തെ കാണാൻ നിരന്തരം മലയിലേക്കു കയറലും സഹോദരീസഹോദരന്മാരുടെ അടുക്കലേക്ക് ഇറങ്ങലുമാണ്. ദൈവത്തിൽ നിന്നു സ്വീകരിച്ച സ്നേഹവും ശക്തിയും വഹിച്ചുകൊണ്ട് മലയിറങ്ങുന്നത് അവരെ ദൈവത്തിന്റെ തന്നെ സ്നേഹംകൊണ്ട് സേവിക്കുവാനാണ്. സുവിശേഷം പ്രഘോഷിക്കാനും ജനങ്ങളുടെ വിശ്വാസം ഉണർത്താനും അപ്പസ്തോലന്മാർക്കുണ്ടായിരുന്ന തീക്ഷ്ണത ദരിദ്രർക്കു സേവനം ചെയ്യാൻ പരസ്നേഹവുമായി ഉറ്റബന്ധം പുലർത്തിയിരുന്നുവെന്ന് വിശുദ്ധ ലിഖിതത്തിൽ കാണാം (cf അപ്പ 6:1-4).

സഭയിൽ ധ്യാനവും പ്രവർത്തനവും സുവിശേഷത്തിലെ മറിയത്തിന്റെയും മർത്തയുടെയും പ്രതീകങ്ങളാണ്. അവ രണ്ടും ഒന്നിച്ചു നിലകൊള്ളുന്നു. അവ പരസ്പരപൂരകങ്ങളാണ് (cf ലൂക്ക 10:38-42). ദൈവവുമായുള്ള ബന്ധത്തിനാണ് എപ്പോഴും മുൻഗണന നല്കേണ്ടത്. വസ്തുവകകളുടെ യഥാർത്ഥമായ ഏതു പങ്കുവയ്ക്കലും സുവിശേഷചൈതന്യത്തിൽ, വിശ്വാസത്തിൽ വേരുറച്ചിരിക്കുകയും വേണം (cf General Audience, 25 April 2012).

ചിലപ്പോൾ പരസ്നേഹത്തെ ദൃഢൈക്യമാക്കി ചുരുക്കാനും ദൃഢൈക്യത്തെ കേവലം മാനുഷികതാപരമായ സഹായമാക്കി ചുരുക്കാനും നമുക്കു പ്രവണതയുണ്ടാകാം. എന്നാൽ ഏറ്റവും വലിയ പരസ്നേഹപ്രവർത്തനം സുവിശേഷവത്കരണമാണെന്ന വസ്തുത ഓർമ്മിക്കുക സുപ്രധാന കാര്യമാണ്. അത് വചനശുശ്രൂഷയാണ്: ദൈവവചനത്തിന്റെ അപ്പം മുറിച്ചുനല്കുക സുവിശേഷം പങ്കുവയ്ക്കുക, ദൈവവുമായുള്ള ബന്ധത്തിലേക്കു പ്രവേശിപ്പിക്കുക. ഇതിനെക്കാൾ ഉപകാരപ്രദമോ തന്മൂലം പരസ്നേഹപരമോ ആയ പ്രവൃത്തിയില്ല: സുവിശേഷവത്കരണം മനുഷ്യവ്യക്തിയുടെ ഏറ്റവും ഉന്നതവും ഏറ്റവും സമഗ്രവുമായ വളർത്തലാണ്. ദൈവദാസനായ പോൾ ആറാമൻ മാർപാപ്പാ "ജനതകളുടെ പുരോഗതി" എന്ന ചാക്രികലേഖനത്തിൽ എഴുതിയിട്ടുള്ളതുപോലെ, വികസനത്തിനുള്ള പ്രഥമവും പ്രധാനവുമായ സഹായം ക്രിസ്തുവിനെക്കുറിച്ചുള്ള പ്രബോധനമാണ് (cf n. 16).

ദൈവത്തിനു നമ്മോടുള്ള സ്നേഹമെന്ന പ്രാഥമിക സത്യത്തിൽ ജീവിക്കുകയും അതു പ്രഘോഷിക്കുകയും വേണം. അതാണ് നമ്മുടെ ജീവിതത്തെ ഈ സ്നേഹം സ്വീകരിക്കാൻ സജ്ജമാക്കുന്നതും പൊതുവേ മനുഷ്യവംശത്തിന്റെയും ഓരോ വ്യക്തിയുടെയും സമഗ്ര വികസനം സാധ്യമാക്കുന്നതും (cf സത്യത്തിൽ സ്നേഹം, 8).

സാരാംശപരമായി, എല്ലാം ദിവ്യസ്നേഹത്തിൽ നിന്നു പുറപ്പെടുകയും ദിവ്യസ്നേഹത്തിലേക്കു നയിക്കുകയും ചെയ്യുന്നു. സുവിശേഷ പ്രഘോഷണത്തിലൂടെ ദൈവത്തിന്റെ ഉദാരതാപൂർണമായ സ്നേഹം നമ്മെ അറിയിച്ചിരിക്കുന്നു. നാം അതിനെ വിശ്വാസത്തോടെ സ്വീകരിച്ചാൽ ദൈവവുമായുള്ള പ്രഥമവും അനുപേക്ഷണീയവുമായ സമ്പർക്കം നമുക്കുണ്ടാകുന്നു. "ദിവ്യസ്നേഹവുമായുള്ള സ്നേഹബന്ധം സ്ഥാപിക്കാൻ" അതു നമ്മെ ശക്തരാക്കുന്നു. പിന്നീട് നാം ആ ദിവ്യസ്നേഹത്തിൽ നിവസിക്കുന്നു. അതിൽ വളരുന്നു. സന്തോഷപൂർവം നാം അതു മറ്റുള്ളവർക്കു പകർന്നു നല്കുന്നു.

വിശ്വാസവും പരസ്നേഹപ്രവർത്തനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ഒരു പാഠഭാഗം എഫേസോസുകാർക്കുള്ള ലേഖനത്തിലുണ്ട്. അവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഏറ്റവും നല്ല വിവരണം നല്കുന്നത് അതാണ്: "വിശ്വാസം വഴി കൃപയിലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അതു പ്രവൃത്തികളുടെ ഫലമല്ല. ആരും അതിൽ അഹങ്കരിക്കാതിരിക്കുന്നതിനു തന്നെ. നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ 2:8-10).

രക്ഷാകരമായ മുഴുവൻ പ്രാരംഭവും ദൈവത്തിൽനിന്ന്, അവിടത്തെ കൃപയിൽനിന്ന്, വിശ്വാസത്തിൽ സ്വീകരിച്ച അവിടുത്തെ ക്ഷമയിൽനിന്ന്, വരുന്നുവെന്ന് ഇവിടെ വ്യക്തമായി കാണാം. എന്നാൽ ഈ പ്രാരംഭപ്രവർത്തനം നമ്മുടെ സ്വാതന്ത്ര്യത്തെയും ഉത്തരവാദിത്വത്തെയും പരിമിതപ്പെടുത്തുന്നില്ല. മറിച്ച്, അവയെ യഥാർത്ഥമാക്കുകയും പരസ്നേഹപ്രവർത്തനങ്ങളിലേക്ക് അവയെ നയിക്കുകയുമാണ് ചെയ്യുന്നത്. ഇവ ഒന്നാമതായി മാനുഷികപ്രയത്നത്തിന്റെ ഫലമല്ല. ഇവയിൽ അഹങ്കരിക്കാനില്ല. ഇവ വിശ്വാസത്തിൽ നിന്നു ജനിക്കുന്നു, ദൈവം സമൃദ്ധമായി നല്കുന്ന, കൃപയിൽനിന്ന് ഒഴുകിവരുന്നു.

പ്രവൃത്തി കൂടാത്ത വിശ്വാസം ഫലമില്ലാത്ത വൃക്ഷം പോലെയാണ്. ഈ രണ്ടു സദ്ഗുണങ്ങളും പരസ്പരം ഉൾക്കൊണ്ടിരിക്കുന്നു.

ക്രൈസ്തവജീവിതത്തിന്റെ പരമ്പരാഗത അഭ്യസനങ്ങൾ വഴി ശ്രദ്ധാപൂർവകവും സുദീർഘവുമായ ദൈവവചനശ്രവണവും കൂദാശകളുടെ സ്വീകരണവും വഴി നമ്മുടെ വിശ്വാസത്തെ വളർത്താനും അതേസമയം ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിൽ വളരാനും വലിയ നോമ്പ് നമ്മെ ക്ഷണിക്കുന്നു. ഉപവാസം, പ്രായശ്ചിത്തം, ധർമ്മദാനം എന്നിവയിലൂടെയാണ് അങ്ങനെയുള്ള വളർച്ച നേടേണ്ടത്.

**4. വിശ്വാസത്തിനു മുൻഗണന, പരസ്നേഹത്തിന്റെ പ്രഥമ്യം**

ദൈവത്തിന്റെ ഏതു ദാനവുമെന്നപോലെ വിശ്വാസവും പരസ്നേഹവും ഒരേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ നിന്ന് ഉദ്ഭവിക്കുന്നു (cf 1 കോറി 13). നമ്മുടെ ഉള്ളിൽ "ആബാ പിതാവേ" (ഗലാ 46) എന്നു വിളിക്കുകയും "യേശു കർത്താവാണ്" (1 കോറി 12:3), "കർത്താവേ വന്നാലും" (1 കോറി 16:22; വെളി 22:20) എന്നിങ്ങനെ നമ്മെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് തന്നെ.

ദാനവും പ്രത്യുത്തരവുമെന്ന നിലയിൽ വിശ്വാസം ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം അറിയാൻ നമ്മെ കഴിവുള്ളവരാക്കുന്നു: ക്രിസ്തു മനുഷ്യാവതാരം ചെയ്ത് ക്രൂശിക്കപ്പെട്ടവനാണെന്ന്, പിതാവിന്റെ ഇഷ്ടത്തെ പൂർണമായി അനുസരിച്ചവനാണെന്ന്, അയൽക്കാരനോടുള്ള അനന്തമായ ദൈവീകസ്നേഹമാണെന്ന്, അറിയാൻ കഴിവു നല്കുന്നു. തിന്മയെയും മരണത്തെയും കീഴടക്കാൻ ഈ ദിവ്യസ്നേഹത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന ദൃഢമായ അവബോധം ഹൃദയങ്ങളിലും മനസ്സുകളിലും വിശ്വാസം നട്ടുപിടിപ്പിക്കുന്നു. പ്രത്യാശയെന്നപുണ്യത്തോടെ ഭാവിയിലേക്കു നോക്കാൻ വിശ്വാസം നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം നേടുന്ന വിജയം പൂർണതയിലെത്തുമെന്ന ആത്മാർത്ഥമായ പ്രതീക്ഷയോടെയാണ് അങ്ങനെ ചെയ്യുന്നത്.

ക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവസ്നേഹത്തിലേക്ക് പരസ്നേഹം നമ്മെ ഉണർത്തുന്നു. നിത്യപിതാവിനും തന്റെ സഹോദരീസഹോദരന്മാർക്കും യേശു നടത്തിയ പൂർണവും വ്യവസ്ഥാതീതവുമായ സമർപ്പണത്തിൽ വ്യക്തിപരമായും അസ്തിത്വപരമായും പങ്കുചേരുന്നവരാക്കുന്നു. പരിശുദ്ധാത്മാവ് ഈ സ്നേഹംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ നിറച്ചുകൊണ്ട് യേശുവിനു ദൈവത്തോടുള്ള പുത്രസഹജമായ ഭക്തിയിലും ഓരോ മനുഷ്യനോടുമുള്ള സാഹോദര്യപരമായ ഭക്തിയിലും നമ്മെ പങ്കുകാരാക്കുന്നു (cf റോമ 5:5)

ഇപ്പറഞ്ഞ രണ്ടു സദ്ഗുണങ്ങളും തമ്മിലുള്ള ബന്ധം സഭക ളുടെ രണ്ട് മൗലികകൂദാശകളിൽ പ്രതിബിംബിക്കുന്നുണ്ട്. മാമ്മോദീ സയും കുർബാനയുമാണ് ആ കൂദാശകൾ. മാമ്മോദീസ (വിശ്വാസ ത്തിന്റെ കൂദാശ) കുർബാനയ്ക്ക് (സ്നേഹത്തിന്റെ കൂദാശക്ക്) മുമ്പേ പോകുന്നു. എന്നാൽ അതു കുർബാനയിലേക്കു നയിക്കുന്നതാണ്. കുർബാന ക്രൈസ്തവയാത്രയുടെ പൂർണതയാണല്ലോ. അതുപോലെ വിശ്വാസം പരസ്നേഹത്തിനു മുമ്പേ പോകുന്നു. പക്ഷേ, വിശ്വാസം പരസ്നേഹത്താൽ മുടിചൂടപ്പെടുന്നെങ്കിൽ മാത്രമേ യഥാർത്ഥമാകൂ. വിനയപൂർവം വിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് എല്ലാം തുടങ്ങുന്നു; ദൈവത്താൽ സ്നേഹിക്കപ്പെടുന്നുണ്ടെന്ന വിശ്വാസത്തിൽ നിന്നുതന്നെ. എന്നാൽ പരസ്നേഹത്തിന്റെ സത്യത്തിലേക്ക് എത്തിച്ചേരണം (ദൈവത്തെയും അയൽക്കാരനെയും എങ്ങനെ സ്നേഹിക്കാമെന്ന് അറിയുന്നതിലേക്ക് എത്തിച്ചേരണം). പരസ്നേഹം എല്ലാ സദ്ഗുണ ങ്ങളുടെയും പൂർത്തീകരണമായി എന്നേക്കും നിലകൊള്ളുന്നു (cf 1കോറി 13:13).

പ്രിയ സഹോദരീസഹോദരന്മാരേ, വലിയ നോമ്പുകാലത്ത് കുരി ശിന്റെയും ഉത്ഥാനത്തിന്റെയും സംഭവം അനുസ്മരിക്കാൻ നാം ഒരു ങ്ങുകയാണല്ലോ. ആ സംഭവത്തിൽ ദൈവസ്നേഹം ലോകത്തെ വീണ്ടെ ടുക്കുകയും അതിന്റെ പ്രകാശത്തെ ചരിത്രത്തിന്മേൽ പ്രസരിപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ നിങ്ങൾ എല്ലാവരും വിലപ്പെട്ട ഈ സമയം യേശു ക്രിസ്തുവിലുള്ള വിശ്വാസം വീണ്ടും ഉജ്വലിപ്പിക്കാൻ ചെലവഴിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനോടൊപ്പം പിതാവിനോടുള്ള സ്നേഹത്തിന്റെ പ്രവർത്തനത്തിലേക്കും നമ്മുടെ ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന സഹോദരീസഹോദരന്മാർക്കുവേണ്ടിയുള്ള പ്രവർത്തന ത്തിലേക്കും ഓരോ വ്യക്തിയും കടക്കുന്നതിനുവേണ്ടിയാണത്. ഈ നിയോഗത്തിനായി ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഓരോ വ്യക്തിക്കും ഓരോ സമൂഹത്തിനും കർത്താവിന്റെ ആശീർവാദം ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

വത്തിക്കാനിൽ നിന്ന്,

**ബെനഡിക്ട് 16–ാമൻ മാർപാപ്പാ**

# രൂപതാകച്ചേരി വാർത്തകൾ

## അഭിവന്ദ്യ പിതാവിന്റെ നാമഹേതുകതിരുനാൾ

മാർച്ച് 19-ാം തീയതി തിരുസഭ വി.യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലൊ. യൗസേപ്പ് പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ രൂപത മുഴുവനും വേണ്ടി സ്നേഹപൂർവ്വം നമുക്ക് ആശംസിക്കാം. ഉണ്ണി ഈശോയെയും പരി. മറിയത്തെയും കാത്തുസംരക്ഷിച്ച വി.യൗസേപ്പ് പിതാവ് അഭിവന്ദ്യ പിതാവിനെയും കാത്തുപരിപാലിക്കുകയും തന്റെ സൂക്ഷത്തിന് ഏൽപിച്ചിരിക്കുന്ന മാനന്തവാടി രൂപതയെ നയിക്കുവാനുള്ള ശക്തിയും കൃപയും ഈശോയിൽ നിന്നും വാങ്ങി നൽകണമേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. വി. യൗസേപ്പിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പ് പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ...

## മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം

നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവ് നമ്മെ വിട്ടുപിരിഞ്ഞ് നിത്യസൗഭാഗ്യത്തിനായി യാത്ര ആയിട്ട് ഈ ഏപ്രിൽ 6-ാം തീയതി 10 വർഷം തികയുകയാണല്ലോ. ചില കാരണങ്ങൾകൊണ്ട് നമ്മൾ ഒരു ദിവസം നേരത്തെ അനുസ്മരണ ചടങ്ങ് നടത്തുകയാണ്. 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.00 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തുന്ന തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് കാർമ്മികത്വം വഹിക്കുന്നതാണ്. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ, എല്ലാ ഇടവകകളിലും ഇടവക ചെലവിൽ പിതാവിനു വേണ്ടി വി.കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

## സ്നേഹസ്മരണ

ബഹു. ഫ്രാൻസീസ് വാളായിലച്ചന്റെ ചരമദിനം മാർച്ച് 10-ാം തീയതി ആണല്ലോ. അന്ന് ഞായറാഴ്ച ആയതിനാൽ മാർച്ച് 9 ശനിയാഴ്ച രാവിലെ 7.00 മണിക്ക് സീയോൻ ചാപ്പലിൽ അച്ചനു വേണ്ടിയുള്ള തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

## പാസ്റ്ററൽ കൗൺസിൽ

മാർച്ച് 9 ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ പുതുതായി രൂപീകരിച്ച പാസ്റ്ററൽ കൗൺസിലിന്റെ ആദ്യയോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ക്ഷണക്കത്ത് അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വൈദിക സമ്മേളനം

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ ഒരു സമ്മേളനം മാർച്ച് 12 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ഉച്ച കഴിഞ്ഞ് 3.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചുചേരുന്നതാണ്. എല്ലാ വൈദീകരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## കൂരിയ അവധി

**മാർച്ച് 23 മുതൽ ഏപ്രിൽ 3** വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## മൈനർ ഓർഡേഴ്സ്

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടികൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് മാർച്ച് 25 തിങ്കളാഴ്ച രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നൽകപ്പെടുന്നതായിരിക്കും.

## മേജർ സെമിനാരിക്കാരുടെ സമ്മേളനം

ഇക്കൊല്ലം മേജർ സെമിനാരിക്കാരുടെ സമ്മേളനം ഏപ്രിൽ 2-ാം തീയതി വൈകുന്നേരം 6 മണി മുതൽ 5-ാം തീയതി വരെ കുറുമണി ഇടവകയിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. ഇതിനായി ഒരുക്കങ്ങൾ നടത്തുന്ന കുറുമണി ഇടവക വികാരിയച്ചനേയും ഇടവക സമൂഹത്തേയും നന്ദിയോടെ സ്മരിക്കുന്നു.

### വൈദീകരുടെ സ്ഥലംമാറ്റം

വൈദീകരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് 18 ന് ശനിയാഴ്ച ആയിരിക്കും.

### New E-mail ID

Rev. Fr. Jose Kulirany - E-mail: fkulirany@gmail.com

### വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 7–ാം തീയതി ഞായറാഴ്ചയോ ഏപ്രിൽ 14–ന് ഞായറാഴ്ചയോ നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2012–13 വർഷത്തെ വാർഷിക കണക്കുകൾ അവതരിപ്പിച്ച് പാസ്സാക്കുകയും (2013–14 വർഷത്തേയ്ക്കുള്ള ബഡ്ജറ്റും) 2013–14 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. 2 ഇന്റേണൽ ഓഡിറ്റർമാരെയും തെരഞ്ഞെടുക്കണം. പൊതുയോഗ മിനിട്സും, കണക്കിന്റേയും, ബഡ്ജറ്റിന്റേയും കോപ്പികളും ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീകാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജെടുക്കുക. സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/ 2008, Prot.No. 6414/2008 –ൽ പറഞ്ഞിട്ടുണ്ട്. അതിലെ ചില കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതു തരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റുകൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.

- വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.
- സീറോ മലബാർ സഭയുടെ പള്ളി നടപടിക്രമം 6.1.1. അനുസരിച്ച്

സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

- കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേകപ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പു സഹിതം കഴിഞ്ഞവർഷം ചെയ്തതുപോലെ തന്നെ അയച്ചു തരേണ്ടതാണ്.
- പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനു ശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുൻപായി മേൽപ്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപ്പിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.
- മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവകഫയലിൽ സൂക്ഷിക്കുകയും വേണം.

**ഓഡിറ്റിംഗ്**

കഴിഞ്ഞവർഷം ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC Account ഉള്ളവരും രൂപത വഴി വിദേശസഹായം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ വർഷം ഏപ്രിൽ 22-ാം തീയതി മുതലാണ് ഓഡിറ്റിംഗ് ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്ക് ശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ

ഉച്ചയോടെയും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, വാർഷികതെരട്ടിന്റെ കോപ്പി, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ ആവശ്യത്തിലേയ്ക്ക്, നാൾവഴി, തെരട്ട്ബുക്ക്, വാർഷികതെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, വൗച്ചറുകൾ റസീപ്റ്റ് കുറ്റികൾ എന്നിവയും കൊണ്ടുവരേണ്ടതാണ്. (രൂപതാവിഹിതം കണക്കാക്കുന്നത് വാർഷിക തെരട്ടുകടലാസിലെ വരവിന്റെ A വിഭാഗത്തിലെ ആകെ തുകയിൽ നിന്ന് കൃഷിച്ചിലവ് കുറവ് ചെയ്ത് ലഭിക്കുന്ന തുകയുടെ 10% ആണ്.)

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| കല്ലോടി ഫൊറോന | ഏപ്രിൽ 22 തിങ്കൾ | ബിഷപ്സ് ഹൗസ് |
|---|---|---|
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കൊമ്മയാട് | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| ചുങ്കക്കുന്ന് ഫൊറോന | ഏപ്രിൽ 23 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |

| കല്പറ്റ ഫൊറോന | ഏപ്രിൽ 23 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| കല്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാഴവറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തെനേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെടുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റിപ്പൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടപ്പെട്ടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വൈത്തിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചാരിറ്റി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ലക്കിടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒലിവുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചൂരൽമല (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുന്നംമ്പറ്റ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുഴമുടി (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| മാനന്തവാടി ഫൊറോന | ഏപ്രിൽ 24 ബുധൻ | ബിഷപ്സ് ഹൗസ് |
|---|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 25 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 25 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| മണിമൂളി ഫൊറോന | ഏപ്രിൽ 26 വെള്ളി | മണിമൂളി പാസ്റ്ററൽ സെന്റർ |
|---|---|---|
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent station) | രാവിലെ 9 മുതൽ | " |

| നിലമ്പൂർ ഫൊറോന | ഏപ്രിൽ 26 വെള്ളി | മണിമൂളി പാസ്റ്ററൽ സെന്റർ |
|---|---|---|
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബി നഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| സു. ബത്തേരി ഫൊറോന | ഏപ്രിൽ 29 തിങ്കൾ | ബിഷപ്പ്സ് ഹൗസ് |
|---|---|---|
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 29 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെന്നലോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാവുംമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പന്തിപ്പോയിൽ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 30 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | രാവിലെ 9 മുതൽ | " |
| ചെറുകാട്ടൂർ | രാവിലെ 9 മുതൽ | " |
| ചുണ്ടക്കര | രാവിലെ 9 മുതൽ | " |
| കല്ലുവയൽ | രാവിലെ 9 മുതൽ | " |
| കണിയാമ്പറ്റ | രാവിലെ 9 മുതൽ | " |
| കേണിച്ചിറ | രാവിലെ 9 മുതൽ | " |
| നടവയൽ | രാവിലെ 9 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമ്പാലക്കോട്ട (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 26 വെള്ളി** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |

1) 2011-12 വർഷത്തിലെ പള്ളികളുടെ Audit Report ബിഷപ്സ് ഹൗസിൽ എത്തിയിട്ടുണ്ട്. Audit Fee അടച്ച് റിപ്പോർട്ട് കൊണ്ടു പോകേണ്ടതാണ്.

2) 12. A രജിസ്ട്രേഷൻ ഉള്ള എല്ലാ പള്ളികൾക്കും Pan Card എടുക്കേണ്ടതാണ്. Pan Card ന്റെ 2 ഫോട്ടോ കോപ്പികളും, Pan Card ന്റെ കൂടെ കിട്ടുന്ന സർക്കുലറിന്റെ ഒരു ഫോട്ടോ കോപ്പിയും ബിഷപ്സ് ഹൗസിലെ ഓഫീസിൽ ഏല്പിക്കണെ.

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം 2013 ഫെബ്രുവരി 19 ന് ബിഷപ്സ് ഹൗസിൽ ചേർന്നു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷത വഹിച്ച യോഗം ബഹു. തോമസ് കച്ചിറയിലച്ചന്റെ പ്രാർത്ഥനയോടെ രാവിലെ 10.30 ന് ആരംഭിച്ചു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖ പ്രഭാഷണം നടത്തി. യോഗത്തിന്റെ അജണ്ട ചുരുക്കമായി അഭിവന്ദ്യ പിതാവ് പ്രതിപാദിച്ചു. പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്ഥാന ത്യാഗത്തെ അനുസ്മരിച്ചുകൊണ്ട് മനസ്സിനും ശരീരത്തിനും ഒരുപോലെ ആരോഗ്യമുണ്ടെങ്കിലേ ശരിയായി സഭയെ സ്നേഹിക്കാൻ സാധിക്കുകയുള്ളൂവെന്നും നമ്മുടെ മനസ്സിന് ആരോഗ്യം ഉണ്ടാകണമെങ്കിൽ നമ്മുടെ ചിന്തകൾ പോസിറ്റീവും ക്രിയാത്മകവും ആകണമെന്നും പിതാവ് സൂചിപ്പിച്ചു.

ഊട്ടി പള്ളിയെക്കുറിച്ച് ബഹു. മാത്യു മലയിലച്ചനും കുറുമ്പാലക്കോട്ട സ്വതന്ത്ര കുരിശുപള്ളിയെക്കുറിച്ച് വികാരി ജോസഫ് പരുവുമ്മേലച്ചനും ചുരുക്കി അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്കുശേഷം ഊട്ടി സെന്റ് ജോസഫ് പള്ളിയെയും കുറുമ്പാലക്കോട്ട സെന്റ് ജൂഡ്സ് പള്ളിയെയും ഇടവകയായി പ്രഖ്യാപിക്കാൻ യോഗം അംഗീകാരം നൽകി. പനമരം കേന്ദ്രമായി ഒരു ഇടവക തുടങ്ങുന്നതിനെക്കുറിച്ചുള്ള സാധ്യതകൾ ബഹു. ജനറാളച്ചൻ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ രൂപതയുടെ നേതൃത്വത്തിൽ എത്രയും വേഗം ഒരു ഇടവക തുടങ്ങണമെന്ന് അംഗങ്ങൾ ഐക്യകണ്ഠേന ആവശ്യപ്പെട്ടു. ഈ വരുന്ന മെയ് മാസത്തിൽ തന്നെ പനമരത്ത് ഇടവക തുടങ്ങുവാനുള്ള നടപടികളുമായി മുന്നോട്ടു പോകുവാൻ തീരുമാനിച്ചു.

ക്ലരേഷ്യൻ സഭയിൽപ്പെട്ട ബഹു. റോണി തോട്ടത്തിൽ അച്ചൻ മാനന്തവാടി രൂപതയിൽ incardinate ചെയ്യുവാൻ തന്ന അപേക്ഷ അഭിവന്ദ്യ പിതാവ് യോഗത്തിൽ വായിക്കുകയും അംഗങ്ങളുടെ അഭിപ്രായം ചോദിക്കുകയും ചെയ്തു. ചർച്ചയ്ക്കുശേഷം രൂപതയുടെ

നയമനുസരിച്ച് രൂപതയിൽ ചേരാൻ അനുമതി നൽകാൻ സാധിക്കുകയില്ല എന്ന കാര്യം അച്ചനെ അറിയിക്കാൻ തീരുമാനിച്ചു.

ബഹു. ജോസഫ് കല്ലുങ്കമാക്കലച്ചൻ ജർമ്മനിയിലെ മ്യൂൺസ്റ്റർ രൂപതയിൽ incardinate ചെയ്ത കാര്യവും പെൻഷൻ ആനുകൂല്യങ്ങൾ നഷ്ടപെടാതിരിക്കുവാനും രൂപതാധികാരികളുടെ അനുമതിയോടുകൂടെയാണ് ചേർന്നതെന്നും റിട്ടയർ ചെയ്യുമ്പോൾ അച്ചൻ വിയാനി ഭവനിൽ താമസിക്കാൻ വരുന്നതാണെന്ന കാര്യവും അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിക്കുകയും അംഗങ്ങൾ അംഗീകരിക്കുകയും ചെയ്തു.

ദ്വാരകയിൽ വിയാനിഭവനോടനുബന്ധിച്ചുള്ള വൈദികരുടെ സെമിത്തേരി വിപുലീകരിക്കുന്നതിനെക്കുറിച്ച് ചർച്ച നടന്നു. കൂടുതൽ കല്ലറകൾ പണിയാനുള്ള സ്ഥലം വേർതിരിച്ചിടാനും, സെമിത്തേരിയുടെ പ്ലാൻ തയ്യാറാക്കാനും തീരുമാനിച്ചു. തത്ക്കാലം കല്ലറകൾ പണിയാതെ പൂന്തോട്ടം പോലെ പരിപാലിച്ചാൽ മതി എന്ന് തീരുമാനിച്ചു. വൈദിക സെമിത്തേരിയോട് ചേർന്നുള്ള ദ്വാരക ഇടവക സെമിത്തേരിയിൽ വോൾട്ട് രീതിയിൽ പുതിയ കല്ലറ സമുച്ചയം നിർമ്മാക്കാനുള്ള അപേക്ഷയ്ക്ക് കൂരിയ അംഗീകാരം നൽകിയിട്ടില്ല എന്ന കാര്യം ബഹു. ജനറാളച്ചൻ യോഗത്തെ അറിയിച്ചു.

2013 ഏപ്രിൽ 15 മുതൽ 18 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ബഹു. സേവ്യർഖാൻ വട്ടായിലച്ചന്റെ നേതൃത്വത്തിൽ നടത്തുവാൻ പോകുന്ന ബൈബിൾ കൺവെൻഷനെക്കുറിച്ച് സിയോൻ ഡയറക്ടറും കൺവെൻഷന്റെ ജനറൽ കൺവീനറുമായ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ സംസാരിച്ചു. ദൂരെ നിന്നും വരുന്നവർക്ക് താമസസൗകര്യം ഏർപ്പാടുചെയ്യണമെന്ന് ചില അംഗങ്ങൾ സൂചിപ്പിച്ചു. കുമ്പസാരത്തിന് സഹായിക്കാൻ ഓരോ ദിവസവും ഫൊറോന തലത്തിൽ വൈദികരെ ക്രമീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

നെയോ കാറ്റെക്യുമെനേറ്റ് ഇടവകയിൽ തുടങ്ങുവാൻ താല്പര്യമുണ്ടെങ്കിൽ അറിയിക്കണമെന്ന് പിതാവ് സൂചിപ്പിച്ചു. നമ്മുടെ അജപാലന സാഹചര്യങ്ങൾക്ക് യോജിക്കാൻ സാധ്യതയില്ലാത്തതുകൊണ്ട് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടായെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

വൈദികപരിശീലനത്തെക്കുറിച്ച് മൈനർ സെമിനാരി റെക്ടർ ബഹു. തോമസ് കച്ചിറയിലച്ചൻ സംസാരിച്ചു. 2015 മുതൽ മേജർ

സെമിനാരികളിൽ പ്രവേശനം കിട്ടണമെങ്കിൽ ഡിഗ്രി പാസായിരിക്കണമെന്ന നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്നതിനാൽ മൈനർ സെമിനാരി പരിശീലനത്തിനുശേഷം ഡിഗ്രിക്കാരെ എങ്ങനെ പഠിപ്പിക്കണമെന്ന് ചിന്തിക്കണമെന്ന് അച്ചൻ ചൂണ്ടിക്കാട്ടുകയും അച്ചൻ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തു. 1. വീടുകളിൽ താമസിച്ച് ഡിഗ്രി പഠിക്കുക, 2. സ്ഥാപനങ്ങളിൽ താമസിച്ച് ഡിഗ്രി പഠിക്കുക, 3. മറ്റ് ക്രമീകരണങ്ങളെക്കുറിച്ച് ചിന്തിക്കുക.

ബിഷപ്സ് ഹൗസ്, സെമിനാരി എന്നിവയോട് ചേർന്നുള്ള രൂപതാവക സ്ഥലത്ത് നിലവിലുള്ള ചെറിയ കെട്ടിടങ്ങളിൽ ഗ്രൂപ്പുകളായി വൈദിക വിദ്യാർത്ഥികളെ താമസിപ്പിക്കാനും പഠന സൗകര്യമൊരുക്കാനും നിർദ്ദേശമുണ്ടായി.

ഇടവകയുടെ കണക്കുകൾ സ്വകാര്യ ഓഡിറ്റേഴ്സിനെകൊണ്ട് ഓഡിറ്റ് ചെയ്യിക്കുന്ന കാര്യം ചർച്ചയ്ക്കുവന്നു. പൊതുവായ ഓഡിറ്റേഴ്സ് ആയിരിക്കും നല്ലതെന്നും ഇപ്പോൾ സ്വകാര്യ ഓഡിറ്റേഴ്സിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുന്നവർക്ക് തുടരാമെന്നും അല്ലാത്തവർ രൂപതയിൽ നിന്നും നിശ്ചയിക്കുന്ന ഓഡിറ്റേഴ്സിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കണമെന്നും തീരുമാനിച്ചു. മാസതെരട്ടുകൾ കൃത്യമായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരുവാൻ വേണ്ട നിർദ്ദേശം ബഹു. ഫൊറോന വികാരിമാർ മാസധ്യാന അവസരത്തിൽ നൽകണമെന്ന കാര്യം ജനറാളച്ചൻ അറിയിച്ചു.

തുടർന്ന് നടന്ന പൊതു ചർച്ചയിൽ വയനാട്ടിലെ വരൾച്ചയെക്കുറിച്ചും കടുവാ പ്രശ്നത്തെക്കുറിച്ചും അംഗങ്ങൾ ഉൽകണ്ഠ രേഖപ്പെടുത്തി. ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ അഭിവന്ദ്യ പിതാവ് നിയോഗിച്ചത് പ്രശംസാർഹമാണെന്ന് യോഗം ചൂണ്ടിക്കാട്ടി.

പ്രസ്ബിറ്ററൽ കൗൺസിലിൽ നിന്നും രൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് കഴിഞ്ഞ യോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവർ റവ. ഫാ. അഗസ്റ്റിൻ ചേമ്പാല, റവ. ഫാ. ബാബു മാപ്ലശേരി, റവ.ഫാ. തോമസ് തൈക്കുന്നുംപുറം, റവ. ഫാ. ജെയിംസ് കുളത്തിനാൽ, റവ. ഫാ. വിൻസെന്റ് താമരശ്ശേരിൽ എന്നിവരാണെന്ന് ബഹു. ജനറാളച്ചൻ ഓർമ്മിപ്പിച്ചു.

ഒരു നൊവേനയ്ക്ക് പലരിൽ നിന്നും തുക വാങ്ങുന്നത് ശരിയായ

നടപടിയല്ലായെന്ന് യോഗം വിലയിരുത്തി. തിരുനാളുകൾക്ക് ആർഭാടങ്ങൾ കുറയ്ക്കണമെന്നും ഒരു നൊവേനയ്ക്ക് പലരിൽ നിന്നും വാങ്ങുന്ന രീതി ഒഴിവാക്കണമെന്നും ഒരു ദിവസത്തെ തിരുനാളിന് പല പ്രസുദേന്തിമാർ ആവാമെന്നും യോഗം സൂചിപ്പിച്ചു.

എല്ലാ കാര്യത്തിലും രൂപതയിൽ നിന്ന് ലഭിക്കുന്ന പൊതുനിർദ്ദേശങ്ങൾ അനുസരിക്കുന്ന കാര്യത്തിൽ വൈദികർ കൂടുതലായി ശ്രദ്ധിക്കണമെന്ന് യോഗം വിലയിരുത്തി.

പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി  ഫാ. ജോസഫ് പരുവുമ്മേൽ യോഗത്തിൽ നന്ദി രേഖപ്പെടുത്തി. 2.00 മണിക്ക് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# വിശ്വാസവർഷം

YEAR OF FAITH 2012 2013

**2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24**

## അനുരഞ്ജന നോമ്പാചരണത്തിന്റെ അനിവാര്യഘടകം

നോമ്പാചരണം ഏതൊരു വ്യക്തിയുടെയും ജീവിതവിശുദ്ധീകരണത്തിനുള്ള ഒരു മാർഗ്ഗമാണ്. അനുതാപവും പ്രായശ്ചിത്തവും, അനുരഞ്ജനവുമെല്ലാം ഇതിന്റെ ഭാഗവുമാണ്. അങ്ങനെയെങ്കിൽ ഈശോ സ്ഥാപിച്ച അനുരഞ്ജനകൂദാശയുടെ സ്വീകരണം ഈ വിശ്വാസവർഷത്തിൽ, പ്രത്യേകിച്ച് ഈ നോമ്പുകാലത്ത് എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നു മനസ്സിലാക്കുക ഉചിതമാണ്.

കുമ്പസാരം എന്ന കൂദാശ അനുരഞ്ജനത്തിന്റെ കൂദാശ എന്ന് വിളിക്കപ്പെടാനുള്ള കാരണം നമ്മെ അനുരഞ്ജിപ്പിക്കുന്ന ദൈവത്തിന്റെ ജീവൻ പാപികളായ നമുക്ക് പ്രദാനം ചെയ്യുന്നതിനാലാണ്. (2 Cor. 5:20) "അനുതാപകൂദാശയ്ക്ക് അണയുന്നവർ ദൈവത്തിനെതിരായി ചെയ്ത പാപങ്ങൾക്ക് അവിടുത്തെ കരുണയിൽ നിന്ന് പൊറുതി പ്രാപിക്കുകയും പാപംവഴി തങ്ങൾ മുറിവേൽപ്പിച്ച സഭയുമായി രമ്യപ്പെടുകയും ചെയ്യുന്നു. സഭയാകട്ടെ സ്നേഹവും, മാതൃകയും പ്രാർത്ഥനയും വഴി അവരുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു." (LG. 11/2)

ഏതൊരു ക്രൈസ്തവനും അവന്റെ ക്രൈസ്തവജീവിതത്തിന്റെ ആരംഭത്തിൽ സ്വീകരിച്ച പുതുജീവൻവഴി മനുഷ്യപ്രകൃതിയുടെ ക്ഷണഭംഗുരതയെയോ, ദുർബലതയെയോ ഇല്ലാതാക്കിയിട്ടില്ല. പാപം ചെയ്യാനുള്ള പ്രവണത ഏതൊരു മനുഷ്യനിലും ഉണ്ട്. അതിനുള്ള സാഹചര്യം ലോകത്തിൽ നിലനിൽക്കുന്നുമുണ്ട്. ഇത് ക്രൈസ്തവജീവിത സമരത്തിൽ ക്രിസ്തുവിന്റെ കൃപാവരസഹായത്തോടുകൂടി അവർ സ്വയം തെളിയിക്കേണ്ടതിനാണ്. വിശുദ്ധിയിലേക്കും നിത്യജീവനിലേക്കുമുള്ള മാനസാന്തരത്തിനുള്ള സമരമാണിത് (ccc-1426)

മാനസാന്തരത്തിലേക്കും, പ്രായശ്ചിത്തത്തിലേക്കുമുള്ള യേശുവിന്റെ വിളി ഹൃദയത്തിന്റെ മാനസാന്തരത്തെ അഥവാ ആന്തരിക അനുതാപത്തെയാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതുകൂടാതെയുള്ള പ്രായശ്ചിത്ത പ്രവൃത്തികൾ ഫലരഹിതവും വ്യാജവുമായിരിക്കും. ആന്തരികമായ പശ്ചാത്താപം, ഒരു തിരിച്ചുവരവും, ദൈവത്തിലേക്കുള്ള മാനസാന്തരവും, ഉപരിപാപത്തിൽ നിന്നുള്ള പിന്തിരിയലുമാണ്. അതോടൊപ്പംതന്നെ ദൈവത്തിന്റെ കരുണയിലുള്ള പ്രത്യാശയോടും അവിടുത്തെ കൃപാവരത്തിലുള്ള ആശ്രയബോധത്തോടുംകൂടി ജീവിതത്തിൽ പരിവർത്തനം വരുത്തുവാനുള്ള ആഗ്രഹവും തീരുമാനവുമാണ്.

അനുതാപത്തിന്റെ പ്രവൃത്തികളായി തിരുസഭ പഠിപ്പിക്കുന്ന കാര്യങ്ങൾ ഏറെ ശ്രദ്ധേയമാണ്. "പാപി എല്ലാ സംഗതികളും സന്മനസ്സോടെ സഹിക്കുകയും ഹൃദയത്തിൽ മനസ്താപമുണ്ടായിരിക്കുകയും അധരങ്ങൾ കൊണ്ട് ഏറ്റുപറയുകയും സമ്പൂർണ്ണമായ വിനയവും ഫലദായകമായ പരിഹാരപ്രവൃത്തിയും അഭ്യസിക്കുകയും ചെയ്യണം" (ccc. 1450). അനുതാപിയുടെ പ്രവൃത്തികളിൽ ഒന്നാംസ്ഥാനം മനസ്താപത്തിനാണ്. ഇത് ആത്മാവിന്റെ ദു:ഖവും ചെയ്ത പാപത്തോടുള്ള വെറുപ്പും വീണ്ടും പാപം ചെയ്യുകയില്ലെന്ന പ്രതിജ്ഞയുമാണ്.

ഈ കൂദാശ സ്വീകരിക്കുന്നതിന് ഒരുക്കമായി ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഏതൊരു വിശ്വാസിയും ആത്മപരിശോധന നടത്തേണ്ടത് അനിവാര്യമാണ്. ഇതിന് ഏറ്റവും അനുയോജ്യമായ വി.ഗ്രന്ഥഭാഗങ്ങൾ പത്തു കല്പനകളിലെയും, സുവിശേഷങ്ങളിലെയും അപ്പസ്തോലന്മാരുടെ ലേഖനങ്ങളിലെയും സന്മാർഗ്ഗപ്രബോധനങ്ങളിൽ നാം കാണുന്നു.

പാപങ്ങളുടെ ഏറ്റുപറച്ചിൽ സ്വയം അംഗീകരിക്കാനും, മറ്റുള്ളവരുമായി രമ്യപ്പെടാനും, ചെയ്ത തെറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാനും, അതുവഴി തന്നെതന്നെ ദൈവത്തിലേയ്ക്കും, സഭയുടെ സംസർഗ്ഗത്തിലേയ്ക്കും വീണ്ടും തുറവിയുള്ളവനാക്കുകയും ചെയ്യും. സ്വന്തം പാപങ്ങൾ വൈദികനോട് കുമ്പസാരത്തിൽ ഏറ്റുപറയുക എന്നത് അനുതാപകൂദാശയുടെ സത്താപരമായ ഒരു ഘടകമാണ് "ക്രിസ്തീയ വിശ്വാസികൾ, തങ്ങൾക്ക് ഓർക്കാൻ കഴിയുന്ന സകല പാപങ്ങളും ഏറ്റുപറയുവാൻ ശ്രമിക്കുമ്പോൾ, തീർച്ചയായും അവർ അവയെല്ലാം, മാപ്പിനുവേണ്ടി ദൈവീക കരുണയ്ക്ക് മുമ്പിൽ സമർപ്പിക്കുകയാണ്. എന്നാൽ അപ്രകാരം ചെയ്യുന്നതിൽ പരാജയപ്പെടുകയും ചില പാപങ്ങളെ മന:പൂർവ്വം മറച്ചുവയ്ക്കുകയും ചെയ്യുന്നവർ, ദൈവീക

നന്മയുടെ മുമ്പിൽ, വൈദികന്റെ മാദ്ധ്യസ്ഥംവഴി മാപ്പിനായി യാതൊന്നും സമർപ്പിക്കുന്നില്ല" (ccc. 1456).

പല പാപങ്ങളും നമ്മുടെ അയൽക്കാരനെ നേരിട്ടോ അല്ലാതെയോ ദ്രോഹിക്കുന്നു. ആ ദ്രോഹം പരിഹരിക്കുവാൻ സാധ്യമായതെല്ലാം ചെയ്യണം. ഇത് കേവലനീതി ആവശ്യപ്പെടുന്ന കാര്യമാണ്. പാപമോചനശീർവ്വാദം എല്ലാ പാപത്തെയും നീക്കുന്നു. എന്നാൽ പാപം ഉണ്ടാക്കിയിട്ടുള്ള എല്ലാ ക്രമരാഹിത്യത്തെയും പരിഹരിക്കുന്നില്ല. തന്റെ പാപത്തിന് പ്രതിവിധിയായി എന്തെങ്കിലും കൂടുതൽ ചെയ്തുകൊണ്ട് ഓരോരുത്തരും പരിഹാരം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു.

നോമ്പുകാലം ദൈവത്തോടും സഭയോടും പ്രകൃതിയോടും തന്നോടും അനുരഞ്ജനപ്പെടുവാൻ ഈ കൂദാശ സ്വീകരണം അനുഗ്രഹദായകമാകട്ടെ.

**ഫാ. ബെന്നി മുതിരക്കാലായിൽ**
വിശ്വാസവർഷാചരണകമ്മിറ്റി കൺവീനർ

# ദൈവവിളി ക്യാമ്പുകൾ

മാനന്തവാടി വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹനിർഭരമായ ആശംസകൾ...

ദൈവവിളിയെക്കുറിച്ചും അതിന്റെ പ്രത്യുത്തരങ്ങളെക്കുറിച്ചും കൂടുതലായി ചിന്തിക്കുകയും, ധ്യാനിക്കുകയും, പ്രാർത്ഥിക്കുകയും കണ്ടെത്തുകയും ചെയ്യുന്നതിന് സഹായകമായി നമ്മുടെ രൂപതാ വൊക്കേഷൻ ബ്യൂറോ ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ആൺകുട്ടികൾക്കായുള്ള ക്യാമ്പ്**

**ക്യാമ്പ് I**

**പങ്കെടുക്കേണ്ട ഫൊറോനകൾ**

മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയനുകൾ.

**ക്യാമ്പ് നടക്കുന്ന സ്ഥലം**

റീജിയണൽ പാസ്റ്ററൽ സെന്റർ മണിമൂളി.

**തീയതി**

2013 ഏപ്രിൽ 3-ാം തീയതി 9.30 മുതൽ വൈകുന്നേരം 4 pmവരെ.

**ക്യാമ്പ് II**

**പങ്കെടുക്കേണ്ട ഫൊറോനകൾ**

ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്.

**ക്യാമ്പ് നടക്കുന്ന സ്ഥലം**

മൗണ്ട് മേരി കോളേജ് മാനന്തവാടി (മൈനർ സെമിനാരി)

**തീയതി**

2013 ഏപ്രിൽ 5-ാം തീയതി വൈകുന്നേരം 4 മണി മുതൽ 7-ാം തീയതി രാവിലെ 10 മണി വരെ.

**ക്യാമ്പ് III**

**പങ്കെടുക്കേണ്ട ഫൊറോനകൾ**

കല്പ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻ ബത്തേരി.

**ക്യാമ്പ് നടക്കുന്ന സ്ഥലം**

മൗണ്ട് മേരി കോളേജ് മാനന്തവാടി.

**തീയതി**

2013 ഏപ്രിൽ 7-ാം തീയതി വൈകുന്നേരം 4 മണി മുതൽ 9-ാം തീയതി 10 മണി വരെ.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം.

2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാനാഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം. അവരുടെ സന്ദർശന സമയം ക്യാമ്പുകളുടെ രണ്ടാമത്തെ ദിവസം ഉച്ച കഴിഞ്ഞ് 2 മണി മുതൽ 2.30 വരെയാണ്. ആദ്യ ക്യാമ്പിന്റെ സന്ദർശന സമയം 3-ാം തീയതി ഉച്ചയ്ക്ക് 2 മണിക്കായിരിക്കും.

3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് 150 രൂപയായിരിക്കും.

## പ്രത്യേക അറിയിപ്പ്

1. 9-2-13 ന് ചേർന്ന രൂപതയിലെ വൊക്കേഷൻ പ്രൊമോട്ടേഴ്സ് സിസ്റ്റേഴ്സിന്റെ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് ഈ വർഷം പെൺകുട്ടികൾക്കായുള്ള രൂപതാ ക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല.
2. നമ്മുടെ രൂപതയിൽ നിന്ന് മറ്റ് സ്ഥലങ്ങളിലേയ്ക്ക് ദൈവവിളി സ്വീകരിച്ച് പോകുന്ന ആൺകുട്ടികളും പെൺകുട്ടികളും N.O.C. ഫോം വാങ്ങുന്നതിനായി രൂപതാ വൊക്കേഷൻ പ്രമോട്ടറായ ഫാ. തോമസ് കച്ചിറയിലച്ചനുമായി ബന്ധപ്പെടേണ്ടതാണ്.
3. ദൈവവിളി ക്യാമ്പുകളിലേയ്ക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**വൊക്കേഷൻ പ്രൊമോട്ടർ**

അഡ്രസ്സ് : മൗണ്ട് മേരി കോളേജ് (മൈനർ സെമിനാരി)
ബിഷപ്പ്സ് ഹൗസ്, P. B. No. 1
മാനന്തവാടി, വയനാട് - 670 645
ഫാ. തോമസ് കച്ചിറയിൽ, Mob: 9446892434
ഫാ. ജോസഫ് കളമ്പുകാട്ട്, Mob: 9947959977

## Come and See

നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ ചേരുവാൻ താത്പര്യമുള്ള കുട്ടികൾക്കായി മാത്രം നടത്തപ്പെടുന്ന Come and See പ്രോഗ്രാം 2013 ഏപ്രിൽ മാസം 20-ാം തീയതി വൈകുന്നേരം 4 മണി മുതൽ 22-ാം തീയതി 10 മണി വരെ നമ്മുടെ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ചു നടത്തപ്പെടുന്നു. നമ്മുടെ സെമിനാരിയിൽ ചേരുവാനുള്ള കുട്ടികളെ ഈ പ്രോഗ്രാമിലേയ്ക്ക് പറഞ്ഞയക്കുവാൻ അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണേ! സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. തോമസ് കച്ചിറയിൽ** - റെക്ടർ

# മതബോധനരംഗം

2012-13 അധ്യയനവർഷത്തിന്റെ അവസാനമാസത്തിലാണ് നാം എത്തിനിൽക്കുന്നത്. ഒരുവർഷം നീളുന്ന അധ്യയനവർഷത്തിന്റെ അവസാനമാസം ഓശാന, വലിയ ആഴ്ച, ഈസ്റ്റർ ആഘോഷങ്ങളും ഉൾപ്പെടുന്നു. HDC, HCC പരീക്ഷകൾ ഇതിനോടകം നടന്നുകഴിഞ്ഞു. ഈ പ്രവർത്തനവർഷത്തിൽ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് പ്രത്യേകം നന്ദി പറയാം.

**HCC മൂല്യനിർണ്ണയ ക്യാമ്പ്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ക്രിസ്റ്റ്യൻ ചെയറിന്റെ കീഴിൽ നടത്തുന്ന +1, +2 പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയക്യാമ്പ് മാർച്ച് 9, 10 ദിവസങ്ങളിൽ ക്രിസ്റ്റ്യൻ ചെയറിന്റെ നേതൃത്വത്തിൽ നടത്തുന്നു. ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ 9-ാം തീയതി 9 മണിക്ക് മുമ്പായി എത്തിച്ചേരണം. 10-ാം തീയതി വൈകുന്നേരം 4 മണിവരെയായിരിക്കും ക്യാമ്പ്.

**പരീക്ഷാപഠന ശില്പശാല; വാർഷിക പരീക്ഷ**

ഈ വർഷത്തെ സൺഡേസ്കൂൾ, വാർഷികപരീക്ഷ ഏപ്രിൽ മാസം 2-ാം തീയതിയാണ്. I-IX, ക്ലാസുകാർക്ക് 2-ാം തീയതി രാവിലെ 10 മണിമുതൽ 12 മണിവരെയാണ് പരീക്ഷ. X-ാം ക്ലാസ് Diploma, VII, IV, Scholarship പരീക്ഷകൾ അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2-മണിമുതൽ 4 മണിവരെയാണ്.

ഏപ്രിൽ 1-ാം തീയതി എല്ലാ കുട്ടികൾക്കും പരീക്ഷയ്ക്ക് ഒരുക്കമായി ഒരു ദിവസത്തെ 'പരീക്ഷാപഠന ശില്പശാല' നടത്തുവാൻ ശ്രദ്ധിക്കണം. അതിനായി എല്ലാ അധ്യാപർക്കും ഈ വർഷത്തിന്റെ ആരംഭത്തിൽ തന്നിരിക്കുന്ന പാഠാധിഷ്ഠിത ലീഫ്ലെറ്റ് ഉപയോഗിക്കണം. അതിൽനിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടാകും.

**ഫൊറോന നേതൃത്വത്തിന് നന്ദി**

HCC പരീക്ഷകൾ കൃത്യതയോടെ ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തിയതിന് ബഹു.ഫൊറോന ഡയറക്ടർമാർ, സെക്രട്ടറിമാർ, ടീം

അംഗങ്ങൾ, സൂപ്പർവിഷന് സഹായിച്ച അധ്യാപകർ, പരീക്ഷകേന്ദ്രങ്ങളിലെ ബഹു. വികാരിയച്ചന്മാർ... എല്ലാവർക്കും ഹൃദയപൂർവ്വമായ നന്ദി അറിയിക്കുന്നു.

**HDC പരീക്ഷകൾ**

HDC എഴുത്ത് പരീക്ഷ, വാചാപരീക്ഷ എന്നിവ നടത്തുവാൻ നേതൃത്വം നൽകുന്ന രൂപതാടീം അംഗങ്ങൾക്കും, മണിമൂളി ഫൊറോന മതബോധന സെക്രട്ടറി ശ്രീ. പോൾ മുട്ടംതോട്ടിൽ സാറിനും, നന്ദി അറിയിക്കുന്നു. HDC കോഴ്സ് പൂർത്തിയാക്കിയവർക്ക് അഭിനന്ദനങ്ങൾ.

**DCC Contact Class & Exam**

DCC പഠിതാക്കളുടെ അടുത്ത ക്ലാസും പരീക്ഷയും മെയ് 5-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ക്രമീകരിച്ചിരിക്കുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ. അവരുടെ അസൈൻമെന്റ് ഏപ്രിൽ 30-ന് മുമ്പ് ഓഫീസിൽ എത്തിക്കണം.

**ജൂബിലേറിയൻസ്**

2012-13 വർഷത്തിൽ മതാധ്യാപനരംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന അധ്യാപകരുടെ പേര് വിവരങ്ങളും ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും ഏപ്രിൽ 15 ന് മുമ്പായി വികാരിയച്ചന്മാരുടെ സാക്ഷ്യപത്രത്തോടൊപ്പം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

**ഇന്റേണൽ അസ്സസ്സ്മെന്റ്**

X- ാം ക്ലാസ് (ഡിപ്ലോമ) കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക്, രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിതഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി ഒരു പ്രത്യേക കവറിലാക്കി ഉത്തരക്കടലാസ്സിനോടൊപ്പം ഓഫീസിൽ എത്തിക്കണം.

**ചോദ്യപേപ്പറുകൾ**

മാർച്ച് 30-ാം തീയതി രാവിലെ 10 മണി മുതൽ 5 മണിവരെ രൂപതാ ഓഫീസിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

ചുങ്കക്കുന്ന്, മാനന്തവാടി, പയ്യംമ്പള്ളി ഫൊറോനകൾ മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും മറ്റുള്ളവർ രൂപതാ ഓഫീസിൽ നിന്നുമാണ് ചോദ്യപേപ്പർ എടുക്കേണ്ടത്.

**HCC, HDC Result**

ഫെബ്രുവരി മാസത്തിൽ നടത്തിയ HCC, HDC പരീക്ഷകളുടെ റിസൾട്ട് നമ്മുടെ രൂപതയുടെ Website- ൽ പ്രസിദ്ധീകരിക്കാൻ ശ്രമിക്കുന്നുണ്ട്. www.diocesemdy.org ഈ site ൽ Result-2013 ശ്രദ്ധിക്കുക. മാർച്ച് 25-ന് ശേഷമായിരിക്കും പ്രസിദ്ധീകരിക്കുക.

## Revaluation

HCC പരീക്ഷയുടെ പേപ്പർ പുനർനിർണ്ണയത്തിന് ഏപ്രിൽ 10-ന് മുമ്പ് 50 രൂപ ഫീസോടുകൂടി അപേക്ഷ എഴുതി നൽകണം. അതിന്ശേഷം വരുന്ന ഒരു അപേക്ഷയും സ്വീകരിക്കുകയില്ല.

## ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷ

ഒരോ ഇടവകയിലെയും പരീക്ഷാ നടത്തിപ്പിന്റെ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു.വികാരിയച്ചന്മാർക്കും, ഹെഡ്മാസ്റ്റർ മാർക്കുമായിരിക്കും. ഓരോ ഇടവകയിലേക്ക് സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, മതാധ്യാപനരംഗത്ത് 5 വർഷമെങ്കിലും പരിചയ മുള്ളവരെയോ ആണ് പരീക്ഷ നടത്തിപ്പിന് നിയോഗിക്കേണ്ടത്. ഓരോ ഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ ലിസ്റ്റ് മാർച്ച് 20-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സൂപ്പർവിഷന് പോകുന്നവർ പ്രധാനാധ്യാപകരുടെ കൈവശം രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കണം.

## ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷയ്ക്കുവേണ്ടിയുള്ള സൂപ്പർ വൈസർമാർക്കുള്ള നിർദ്ദേശങ്ങൾ

### 1. പരീക്ഷയ്ക്ക് മുമ്പ്

1) പരീക്ഷാസമയത്തിനു മുമ്പായി പരീക്ഷാകേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരി, ഹെഡ്മാസ്റ്റർ എന്നിവരെ അറിയിക്കുക.
2) നിങ്ങൾക്ക് ഫൊറോനാകേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈയിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3) ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പുവരുത്തുക.
4) പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, രജിസ്റ്റർ നമ്പറുകൾ ക്രമമായി എഴുതിയിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തിക്കുക.
5) രൂപതാമതബോധനകേന്ദ്രം നിശ്ചയിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

### 2. പരീക്ഷാഹാളിൽ

1) 15 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരുത്തണം.

2) രജിസ്റ്റർ നമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിട്ടിലധികം താമസിച്ചുവരുന്നവരേയും എഴുതാൻ അനുവദിക്കണമെന്നില്ല.
3) രജി. ഫോറത്തിൽ നമ്പറിട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം രൂപതാ കേന്ദ്രത്തിൽ അറിയിക്കുക.
4) ഉത്തരക്കടലാസുകൾ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം.
5) രജിസ്റ്റർനമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതാൻ പറയുക. പേരോ മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.
6) ഉത്തരപേപ്പറിന്റെ രണ്ടു പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർവൈസറുടെ ഒപ്പുള്ള പേപ്പറിലേ എഴുതാവൂ എന്നും വ്യക്തമായി പറയണം (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക.)
7) പാഠപുസ്തകം, നോട്ടുബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.
8) പരീക്ഷാസമയത്തിന് 5 മിനിട്ട് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിധ്യത്തിൽ പൊട്ടിയ്ക്കുക. പാക്കറ്റിന് സാരമായ കേടുപാടുകളോ സംശയസാഹചര്യമോ ഉണ്ടെങ്കിൽ അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും രൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
9) കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക, രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. (പരസ്പരം മാറ്റാതിരിക്കാൻ)
10) വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.
11) പരീക്ഷ തീരുന്നതിന് 5 മിനിട്ട് മുമ്പ് ബെല്ലടിച്ച് പേപ്പർ തുന്നിക്കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.
12) പരീക്ഷാസമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരി എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

**3. പരീക്ഷ കഴിഞ്ഞാൽ**

1) പേപ്പറുകൾ വാങ്ങി, എഴുതി നിറുത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക.

2) നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസുകളുടേത് പ്രത്യേകം അടുക്കുക.
3) പേപ്പർ പായ്ക്ക് ചെയ്യുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ഒരു പേപ്പറിൽ കുറിച്ച് അതിനു ചുവടെ സൂപ്പർവൈസറുടെ പേരും, ഒപ്പും ഇട്ട് റിപ്പോർട്ടിനൊപ്പം പ്രത്യേക കവറിൽ ഇട്ട പേപ്പർ പായ്ക്ക്ചെയ്ത കവറിനൊപ്പം വയ്ക്കുക.
a) ആകെ രജിസ്റ്റർ ചെയ്തവർ (10, 4, 7)
b) ആകെ പരീക്ഷ എഴുതിയവർ (10, 4, 7)
c) ഹാജരാകാത്തവരുടെ എണ്ണം (നമ്പറുകൾ)
d) ആകെ അയയ്ക്കുന്ന കടലാസുകൾ (10, 4, 7)
e) ഫാൾസ് നമ്പറുകളുണ്ടെങ്കിൽ അക്കാര്യം
f) സൂപ്പർവൈസറുടെ പേര്, ഒപ്പ്
4) പരീക്ഷാ നടത്തിപ്പുസംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്റർ/വികാരിയെക്കൊണ്ട് ഒപ്പിടുവിച്ച് രൂപതയ്ക്ക് സൂപ്പർവൈസർ നൽകണം. ഇത് ആധികാരിക രേഖയാണ്.
5) മേൽപ്പറഞ്ഞ വിധം പേപ്പർ അടുക്കിപ്പൊതിഞ്ഞ് തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽചെയ്ത് ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുക.
6) കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക് ചെയ്ത് ഉത്തര കടലാസിനോടൊപ്പം ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം. (ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക).
7) നിങ്ങളുടെ യാത്രാചെലവ്, പരീക്ഷാകേന്ദ്രത്തിൽ നിന്നും വാങ്ങണം.
8) ഉത്തരപേപ്പറുകൾ അന്നോ, പിറ്റേന്നോ ഹെഡ്മാസ്റ്റർ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്. എന്നാൽ അക്കാര്യം ഫൊറോനാ ഡയറക്ടറെ അറിയിച്ചിരിക്കണം.
9) മേഖലാസെക്രട്ടറി അടുത്തദിവസം തന്നെ മേഖലയിൽനിന്നുള്ള പേപ്പറുകൾ രൂപതയിലെത്തിക്കണം.
10) പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.
11) സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിട്ട് കാത്തിട്ട് ഹെഡ്മാസ്റ്റർ, വികാരി എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽപറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## കത്തോലിക്കാ മാതൃസംഘടന രൂപതാതല ബൈബിൾവാക്യ പഠന മത്സരസഹായി

1. 'നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുവിൻ; നാളെ നിങ്ങളുടെയിടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും ; – ജോഷ്വ 3/5
2. കർത്താവ് ജോസഫിനോടുകൂടി ഉണ്ടായിരുന്നു. എല്ലാ കാര്യങ്ങളിലും അവന് ശ്രേയസ് ഉണ്ടായി – ഉൽപ്പ. 39/2
3. എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ട. കാരണം, ജീവൻ നിലനിർത്താൻ വേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്ക് മുമ്പേ ഇങ്ങോട്ടയച്ചത്. – ഉൽപ്പ. 45/5.
4. എനിക്ക് ഒരു ചെലവും ഇല്ലാത്ത ദഹനബലി എന്റെ ദൈവമായ കർത്താവിന് ഞാൻ അർപ്പിക്കുകയില്ല. – 2 സാമു. 24/24.
5. കർത്താവിൽ ശരണം വയ്ക്കുന്നവർ ഭാഗ്യവാന്മാർ. – സങ്കീ 2/12.
6. ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു; ഉണർന്നെഴുന്നേൽക്കുന്നു; എന്തെന്നാൽ ഞാൻ കർത്താവിന്റെ കരങ്ങളിലാണ്. –സങ്കീ. 3/5.
7. കർത്താവ് എപ്പോഴും എന്റെ കൺമുമ്പിൽ ഉണ്ട്; അവിടുന്ന് എന്റെ വലതുഭാഗത്ത് ഉള്ളതുകൊണ്ട് ഞാൻ കുലുങ്ങുകയില്ല. – സങ്കീ. 16/8.
8. കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവ് ഉണ്ടാകുകയില്ല. – സങ്കീ. 23/1.
9. ദുഷ്ടർ അനുഭവിക്കേണ്ട വേദനകൾ വളരെയാണ്. – സങ്കീ. 32/10
10. കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവ് ഉണ്ടാവുകയില്ല. – സങ്കീ. 34/10.
11. പാപം നിമിത്തം മനുഷ്യനെ അങ്ങ് ശിക്ഷിക്കുമ്പോൾ അവന് പ്രിയങ്കരമായതിനെയെല്ലാം അവിടുന്ന് കീടത്തെപ്പോലെ നശിപ്പിക്കുന്നു. – സങ്കീ. 39/11.

12. കർത്താവിനെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ. – സങ്കീ. 40/4.
13. ശാന്തമാവുക; ഞാൻ ദൈവമാണെന്ന് അറിയുക. – സങ്കീ. 46/10.
14. ദൈവമാണ് നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്ന് സുനിശ്ചിതമായ തുണയാണ്. – സങ്കീ. 46/1
15. അലസമായ കരം ദാരിദ്ര്യം വരുത്തിവയ്ക്കുന്നു; സ്ഥിരോത്സാഹിയുടെ കൈ സമ്പത്ത് നേടുന്നു. – സുഭാ. 10/4.
16. ശാലീനയായ സ്ത്രീ ആദരം നേടുന്നു. – സുഭാ. 11/16.
17. കുടുംബദ്രോഹിക്ക് ഒന്നും ബാക്കി ഉണ്ടാവുകയില്ല. – സുഭാ. 11/29.
18. സൗമ്യമായ മറുപടി ക്രോധം ശമിപ്പിക്കുന്നു; പരുഷമായ വാക്ക് കോപം ഇളക്കി വിടുന്നു. – സുഭാ. 15/1.
19. നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും. – സുഭാ. 16/3.
20. ജീവിതത്തിലെ തെറ്റുകൾ കൊണ്ട് മരണത്തെ ക്ഷണിച്ചു വരുത്തരുത്; സ്വന്തം പ്രവൃത്തികൊണ്ട് നാശത്തെയും. – ജ്ഞാനം 1/12.
21. ആവശ്യക്കാരനിൽ നിന്ന് കണ്ണു തിരിക്കരുത്; നിന്നെ ശപിക്കുവാൻ ആർക്കും ഇട നൽകുകയുമരുത്. എന്തെന്നാൽ മനം നൊന്ത് ശപിച്ചാൽ സ്രഷ്ടാവ് അത് കൈക്കൊള്ളും. – പ്രഭാ. 4/5–6
22. മരിക്കും മുമ്പ് ആരെയും ഭാഗ്യവാൻ എന്നു വിളിക്കരുത്; മരണത്തിലൂടെയാണ് മനുഷ്യനെ അറിയുക – പ്രഭാ. 11/28.
23. ഉണർന്ന് പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു. – ഏശ. 60/1.
24. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്. – വിലാ. 3/22–23.
25. കർത്താവിൽ നിന്നാണ് രക്ഷ. – യോന. 2/9.
26. കർത്താവായ ദൈവമാണ് എന്റെ ബലം. – ഹബ. 3/19.
27. എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യന് തുല്യനായിരിക്കും. – മത്താ. 7/24.
28. ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും. – ലൂക്ക 8/21.
29. നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ

നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളത് ചോദിച്ചു കൊള്ളുക; നിങ്ങൾക്ക് ലഭിക്കും. - യോഹ. 15/7.

30. ഞാൻ നിനക്ക് വീണ്ടും ആരോഗ്യം നൽകും; നിന്റെ മുറിവുകൾ സുഖപ്പെടുത്തും. - ജറ. 30/17.

31. അവൾ (പെറ്റമ്മ) മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ നിന്നെ ഞാൻ എന്റെ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു. - ഏശ. 49/16.

32. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും. - യോഹ. 14/18.

33. വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണ പ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്.- ഹെബ്രാ. 11/1.

34. അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി പരിഗണിക്കപ്പെട്ടു. - റോമ 4/3.

35. കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി. - ലൂക്ക 1/45.

36. സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതു പോലെ നിനക്ക് ഭവിക്കട്ടെ. ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി. - മത്താ. 15/28.

37. സർപ്പത്തിൽനിന്ന് എന്നതുപോലെ പാപത്തിൽ നിന്ന് ഓടിയകലുക. - പ്രഭാ. 21/2.

38. പാപം ചെയ്യാൻ കഴിവുണ്ടായിട്ടും അതു ചെയ്യാത്തവനും, തിന്മ പ്രവർത്തിക്കാൻ സാധ്യത ഉണ്ടായിട്ടും അതു ചെയ്യാത്തവനും ആരുണ്ട്? അവന്റെ ഐശ്വര്യം സ്ഥിരമായിരിക്കും; - പ്രഭാ. 31/10.

39. ചെയ്യേണ്ട നന്മ ഏതാണെന്നറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു. - യാക്കോ. 4/17.

40. അവൻ വളരുകയും ഞാൻ കുറയുകയും വേണം. - യോഹ. 3/30.

41. പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. - യാക്കോ. 1/12.

42. നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്. ഒരു ഉപദ്രവവും അവരെ സ്പർശിക്കുകയില്ല. - ജ്ഞാനം 3/1.

43. ദൈവത്തിന് എല്ലാം സാധ്യമാണ്. - മത്താ. 19/27.

44. ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച് ഓരോരുത്തരും ജീവിതം നയിക്കട്ടെ - 1 കോറി 7/17.

45. ശാന്തശീലർ ഭാഗ്യവാന്മാർ, അവർ ഭൂമി അവകാശമാക്കും. - മത്താ. 5/5.

46. ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ. – മത്താ. 5/44.
47. നിങ്ങളിൽ ഓരോ വ്യക്തിയും തന്നെ പോലെ തന്നെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയാകട്ടെ ഭർത്താവിനെ ബഹുമാനിക്കുകയും വേണം. – എഫേ. 5/33.
48. നന്മ പ്രവർത്തിച്ചിട്ട് കഷ്ടത അനുഭവിക്കുക എന്നതാണ് ദൈവഹിതമെങ്കിൽ അതാണ് തിന്മ പ്രവർത്തിച്ചിട്ട് കഷ്ടത അനുഭവിക്കുക എന്നതിനേക്കാൾ നല്ലത്. – 1 പത്രോ. 3/17
49. ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? – ഉൽപ്പ 4/7.
50. കർത്താവിന് കഴിയാത്തത് എന്തെങ്കിലുമുണ്ടോ? – ഉൽപ്പ. 18/14.
51. എന്റെ കഷ്ടപ്പാടും ദേഹാധ്വാനവും ദൈവം കണ്ടു. – ഉൽപ്പ. 31/42.
52. ഇതാ, ഇസ്രായേൽ മക്കളുടെ നിലവിളി എന്റെ അടുത്ത് എത്തിയിരിക്കുന്നു. – പുറ 3/9.
53. ആർക്കും നിങ്ങളെ ചെറുത്തു നിൽക്കുവാൻ കഴിയുകയില്ല. – നിയമാ. 11/25.
54. അഹന്തയോടെ മേലിൽ സംസാരിക്കരുത്; നിന്റെ നാവിൽ നിന്ന് ഗർവ്വ് പുറപ്പെടാതിരിക്കട്ടെ. – 1 സാമു. 2/3.
55. അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. – മത്താ. 11/28
56. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട; ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. – യോഹ 14/1.
57. അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. – അപ്പ. 5/38.
58. കർത്താവ് കൂടെ ഉണ്ടായിരുന്നതിനാൽ എല്ലാ ഉദ്യമങ്ങളിലും ദാവീദ് വിജയംവരിച്ചു. – 1 സാമു 18/14.
59. എന്നെ സഹായിക്കുവാൻ കർത്താവ് എന്റെ പക്ഷത്ത് ഉണ്ട്. – സങ്കീ. 118/7.
60. നിന്റെ ജീവിതം കർത്താവിനെ ഭരമേൽപ്പിക്കുക, കർത്താവിൽ വിശ്വാസം അർപ്പിക്കുക; അവിടുന്ന് നോക്കിക്കൊള്ളും. – സങ്കീ. 37/5.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബപ്രേഷിതത്വം

## ചെറുപുഷ്പ മിഷൻലീഗ്

### രൂപതാവാർഷികവും സിമ്പോസിയവും

സി.എം.എൽ. മാനന്തവാടി രൂപതാ വാർഷികാഘോഷവും സിമ്പോസിയവും ജനുവരി 26–ന് മാനന്തവാടി സെന്റ് പാട്രിക് സ്കൂളിൽ നടന്നു. രാവിലെ രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ പതാക ഉയർത്തിയതോടുകൂടി വാർഷികത്തിന് തുടക്കം കുറിച്ചു. മാനന്തവാടിരൂപത മെത്രാൻ മാർ. ജോസ് പൊരുന്നേടം വാർഷികം ഉദ്ഘാടനം ചെയ്തു. രൂപതാഡയറക്ടർ റവ.ഫാ.സോണി വടയാപറമ്പിൽ സ്വാഗതമാശംസിച്ചു. സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. സി.എം.എൽ. നടവയൽ ശാഖാംഗങ്ങൾ പ്രയർഡാൻസ് അവതരിപ്പിച്ചു. All India Kidney fountation chairman ഫാ. ഡേവിസ് ചിറമേൽ മുഖ്യാതിഥിയായിരുന്നു. പയ്യംപള്ളി മേഖലാഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിൽ, മേഖലാ പ്രസിഡന്റ് ആദർശ് പുതുശേരി, മാർട്ടിൻനഗർ വികാരി ഫാ. സിബി ചേലയ്ക്കാപ്പിള്ളിൽ എന്നിവർ ആശംസകളർപ്പിച്ചു. കണിയാരം, കല്ലോടി ശാഖാംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ നന്ദി പറഞ്ഞു. ആയിരത്തിലധികം മിഷൻലീഗ് പ്രവർത്തകർ പങ്കെടുത്ത രൂപതാവാർഷികത്തിന് മിഷൻ ആന്തത്തോടുകൂടി സമാപനമായി.

### നന്ദിയുടെ ഒരുവാക്ക്

വാർഷികത്തിനായി കുട്ടികളെ പറഞ്ഞയച്ച ബഹു. വൈദികരേയും സിസ്റ്റേഴ്സിനേയും ശാഖാഭാരവാഹികളേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു. ഒപ്പം അതിമനോഹരമായ ഓഡിറ്റോറിയം നമുക്ക് തരികയും നന്നായി ക്രമീകരിക്കുകയും ചെയ്തുതന്ന സെന്റ് പാട്രിക്സ്കൂൾ മാനേജ്മെന്റിനും സ്റ്റാഫിനും രൂപതാസമിതിയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

### പ്രേഷിതറാലി

രൂപതാവാർഷികത്തോടനുബന്ധിച്ച് നടന്ന പ്രേഷിതറാലി

മാർട്ടിൻനഗർ പള്ളിയിൽ നിന്നും ആരംഭിച്ചു. വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി നടന്ന പ്രേഷിതറാലിയ്ക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്ത മാർട്ടിൻനഗർ വികാരി സിബിയച്ചനേയും ശാഖാ ഭാരവാഹികളേയും രൂപത റീജണൽ ഓർഗനൈസർ ഡോളി പാറേക്കുടിയേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

**അവയവദാനസമ്മതപത്രം**

സി.എം.എൽ. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ സമാഹരിച്ച അവയവദാന സമ്മതപത്രം രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ വാർഷികാഘോഷ വേദിയിൽ ഫാ. ഡേവിസ് ചിറമേലിന് കൈമാറി.

**സമ്മാനദാനം**

ഏറ്റവും മികച്ച മേഖലകൾ, ശാഖകൾ, മിഷൻമാസം കൈയ്യെഴുത്തുമാസിക, സംസ്ഥാനകലോത്സവ വിജയികൾ, ടെലി ബൈബിൾക്വിസ് എന്നീ വിഭാഗത്തിലെ വിജയികൾക്ക് വാർഷികാഘോഷവേദിയിൽ അഭിവന്ദ്യ പിതാവ്, റവ.ഫാ. ഡേവിസ് ചിറമേൽ, റവ. ഫാ. ജോസ് കുളിരാനി എന്നിവർ സമ്മാനങ്ങൾ നൽകി.

**ഏറ്റവും മികച്ച മേഖലകൾ**

കഴിഞ്ഞവർഷത്തെ ഏറ്റവും മികച്ച മേഖലയായി ബത്തേരി മേഖല തിരഞ്ഞെടുക്കപ്പെട്ടു. മേഖലാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫാ. ബിജു തുരുത്തേൽ, സി. ആഷ്ലി സി.എം.സി., റ്റോം പൂവക്കുന്നേൽ, ഡിക്സൻ ഡിസൂസ മറ്റ് ഭാരവാഹികൾ എന്നിവർക്ക് രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ഏറ്റവും മികച്ച രണ്ടാമത്തെ മേഖലയായി കൽപ്പറ്റ മേഖല തിരഞ്ഞെടുക്കപ്പെട്ടു. മേഖല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ജെയിംസ് മാങ്കോട്ടിലച്ചനും, സി. സ്റ്റെയ്സി എസ്.എച്ച്., സുധീഷ് ഇടത്തുംപറമ്പിൽ, ശ്രീമതി വത്സമ്മ മറ്റ് ഭാരവാഹികൾ എന്നിവർക്ക് രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും.

ഏറ്റവും മികച്ച മൂന്നാമത്തെ മേഖലയായി ഗൂഡല്ലൂർ മേഖല തിരഞ്ഞെടുക്കപ്പെട്ടു. മേഖല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ജോണി കപ്യാരുമലയിലച്ചനും, സി. ഡെയ്സി റോസിനും, ജോസഫ് സാറിനും, അജിത്തിനും മറ്റ് ഭാരവാഹികൾക്കും രൂപത സമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**'തെനേരി' രൂപതയിലെ ഏറ്റവും മികച്ച ശാഖ**

മാനന്തവാടി രൂപതയിലെ ഏറ്റവും മികച്ച ശാഖയായി തെനേരി

തിരഞ്ഞെടുക്കപ്പെട്ടു. സാമൂഹിക, ആദ്ധ്യാത്മിക, സാംസ്കാരിക തലങ്ങളിൽ നിരവധി പ്രവർത്തനങ്ങൾ നടത്തിയാണ് തെനേരി ഒന്നാം സ്ഥാനത്തെത്തിയത്. തുടർച്ചയായി 6-ാം തവണയാണ് ബഹു. സജി കോട്ടായിലച്ചൻ വികാരിയായിട്ടുള്ള ശാഖകൾ ഒന്നാംസ്ഥാനം കരസ്ഥമാക്കുന്നത്. പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കുന്ന ബഹു. സജിയച്ചനും, ജോ.ഡയറക്ടർ സിസ്റ്ററിനും എല്ലാ ഭാരവാഹികൾക്കും രൂപതയുടെ ഹൃദ്യമായ അഭിനന്ദനങ്ങൾ.

**'കല്ലോടി' രണ്ടാംസ്ഥാനത്ത്**

പ്രവർത്തനത്തിൽ കല്ലോടി ശാഖയ്ക്കാണ് രണ്ടാംസ്ഥാനം. വാർഡ്തലത്തിലും ഗ്രൂപ്പ്തലത്തിലും പ്രവർത്തനങ്ങൾ കോർത്തിണക്കിയാണ് കല്ലോടി ശാഖ രണ്ടാംസ്ഥാനത്തെത്തിയത്. മാനന്തവാടി രൂപതയിലെ മികച്ച സംഘാടകമികവുള്ള ബഹു. ജോർജ് മമ്പള്ളിയച്ചന്റെ നേതൃത്വവും ബഹു. ജെറി ഓണമ്പിള്ളിയച്ചന്റെ അർപ്പണമനോഭാവവും ഭാരവാഹികളുടെ സജീവപങ്കാളിത്തവും ബഹു. ജോ. ഡയറക്ടർ സിസ്റ്ററിന്റെ ആത്മാർത്ഥതയും ആണ് കല്ലോടി ശാഖയെ പ്രവർത്തനത്തിന് മികവുറ്റതാക്കി തീർക്കുന്നത്. എല്ലാവർക്കും രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും.

**മീനങ്ങാടി, ആടിക്കൊല്ലി ശാഖകൾ മൂന്നാം സ്ഥാനത്ത്**

മീനങ്ങാടി, ആടിക്കൊല്ലി ശാഖകളാണ് പ്രവർത്തനങ്ങളിൽ മികവിൽ മൂന്നാംസ്ഥാനത്ത്. കഴിഞ്ഞ പ്രവർത്തനവർഷം ആടിക്കൊല്ലി ശാഖാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ബഹു. ഡൊമിനിക് വളകുടിയച്ചനും തുടർപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്ന അബ്രാഹം നാടുകുന്നേലച്ചനും ശാഖാഭാരവാഹികൾക്കും രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും.

മീനങ്ങാടി ശാഖയിലെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഫാ. ജോജോ ചക്കുംമൂട്ടിലച്ചനും തുടർപ്രവർത്തനങ്ങൾ നടത്തുന്ന ബഹു. ബേബി പാറേക്കാട്ടിൽ അച്ചനും രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**മറ്റ് മികച്ച ശാഖകൾ**

കൽപ്പറ്റ, പൂളപ്പാടം, നെല്ലിയോടി, തവിഞ്ഞാൽ, ഒലിവുമല, വൈത്തിരി ശാഖകൾ മികച്ച രീതിയിൽ പ്രവർത്തനങ്ങൾ നടത്തുകയും ഏറ്റവും മികച്ച പത്ത് ശാഖകളിൽ ഉൾപ്പെടുകയും ചെയ്തു. ബഹു. അച്ചന്മാർക്കും, സിസ്റ്റേഴ്സിനും ശാഖാഭാരവാഹികൾക്കും രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും.

**മികച്ച കൈയ്യെഴുത്ത് മാസികകൾ**

പ്രവർത്തനവർഷത്തെ ഏറ്റവും മികച്ച കൈയ്യെഴുത്ത് മാസിക കല്ലോടിശാഖ തയ്യാറാക്കിയ 'ഉജ്വലിതം' എന്ന മാസികയ്ക്കാണ്. മനോഹരമായി ക്രമീകരിച്ച് പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ. കരണിശാഖ തയ്യാറാക്കിയ 'മെസ്സിയ' എന്ന കൈയ്യെഴുത്ത് മാസികയ്ക്കാണ് മികച്ച കൈയ്യെഴുത്ത് മാസികയിൽ രണ്ടാംസ്ഥാനം.

മാർട്ടിൻനഗർ ശാഖ തയ്യാറാക്കിയ 'വിശ്വാസജ്യോതി' എന്ന മാസികക്കാണ് മൂന്നാംസ്ഥാനം.

**മറ്റ് മികച്ച കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കിയ ശാഖകൾ**

മുള്ളൻകൊല്ലി, നെല്ലിയോടി, തവിഞ്ഞാൽ, പടമല, പുതിയിടം, തരിയോട്, നടവയൽ എന്നീ ശാഖകൾ തയ്യാറാക്കിയ കൈയ്യെഴുത്ത് മാസികകൾ ഏറ്റവും മികച്ച പത്ത് കൈയ്യെഴുത്ത് മാസികകളിൽ ഉൾപ്പെടുകയും ചെയ്തു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

**മിഷൻമാസാചരണം**

മിഷൻമാസാചരണത്തിൽ തെനേരി, കല്ലോടി, പൂളപ്പാടം, ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മികച്ച പ്രവർത്തനത്തിനും മിഷൻമാസാചരണത്തിലും തെനേരി, കല്ലോടി ശാഖകളാണ് ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയത്. മിഷൻമാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വൈദികരേയും ഭാരവാഹികളേയും രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

പ്രവർത്തനത്തിൽ ഏറ്റവും മികച്ച പത്ത് ശാഖകളിൽ ഉൾപ്പെട്ട പൂളപ്പാടം ശാഖയ്ക്കാണ് മിഷൻമാസാചരണത്തിന് മൂന്നാംസ്ഥാനം. ബഹുമാനപ്പെട്ട ബിജു മാവറയച്ചനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**മികച്ച പ്രവർത്തനം നടത്തിയ മറ്റ് ശാഖകൾ**

മീനങ്ങാടി, ആടിക്കൊല്ലി, നെല്ലിയോടി, കൽപ്പറ്റ, തവിഞ്ഞാൽ, മുതിരേരി, കരിമ്പിൽ എന്നീ ശാഖകൾ ഏറ്റവും മികച്ച പത്ത് ശാഖകളിൽ തിരഞ്ഞെടുക്കപ്പെട്ടു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വൈദികരേയും സിസ്റ്റേഴ്സിനേയും ഭാരവാഹികളേയും അഭിനന്ദനമറിയിക്കുന്നു.

**ലഹരിക്കെതിരെ 'കൊളാഷ്'**

ലഹരിവിരുദ്ധ സന്ദേശങ്ങളുമായി രൂപതാവാർഷികത്തിനോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തപ്പെട്ടു. കൊളാഷ് മത്സരത്തിൽ

പുതിയിടം, നെല്ലിയോടി, തെനേരി ശാഖകളാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയത്. കൊളാഷ് മത്സര വിജയികൾക്ക് അഭിനന്ദനമറിയിക്കുന്നു.

**ഹരിതഭൂമി - ജൈവപച്ചക്കറിത്തോട്ടനിർമ്മാണ മത്സരം**

രൂപതാനേതൃത്വത്തിൽ ക്രമീകരിച്ച ഹരിതഭൂമി മത്സരത്തിൽ പുതിയിടം ശാഖ ഒന്നാം സമ്മാനമായ 5000 രൂപയും പ്രശസ്തിപത്രവും കരസ്ഥമാക്കി. രണ്ടാം സമ്മാനമായ 2000 രൂപയും പ്രശസ്തിപത്രവും അമരക്കുനി ശാഖയും, മൂന്നാംസമ്മാനമായ 1000 രൂപയും പ്രശസ്തിപത്രവും കല്ലോടി ശാഖയും കരസ്ഥമാക്കി. ഇതിന്റെ പിന്നിൽ അധ്വാനിച്ച എല്ലാ ഡയറക്ടർ അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, എല്ലാ ഭാരവാഹികൾക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

**സി.എം.എൽ. രോഗീസഹായം**

ചെറുപുഷ്പ മിഷൻലീഗ് രൂപതയുടെ നേതൃത്വത്തിൽ 1,20,000 രൂപയുടെ രോഗീസഹായം ക്രമീകരിച്ചിരിക്കുന്നു. ഈ തുക മേഖലകൾ വഴി വിതരണം ചെയ്യാനാണ് ആഗ്രഹിക്കുന്നത്. ബഹു. മേഖല ഡയറക്ടർ അച്ചൻമാർ മേഖലയിലെ അച്ചൻമാരുമായി ആലോചിച്ച് ഭാരവാഹികളുടെ അംഗീകാരത്തോടെ അർഹതപ്പെട്ട വ്യക്തിയെ കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ക്യാൻസർ രോഗത്തിൽ ബുദ്ധിമുട്ടുന്നവർക്ക് മുൻഗണന നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു. ഒരു മേഖലക്ക് 10,000 രൂപയാണ് ലഭിക്കുക. മേഖലാഡയറക്ടർ അച്ചൻമാർ ഈ തുക രൂപത ഓഫീസിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

**ഈ പ്രവർത്തനവർഷത്തെ മേഖലാക്യാമ്പുകൾ**

| | | |
|---|---|---|
| ഏപ്രിൽ 4 - 5 | - | കൊട്ടിയൂർ, നടവയൽ |
| ഏപ്രിൽ 8-9 | - | തരിയോട്, ബത്തേരി |
| ഏപ്രിൽ 10-11 | - | കൽപ്പറ്റ, പുൽപ്പള്ളി |
| ഏപ്രിൽ 13-14 | - | കല്ലോടി, മാനന്തവാടി, പയ്യംമ്പള്ളി |

**ബൈബിൾവാക്യ പഠനമത്സര വിജയികൾ**

**സീനിയർ**

| | | |
|---|---|---|
| Ist ടിൽന മടപ്പള്ളിൽ | - | ആടിക്കൊല്ലി |
| IInd തോമസ് കടകേലിൽ | - | റിപ്പൺ |
| IIIrd ആതിര ചേറാടിയിൽ | - | തോമാട്ടുചാൽ |

**ജൂനിയർ**

| | | |
|---|---|---|
| Ist ജെസ്ന താഴത്തുമുറിയിൽ | - | കാട്ടിക്കുളം |

| | | |
|---|---|---|
| IInd ജെസ്ന പുളിമൂട്ടിൽ | - | തോമാട്ടുചാൽ |
| IIIrd ബിജോ ബെന്നി കൊടുങ്കയം | - | ഇടിവണ്ണ |

**കുഞ്ഞേട്ടൻ സ്കോളർഷിപ്പ്**

കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് കുറുമണി ശാഖ അംഗം വിദ്യ പാമ്പൂരിക്കൽ അർഹയായി.

**ജോ.ഡയറക്ടേഴ്സിന്റെ പ്രത്യേക ശ്രദ്ധയ്ക്ക്**

2013-14 വർഷത്തെ അംഗത്വലിസ്റ്റിന്റെ 3 കോപ്പികൾ മാർച്ച് 30-ന് മുമ്പ് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

വിഹിതങ്ങൾ ഇനിയും രൂപതയിൽ ഏൽപ്പിക്കാത്ത ശാഖകൾ (കലണ്ടർ, മിഷൻഞായർ, വിഹിതം, സംസ്ഥാനവിഹിതം, കാണിക്ക, പലതുള്ളി) മാർച്ച് 30-ന് മുൻപായി അടച്ചുതീർക്കേണ്ടതാണ്.

**മേഖലാ വാർത്തകൾ**

**നടവയൽ -** എല്ലാ ശാഖകളും വാ.ചാവറയച്ചന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. വാർഷികത്തിലും സിമ്പോസിയത്തിലും പങ്കെടുത്തു.

**കൽപ്പറ്റ -** തിരുബാലസഖ്യ മത്സരം നടത്തി. വിശ്വാസ സംരക്ഷണപ്രതിജ്ഞ ചൊല്ലി.

**ശാഖാവാർത്തകൾ**

*ചുള്ളിയാന:-* വൈത്തിരി സബ് ജയിൽ സന്ദർശിച്ചു. വികാരിയച്ചന്റെ നേതൃത്വത്തിൽ സർവ്വമത പ്രാർത്ഥന നടത്തി.

*വാളാട്:-* സി.എം.എൽ. ന്റെ നേതൃത്വത്തിൽ ക്രിസ്മസ് ട്രീ നിർമ്മിച്ചു.

*കടൽമാട്:-* ദൈവവിളി ആരാധന നടത്തി.

*കുന്നലാടി:-* വിശ്വാസവർഷത്തോടനുബന്ധിച്ച് സെമിനാർ നടത്തി.

*വിളമ്പുകണ്ടം:-* ബൈബിൾവാക്യപഠന മത്സരത്തിൽ പങ്കെടുത്തു.

*കല്ലോടി:-* രോഗിയായ അബേജ വട്ടുകുളത്തിനെ സന്ദർശിച്ചു. അൾത്താര ബാല സംഗമം നടത്തി. ലഹരിവിരുദ്ധ പോസ്റ്ററുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചു.

*ഏലപ്പീടിക:-* സി.എം.എൽ. വാർഷികം നടത്തി. ദിവ്യകാരുണ്യ ആരാധന നടത്തി.

*തലഞ്ഞി:-* അര മണിക്കൂർ ആരാധന, അര മണിക്കൂർ ക്ലാസ് എന്നിവ നടത്തി.

*വൈത്തിരി:-* ലഹരിവിരുദ്ധ കൊളാഷ് നിർമ്മിച്ചു. ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യാൻ സഹായിച്ചു.

*വാഴവറ്റ:-* രൂപതാതലത്തിൽ നടത്തിയ കൊളാഷ് മത്സരത്തിൽ പങ്കെടുത്തു.

*പുഴമുടി:-* അൾത്താരബാലൻമാരുടെ ക്യാമ്പ് നടത്തി. പരിസരം ശുചീകരിച്ചു.
*അരിഞ്ചേർമല:-* മാറ്റൊലിയിൽ പ്രോഗ്രാം അവതരിപ്പിച്ചു.
*വഞ്ഞോട്:-* കൊളാഷ് നിർമ്മാണം നടത്തി.
*ബെക്കി:-* അൾത്താരബാല സംഗമം നടത്തി. 1 മണിക്കൂർ ആരാധന നടത്തി.
*ചൂരൽമല:-* റവ.ഫാ. ബിജു പുതുശ്ശേരിയുടെ പൗരോഹിത്യവാർഷികം ആഘോഷിച്ചു.
*അമരക്കുനി:-* ഇടവകയിലെ കുടുംബങ്ങളിൽ വൈദ്യുതി നഷ്ടം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ CFL ബൾബുകൾ വീടുകളിൽ എത്തിക്കുന്നതിന് ഡയറക്ടറച്ചനോടൊപ്പം മിഷൻലീഗ് അംഗങ്ങളും സഹകരിച്ചു.
*അപ്പപ്പാറ:-* അവയവദാന സമ്മതപത്രങ്ങൾ നൽകി
*നെടുമ്പാല:-* സി.എം.എൽ. വാർഷികം നടത്തി. ദേവാലയവെഞ്ചരിപ്പിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്തി.
*മംഗലശ്ശേരി:-* വിവിധ ക്ലാസ്സുകാരുടെ നേതൃത്വത്തിൽ പത്രവാർത്താവായനകൾ വളരെ വ്യത്യസ്തമായ രീതിയിൽ നടത്തി.
*കുറുമ്പാലക്കോട്ട:-* വാർഷികധ്യാനത്തിൽ പങ്കെടുത്തു.
*നെയ്ക്കുപ്പ:-* ഭവനസന്ദർശനം, ആരാധന എന്നിവ നടത്തി.
*പൂളപ്പാടം:-* വിശ്വാസവർഷത്തോടനുബന്ധിച്ച് എക്സിബിഷൻ നടത്തി. 'വിദ്യാർത്ഥി മിത്രം' ദേവാലയത്തിന് മുൻപിൽ സ്ഥാപിച്ചു. കാട്ടിക്കുളം ജയമാതാ ആശ്രമം സന്ദർശിച്ചു.
*ഇടിവണ്ണ:-* മണിമലയിൽ ജോർജിന് ചികിത്സാസഹായമായി 2000 രൂപ നൽകി. സി.എം.എൽ. വാർഷികം നടത്തി.
*വാളവയൽ:-* കത്തോലിക്കാ മതബോധന ഗ്രന്ഥത്തിന്റെ ക്ലാസ് നടത്തി.
*പോരൂർ:-* അൾത്താരബാലസംഗമം നടത്തി. എസ്.എച്ച്. സ്നേഹാലയം സന്ദർശിച്ചു.
*പട്ടാണിക്കൂപ്പ്:-* ഇടവകതിരുനാളിനോടനുബന്ധിച്ച് സി.എം.എൽ. അംഗങ്ങൾ സ്റ്റാൾ നടത്തി.
*പയ്യംമ്പള്ളി:-* അഖണ്ഡജപമാലയിൽ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.
*പ്രശാന്തഗിരി:-* ചികിത്സയിൽ കഴിയുന്ന ലിബിൻ പാറയ്ക്കലിന് സി.എം.എൽ. അംഗങ്ങൾ 3500 രൂപ സഹായം നൽകി. ദിവ്യകാരുണ്യ ആരാധന നടത്തി.
*കാവുംമന്ദം:-* മതബോധനത്തിലെ ബെസ്റ്റ് സ്റ്റുഡന്റിന്റെ തിരഞ്ഞെടു

പ്പിൽ സംസ്ഥാനതലം വരെ തിരഞ്ഞെടുക്കപ്പെട്ട രാഗിൻ വട്ടക്കാമുളയി ലിനെ പ്രത്യേകം അഭിനന്ദിച്ചു.

*മരക്കടവ്:–* ഇടവകതലത്തിൽ ലഹരിവിരുദ്ധ കൊളാഷ് മത്സരം നടത്തി.

*മുണ്ടേരി:–* അൾത്താരബാല സംഗമവും ജപമാല സൈന്യത്തിന്റെ മീറ്റിംഗും നടത്തി.

*കാട്ടിക്കുളം:–* ലഹരിവിരുദ്ധ കൊളാഷ് നിർമ്മിച്ചു. ബൈബിൾവാക്യ പഠനമത്സരത്തിൽ ജെസ്ന താഴത്തുമുറി ഒന്നാംസ്ഥാനം കരസ്ഥമാക്കി.

*ഞാറപ്പാടം:–* അപ്രതീക്ഷിതമായി മരണമടഞ്ഞ ജോബിൻ ആലിങ്കലിന് റീത്ത് സമർപ്പിച്ച് പ്രാർത്ഥിച്ചു.

*പുതുശ്ശേരി:–* അൾത്താരബാലസംഗമം, ബൈബിൾവായന പരിശീലനം നടത്തി. പരീക്ഷ ഒരുക്കമായി അർദ്ധദിന സെമിനാർ നടത്തി.

*ആലാറ്റിൽ:–* വാർഡുകളിൽ നിന്നും ശേഖരിച്ച സോപ്പ്, സോപ്പ്പൊടി, ഡ്രസ്സ് എന്നിവ കുഞ്ഞോം ബാലഭവനിൽ കൊടുത്തു. ഒരു സാധുകുടും ബത്തിന് വീട് പണിയാൻ സഹായമായി 6000 രൂപയും പെൺകുട്ടി യുടെ വിവാഹത്തിന് 1000 രൂപയും നൽകി.

*കരിമ്പിൽ:–* സിമിത്തേരി വൃത്തിയാക്കി കല്ലറകൾക്ക് പെയിന്റ് അടിച്ചു. മിഷൻമാസാചരണത്തിൽ കരിമ്പിൽ ശാഖ പത്തിൽ ഒന്നായി തിരഞ്ഞെ ടുക്കപ്പെട്ടു.

*അമ്പായത്തോട്:–* അൾത്താരബാല സംഗമം നടത്തി. തിരുനാളിനോട് അനുബന്ധിച്ച് സ്റ്റാൾ നടത്തി.

*ദ്വാരക:–* ജപമാല സൈന്യം, രോഗീസന്ദർശനം നടത്തി. ലഹരി വിരുദ്ധ കൊളാഷ് നിർമ്മാണം നടത്തി. "വി.കുർബാന അനുദിന ജീവിതത്തിൽ" എന്ന വിഷയത്തെ ആസ്പദമാക്കി ശാഖ പ്രസിഡന്റ് ക്ലാസ്സെടുത്തു.

*നടവയൽ:–* Love Shore പനമരം Old Age Home സന്ദർശിച്ച് സൗഹൃദം പങ്കുവച്ചു. കൊച്ചച്ചന് സെന്റ് ഓഫ് നൽകി.

*പുതിയിടം:–* രൂപതാതലത്തിൽ നടത്തിയ കൊളാഷ് മത്സരത്തിൽ ശഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഹരിതഭൂമി, കയ്യെഴുത്ത് മാസിക എന്നി വയ്ക്കുള്ള സമ്മാനങ്ങളും കരസ്ഥമാക്കി.

*മംഗളം:–* സി.എം.എൽ. വാർഷികം നടത്തി. രോഗീസന്ദർശനം നടത്തി. ക്ഷയരോഗം മൂലം കഷ്ടപ്പെടുന്ന ഒരു കുടുംബത്തെ സാമ്പത്തികമായി സഹായിച്ചു.

*ധർമ്മഗിരി:–* വിശ്വാസവർഷത്തിൽ സി.എം.എൽ. അംഗങ്ങളെ വിശ്വാ സജീവിതത്തിൽ പ്രബുദ്ധരാക്കാൻ വികാരിയച്ചൻ സെമിനാർ നടത്തി. വാർഷികം നടത്തി. വിശ്വാസദീപിക മുൻവികാരി ബഹു. ഫാ. ജെയിംസ് ചെമ്പക്കര പ്രകാശനം ചെയ്തു.

*കുറുമണി:-* കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് വിദ്യ പാമ്പൂരിക്കൽ, കുറുമണി ശാഖാംഗം അർഹമായി. കൊളാഷ് നിർമ്മാണം നടത്തി. രൂപതാതലത്തിൽ മത്സരത്തിൽ പങ്കെടുത്തു.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

തോണിച്ചാൽ-500, വെള്ളൂന്നി-400, നടവയൽ-3500, മുള്ളൻകൊല്ലി-1000, നിലമ്പൂർ-2000, കാരയ്ക്കാമല-1000, വാളാട്-200, പട്ടാണിക്കൂപ്പ്-250, ശാന്തിഗിരി-500, കബനിഗിരി-300, ഒറ്റപ്ലാവ്-225, പനവല്ലി-200, കൽപ്ര-300, തലഞ്ഞി-500, ഇടിവണ്ണ-1500, ചോക്കാട്-1020, കയ്യൂന്നി-1300, പനംചിറ-500, വിളമ്പുകണ്ടം-300, മച്ചിക്കൊല്ലി-50, പാറത്തോട്ടം-150, മൺവയൽ-200, പടമല-500, പുതുശ്ശേരിക്കടവ്-300, മീനങ്ങാടി-400, സീതാമൗണ്ട്-500, മംഗലശ്ശേരി-250, വടക്കനാട്-200, കൂന്നൂർ-500.

**പലതുള്ളി**

തോണിച്ചാൽ-250, നടവയൽ-1500, മുതിരേരി-200, കാരയ്ക്കാമല-100, വാളാട്-100, കബനിഗിരി-100, ഒറ്റപ്ലാവ്-150, ചുങ്കക്കുന്ന്-250, പനവല്ലി-60, ധർമ്മഗിരി-200, ഇടിവണ്ണ-260, ചോക്കാട്-140, ചുള്ളിയാന-50, കയ്യൂന്നി-500, പനംചിറ-150, വിളമ്പുകണ്ടം-120, മച്ചിക്കൊല്ലി-50, പാറത്തോട്ടം-50, അരുൾനിലയം-250, സീതാമൗണ്ട്-100, മംഗലശ്ശേരി-70, ഞാറപ്പാടം-100, കൂന്നൂർ-175, മൺവയൽ-100.

**കാണിക്ക തന്ന ശാഖകൾ**

തോണിച്ചാൽ-200, വെള്ളൂന്നി-1000, നടവയൽ-1500, മുതിരേരി-600, നിലമ്പൂർ-500, കാരയ്ക്കാമല-100, വാളാട്-100, ശാന്തിഗിരി-642, കബനിഗിരി-150, ഒറ്റപ്ലാവ്-150, ചുങ്കക്കുന്ന്-250, ഇടിവണ്ണ-200, ചോക്കാട്-500, ചുള്ളിയാന-50, കയ്യൂന്നി-500, പനംചിറ-150, ഏലപ്പീടിക-200, വിളമ്പുകണ്ടം-40, മച്ചിക്കൊല്ലി-50, സീതാമൗണ്ട്-200, ഞാറപ്പാടം-250, വടക്കനാട്-100, അരുൾനിലയം-459, മൺവയൽ-300, മംഗളം-250.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

## സ്പന്ദനം - 2013 നേതൃസംഗമം

കെ.സി.വൈ.എം. മാനന്തവാടി രൂപതയെ 2013 വർഷത്തിൽ നയിക്കാൻ നിയോഗിക്കപ്പെട്ട യൂണിറ്റ്, മേഖല, രൂപത ഭാരവാഹികളുടെ നേതൃസംഗമം "സ്പന്ദനം-2013" ഫെബ്രുവരി 8, 9, 10 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 8-ാം തീയതി വൈകുന്നേരം തുടങ്ങിയ നേതൃസംഗമത്തിന്റെ ഉദ്ഘാടന കർമ്മം മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. ശ്രീ. ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. ശ്രീ. ബിനോയി പാനിക്കുളം ആശംസകളർപ്പിച്ചു. ശ്രീ. ബിബിൻ ചെമ്പക്കര സ്വാഗതവും ഫ്രൻസി മണ്ണിശ്ശേരി നന്ദിയും പറഞ്ഞു.

വെള്ളിയാഴ്ച വൈകുന്നേരം ആരംഭിച്ച നേതൃസംഗമത്തിന് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ (KCYM What, Why, How) റവ. ഫാ. ജിമ്മി മൂലയിൽ (Time Management) ശ്രീ. ജോസ് പള്ളത്ത് (Leadership) ശ്രീ. ജോണി അമ്പാട്ട് (Sexuality) റവ. ഫാ. ബെന്നി മുതിരക്കാലായിൽ (Introduction to year of faith) റവ. ഫാ. ബിനു വടക്കേൽ (Problems of youth) തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. വി. കുർബാന, ധ്യാനം, ജപമാല, ആരാധന, കുമ്പസാരം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള വർക്കുകൾ, പ്ലാനിംഗ് തുടങ്ങിയ കാര്യങ്ങൾ നേതൃസംഗമത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. 90 ഓളം യുവജനങ്ങൾ സംഗമത്തിൽ പങ്കെടുത്തു. ക്ലാസ്സുകളെടുക്കുന്നതിനും കുമ്പസാരിപ്പിക്കുന്നതിനും സഹായിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. സംഗമത്തിൽ പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും ആനിമേറ്റേഴ്സിനും ഇവരെ പറഞ്ഞയച്ച ഡയറക്ടേഴ്സിനും നന്ദിയർപ്പിക്കുന്നു.

## "വഴി-2013" - മാർഗ്ഗരേഖ പ്രകാശനം

ഫെബ്രുവരി 9-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്ന യുവജന സംഗമത്തിൽ രൂപതാ പ്രസിഡണ്ട് ശ്രീ. ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. 'വഴി-2013' ന്റെ പ്രകാശന കർമ്മം കെ.സി.വൈ.എം. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ഷിജോ മാത്യു നിർവ്വഹിച്ചു. റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ശ്രീ. ബിനോയി പാനികുളം, ശ്രീ. ബിബിൻ ചെമ്പക്കര, കുമാരി ഫ്രൻസി മണ്ണിശ്ശേരി, കുമാരി ഡെൽന പറപ്പിള്ളിൽ, വിനു വാണിയപ്പിള്ളിൽ, എബിൻ മുട്ട പ്പള്ളി, സിബിൻ പാലമൂട്ടിൽ, ശ്രീ. സജിൻ ജോസ് ചാലിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## മാനന്തവാടി രൂപത യുവജന കുരിശ് (Youth Cross) വെഞ്ചരിപ്പും യുവജന സംഗമവും

കെ.സി.വൈ.എം. മാനന്തവാടി രൂപത യുവജനസംഗമവും യൂത്ത് ക്രോസ് വെഞ്ചരിപ്പും ഫെബ്രുവരി 10-ാം തീയതി 3 മണിക്ക് ദ്വാരക സെന്റ് അൽഫോൻസ ചർച്ചിൽ വച്ച് നടത്തുകയുണ്ടായി. യുവജന സംഗമത്തിൽ മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ ബലിയർപ്പിച്ചു. കെ.സി. വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ജീസസ് യൂത്ത് ഡയറക്ടർ റവ. ഫാ. മനോജ് കാക്കോനാൽ, കെ.സി.വൈ.എം. ബത്തേരി മേഖല ഡയറക്ടർ റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ എന്നിവർ സഹകാർമ്മികരായിരുന്നു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ, റവ. ഫാ. ജോയ് തുരുത്തേൽ, റവ. ഫാ. ബിനു വടക്കേൽ, റവ. ഫാ. ജോസ് കുളിരാനി, റവ. ഫാ. റോയി വട്ടക്കാട്ട് എന്നിവർ സന്നിഹിതരായിരുന്നു. രൂപതയിലെ 150 ഓളം ഇടവകകളിൽ നിന്നും കൊണ്ടുവന്ന ചെറിയ മരക്കഷണങ്ങൾ ചേർത്തുണ്ടാക്കിയതും 150 ഇടവകകളുടെ പേര് കൊത്തിയിട്ടുള്ളതുമാണ് ഈ കുരിശ്. വെഞ്ചരിപ്പു കർമ്മത്തിനുശേഷം മാർ ജോസ് പൊരുന്നേടം പിതാവിന്റെയും ബഹു. വൈദികരുടെയും നേതൃത്വത്തിൽ യൂത്ത് ക്രോസ് യുവജനങ്ങളുടെ പ്രതിനിധികളായ KCYM പ്രസിഡണ്ട് ജിതേഷ് മുളക്കക്കുന്നേൽ, ജന. സെക്രട്ടറി ബിബിൻ ചെമ്പക്കര, വൈസ് പ്രസിഡണ്ട് ഫ്രൻസി മണ്ണിശ്ശേരി, മിഷൻലീഗ് രൂപതാ പ്രസിഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ,

ജീസസ് യൂത്ത് കോർഡിനേറ്റർ വിനീഷ് കോട്ടായിൽ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുകയും രൂപതയുടെ നാനാഭാഗത്തുനിന്നും വന്ന യുവജനങ്ങളുടെയും സിസ്റ്റേഴ്സിന്റെയും പങ്കാളിത്തത്തോടുകൂടി പാസ്റ്ററൽ സെന്ററിലേക്ക് പ്രയാണം നടത്തുകയും ചെയ്തു.

## Youth Cross (യുവജനകുരിശ്) പ്രയാണം തുടങ്ങി

നോമ്പുകാലത്ത് യൂത്ത് ക്രോസും വഹിച്ചുകൊണ്ട് വിവിധ ഫൊറോനകളിലേക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന പരിഹാര പ്രദക്ഷിണം കൊട്ടിയൂർ, പയ്യമ്പള്ളി, മാനന്തവാടി ഫൊറോനകൾ പിന്നിട്ടിരിക്കുന്നു.

## പിതാവിനോടൊപ്പം

30–1–2013 ന് കെ.സി.വൈ.എം. രൂപതാ രക്ഷാധികാരി മാർ ജോസ് പൊരുന്നേടം പിതാവിനെ സെക്രട്ടറിയേറ്റ് അംഗങ്ങൾ സന്ദർശിച്ച് ചർച്ച നടത്തി. 2013 വർഷത്തെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും പിതാവ് നേർന്നു.

## Youth Cross (യൂത്ത് ക്രോസ്) സപ്ലിമെന്റ്

ആഗോള കത്തോലിക്കാ സഭ വിശ്വാസവർഷമായി ആചരിക്കുന്ന ഈ വർഷം മാനന്തവാടി രൂപത കെ.സി.വൈ.എം. യുവജനങ്ങൾക്കായി നിർമ്മിച്ച യൂത്ത് ക്രോസിന്റെ വെഞ്ചരിപ്പിനോടനുബന്ധിച്ച് പുറത്തിറക്കിയ സപ്ലിമെന്റിന്റെ പ്രകാശനം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ദ്വാരക സെന്റ് അൽഫോൻസാ ദേവാലയത്തിൽ വെച്ച് നിർവ്വഹിക്കുകയുണ്ടായി. രൂപതാ വൈസ് പ്രസിഡണ്ട് ഫ്രൻസി മണ്ണിശ്ശേരി, ജനറൽ സെക്രട്ടറി ബിബിൻ ചെമ്പക്കര എന്നിവർ സപ്ലിമെന്റ് പിതാവിൽ നിന്നും ഏറ്റുവാങ്ങി.

## വയനാട്ടിൽ സീറോ എക്കോ സെൻസിറ്റീവ് സോൺ

വയനാട് വന്യജീവി സങ്കേതത്തിനു ചുറ്റും പരിസ്ഥിതി ലോലമേഖലകൾ രൂപവത്കരിക്കുന്നതിന് മുന്നോടിയായി ടി.എൻ. പ്രതാപൻ എം.എൽ.എ. യുടെ അധ്യക്ഷതയിൽ കല്പ്പറ്റയിൽ ചേർന്ന യോഗത്തിൽ മാനന്തവാടി രൂപത കെ.സി.വൈ.എം. നെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ പങ്കെടുത്തു.

## ആശയ സമാഹരണ സംവാദം

എക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനെതിരെ മാനന്തവാടി രൂപത കെ.സി.വൈ.എം. കല്പ്പറ്റ ഡി പോൾ ഓഡിറ്റോറിയത്തിൽ വെച്ച് ആശയ സമാഹരണ സംവാദം നടത്തുകയുണ്ടായി.

ശ്രീ. സജിൻ ജോസ് ചാലിൽ മോഡറേറ്ററായിരുന്നു. സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ ഇതിൽ പങ്കെടുത്തു. വിവിധ രാഷ്ട്രീയ പാർട്ടികളെയും പരിസ്ഥിതി സംരക്ഷണ സംഘടനകളെയും പ്രതിനിധീകരിച്ച് ശ്രീ. കൃഷ്ണപ്രസാദ്, ശ്രീ. വിജയൻ ചെറുകര, ശ്രീ. എബ്രാഹം ബെൻഹർ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാന, ദേശീയ ശരാശരി യേക്കാളും കൂടുതൽ വനമുള്ള വയനാട് ജില്ലയിൽ വനസംരക്ഷണത്തിന്റെ പേരിൽ കർഷകന്റെ മേലുള്ള യാതൊരു നിയന്ത്രണവും അംഗീകരിക്കാനാവില്ല എന്ന് സംവാദത്തിൽ പങ്കെടുത്ത ഏവരുടെയും അഭിപ്രായമായിരുന്നു.

### യൂണിറ്റ് ഭാരവാഹികളുടെ അഡ്രസ്സ്

യൂണിറ്റ് ഭാരവാഹികളുടെ അഡ്രസ്സും ഫോൺ നമ്പറും എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

### സഹചലനം-യൂണിറ്റ് വിസിറ്റ്

യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുക, യൂണിറ്റ്, മേഖല, രൂപത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ യൂണിറ്റുകളിലേക്കുള്ള രൂപതാ വിസിറ്റ് 'സഹചലനം' പുൽപ്പള്ളി മേഖലയിൽ പട്ടാണിക്കൂപ്പ്, ശശിമല, അമരക്കുനി എന്നീ യൂണിറ്റുകളിൽ രൂപതാ ടീം നടത്തി.

### ക്ഷമാപണം

2013 ലെ KCYM ലെ "വഴി" യിൽ തരിയോട് മേഖലാ ഡയറക്ടർ റവ. ഫാ. റെജി മുതുകത്താനിയുടെയും ആനിമേറ്റർ സി. ആൻസ് FCC യുടെയും പേരുകൾ ചേർക്കാൻ വിട്ടുപോയതിൽ ഖേദിക്കുന്നു.

### യൂണിറ്റ് വാർത്തകൾ

### പോരൂർ യൂണിറ്റ്

കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ മനോഹരമായ പുൽക്കൂട് നിർമ്മിച്ചു. ഫണ്ട് ശേഖരണാർത്ഥം ഇടവകയിലെ ഭവനങ്ങളിൽ കയറി പഴയസാധനങ്ങൾ ശേഖരിച്ചു. ഇടവകത്തിരുനാളിനൊരുക്കമായുള്ള എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുകയും തിരുനാൾ ദിനത്തിൽ തെരുവുനാടകം അവതരിപ്പിക്കുകയും ചെയ്തു.

### ഇടിവണ്ണ യൂണിറ്റ്

കൂരാച്ചുണ്ട് വച്ചു നടന്ന വോളിബോൾ മത്സരത്തിൽ ഇടിവണ്ണ യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇടവകത്തിരുനാളിനോടനു

ബന്ധിച്ചുള്ള പ്രദക്ഷിണത്തിൽ യുവജനങ്ങൾ ഫ്ളോട്ട് അവതരിപ്പിക്കുകയും കലാസന്ധ്യയിൽ കോമഡി ഷോ അവതരിപ്പിക്കുകയും ചെയ്തു. തിരുനാളിനോടനുബന്ധിച്ച് ഒരു സ്റ്റാൾ ഇടുകയും അതിൽ നിന്നുള്ള ലാഭം രോഗീസഹായത്തിന് ഉപയോഗിക്കുകയും ചെയ്തു.

**ചൂരൽമല യൂണിറ്റ്**

പുതുവർഷദിനത്തിലെ ദേവാലയ തിരുക്കർമ്മങ്ങളിൽ സജീവമായി പങ്കെടുക്കുകയും വി. ബലി മദ്ധ്യേയുള്ള വായനകൾക്ക് യുവജനങ്ങൾ നേതൃത്വം നൽകുകയും ചെയ്തു.

**പുതിയിടം യൂണിറ്റ്**

സമ്പൂർണ്ണ ശാലോം ഇടവകയാക്കുന്നതിനുള്ള പദ്ധതിയുമായി യുവജനങ്ങൾ ഭവനങ്ങൾ കയറിയിറങ്ങി. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ പത്രപ്രകാശനം നടത്തുകയും ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ സൺഡേ ശാലോമിനുള്ള പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. അംഗങ്ങൾ പത്രവിതരണം നടത്തുകയുണ്ടായി. ഇടവകത്തിരുനാളിനോടനുബന്ധിച്ചുള്ള അലങ്കാരം നടത്തുകയും കലാപരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഫണ്ട് ശേഖരണാർത്ഥം ഐസ്ക്രീം വിൽപ്പന, റിംഗ് എറിയൽ എന്നിവ നടത്തി.

**പടമല യൂണിറ്റ്**

ഇടവക തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും സെമിത്തേരിയും യുവജനങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കി. പള്ളിയലങ്കാരം നടത്തുകയും ബാനറുകൾ സ്ഥാപിക്കുകയും ചെയ്തു.

**ആലാറ്റിൽ യൂണിറ്റ്**

യൂണിറ്റിലെ ഒരംഗത്തിന് വിവാഹ സഹായമായി 5000 രൂപ കൊടുത്തു. ഇടവക തിരുനാളിനോടനുബന്ധിച്ചുള്ള കാര്യങ്ങൾക്ക് കെ.സി.വൈ.എം. നേതൃത്വം നൽകി. ദിവ്യകാരുണ്യ പ്രദക്ഷിണത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തി. ഫണ്ട് ശേഖരണാർത്ഥം ഐസ്ക്രീം വിൽപ്പന, ഭക്തസാധനങ്ങളുടെ സ്റ്റാൾ എന്നിവ നടത്തി.

**വൈത്തിരി യൂണിറ്റ്**

പുൽക്കൂട് അഴിച്ച് പരിസരം വൃത്തിയാക്കി. പള്ളിപ്പെരുനാളിനോടനുബന്ധിച്ചുള്ള അലങ്കാരങ്ങൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി. ഗവ. താലൂക്ക് ആശുപത്രിയിൽ ഭക്ഷണം തയ്യാറാക്കി രോഗികൾക്ക് വിതരണം ചെയ്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

പുതുവർഷത്തോടനുബന്ധിച്ച് യുവജനങ്ങൾ പള്ളിയും പരിസരവും അലങ്കരിച്ചു. പാതിരാ ആരാധനയ്ക്ക് നേതൃത്വം നൽകി. വി. കുർബാനയ്ക്കുശേഷം മധുരപലഹാരം വിതരണം ചെയ്തു. കെ.സി. വൈ.എം. സംസ്ഥാന മത്സരത്തിൽ സമ്മാനാർഹരായവരെ അനുമോദിക്കുകയും ആഹ്ലാദപ്രകടനം നടത്തുകയും ചെയ്തു. ഇടവകയിൽ നടത്തിയ യുവജനസംഗമത്തിൽ 150 ഓളം യുവജനങ്ങൾ പങ്കെടുത്തു. ഇടവകതിരുനാളിന്റെ വിജയത്തിനായി ആരാധന നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കുകയും റിപ്പയറിംഗിന് സഹായിക്കുകയും ചെയ്തു.

**കുറുമണി യൂണിറ്റ്**

പുതുവർഷത്തോടനുബന്ധിച്ചുള്ള പരിപാടികളിൽ കച്ചവടം നടത്തി ഫണ്ടുശേഖരിച്ച് പള്ളിപണിക്കായി കൊടുത്തു. യൂണിറ്റിലെ യുവജനങ്ങൾ ചേർന്ന് കൃഷി ചെയ്യുന്ന വാഴ നനച്ചു. പള്ളിപണിക്കാവശ്യമായ മണൽ അരിക്കൽ, പോളീഷ് ചെയ്യൽ തുടങ്ങിയവ ചെയ്തു വരുന്നു.

**കരിമ്പിൽ യൂണിറ്റ്**

ഫണ്ട് ശേഖരണാർത്ഥം ഇടവക തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ ഐസ്ക്രീം വിൽപ്പന നടത്തി. തിരുനാളിനാവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു. ആഴ്ചയിൽ രണ്ടു ദിവസം കെ. സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ സായാഹ്ന പ്രാർത്ഥന നടത്തി വരുന്നു.

**അമരക്കുനി യൂണിറ്റ്**

വൈദ്യുതി നഷ്ടം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകയിലെ കുടുംബങ്ങളിൽ CFL ബൾബുകൾ കമ്പനി വിലയ്ക്ക് വിതരണം ചെയ്തു. മേഖലാക്യാമ്പിൽ യൂണിറ്റിലെ ഭാരവാഹികൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ മനോഹരമായ പുൽക്കൂട് നിർമ്മിക്കുകയും കരോൾ പരിപാടികളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു.

**ബിബിൻ ചെമ്പക്കര**

രൂപതാജനറൽ സെക്രട്ടറി

# കെ.സി.വൈ.എം - ന്റെ ഇക്കൊല്ലത്തെ പഠനരേഖ

**1. വിശ്വാസയുവത സമഗ്രപുരോഗതിക്ക്**

**1.1. ആമുഖം**

രണ്ടായിരത്തിപതിമൂന്ന് കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം വിശ്വാസവർഷമാണ്. വിശ്വാസവർഷാചരണത്തിനു മാർഗനിർദ്ദേശകമായി ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ 'വിശ്വാസത്തിന്റെ വാതിൽ' എന്ന അപ്പസ്തോലികലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപ്പസ്തോലപ്രവർത്തനം 14/27 ആണ് ശീർഷകത്തിന് ആധാരമായ ദൈവവചനം. വിശുദ്ധ പൗലോസും ബർണാബാസും അന്ത്യോക്യയിലെ വിശ്വാസികളെ വിളിച്ചുകൂട്ടി ദൈവം അവരിലൂടെ പ്രവർത്തിച്ച അദ്ഭുതകാര്യങ്ങൾ വിശദീകരിച്ചു. അവരുടെ വചനം കേട്ട വിജാതീയരിൽ ദൈവത്തിന്റെ കൃപ പെരുമഴ പോലെ പെയ്തിറങ്ങി. ദൈവം വിശ്വാസത്തിന്റെ വാതിൽ അവർക്കു തുറന്നു കൊടുത്തു. ഇന്നു മാമ്മോദീസയിലൂടെ വിശ്വാസവാതിൽ നമുക്കു തുറന്നു കിട്ടുന്നു. അതിൽ പ്രവേശിച്ചവർ വിശ്വാസത്തിൽ ആഴപ്പെടുകയും വളരുകയും ചെയ്യണമെന്നതാണ് വിശ്വാസവർഷാചരണം വഴി പരിശുദ്ധപിതാവ് ഉദ്ദേശിക്കുന്നത്. കത്തോലിക്കാ യുവതീയുവാക്കന്മാർ വിശ്വാസത്തിൽ ആഴപ്പെടുന്നതിനനുസരിച്ച് സഭയുടെ ഭാവി ശോഭനമാകുമെന്ന കാര്യത്തിൽ സംശയമില്ല.

**1.2. ക്രൈസ്തവജീവിതം - വിശ്വാസജീവിതം**

പിതാവായ ദൈവം അയച്ച പുത്രനിലൂടെ ത്രിത്വൈക ദൈവത്തിന്റെ ജീവനിൽ പങ്കുചേരുന്നതും അവിടുന്നുമായി ഐക്യപ്പെടുന്നതുമാണ് ക്രൈസ്തവജീവിതം. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തോടുള്ള അചഞ്ചലമായ സമർപ്പണവും അവിടുത്തേക്കു കൊടുക്കുന്ന വിശ്വാസാനുസരണവും അതിനാവശ്യമാണ് (cf. റോമ 13:6; 1:5; 2 കോറി 10:56; ദൈവാവിഷ്കാരം, 5). വിശ്വസിക്കുന്നവരെ ഈശോ പുകഴ്ത്തുകയും വിശ്വസിക്കാത്തവരെ കുറ്റപ്പെടുത്തുകയും ചെയ്യുന്നത് സുവിശേഷത്തിൽ നാം കാണുന്നുണ്ട് (cf. മത്താ 8:8; മർക്കോ 5:24-34; 10:46-52; മത്താ 21:32; യോഹ 3:18). വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവർക്ക് എല്ലാം സാധ്യമാണെന്നത് അവിടുത്തെ പ്രബോധനവുമാണ് (മത്താ 21:21-22).

**1.3. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം**

ഈശോ വെളിപ്പെടുത്തിയ സത്യങ്ങൾ സ്വീകരിച്ചും അവയിൽ നാം സ്വയം ഉൾച്ചേർത്തും അവയ്ക്കനുസരണം ജീവിതം ക്രമീകരിക്കുന്നതിലാണ് വിശ്വാസവളർച്ച അടങ്ങിയിരിക്കുന്നത്. അതിനാൽ, വിശ്വാസകാര്യങ്ങൾ അറിയുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. വിശ്വാസപ്രമാണം, ദൈവകല്പനകൾ, കൂദാശകൾ, പ്രാർത്ഥന തുടങ്ങിയ കത്തോലിക്കാജീവിതത്തിന്റെ അടിസ്ഥാനസ്തംഭങ്ങളെക്കുറിച്ചുള്ള

അറിവ് നേടാൻ യുവജനങ്ങൾ ഇക്കൊല്ലം പ്രത്യേകം ശ്രദ്ധിക്കണം. അവയെല്ലാം പരസ്പര ബന്ധിതമാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം അവ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. വിശ്വാസവർഷത്തിൽ മതബോധനഗ്രന്ഥം പ്രത്യേകം പഠനവിഷയമാക്കണമെന്നതാണ് മാർപാപ്പായുടെ നിർദ്ദേശം. ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികം വിശ്വാസവർഷപ്രഖ്യാപനത്തിന്റെ കാരണങ്ങളിൽ ഒന്നുമാണ്. കത്തോലിക്കാ മതബോധനഗ്രന്ഥം മൂന്നു രൂപങ്ങളിൽ പ്രകാശിതമായിട്ടുണ്ട്. യുവജനങ്ങൾക്ക് ആകർഷകമായി രൂപപ്പെടുത്തിയിട്ടുള്ള യുക്യാറ്റ് ഇക്കൊല്ലം കെ.സി.വൈ.എം പ്രവർത്തകർ വായിക്കാനും പഠിക്കാനും പ്രചരിപ്പിക്കാനും വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യണം. വിശ്വാസത്തിന്റെ മൗലികമായ ഉള്ളടക്കം ക്രമവത്കൃതമായും സുസംഘടിതമായും അതിൽ അവതരിപ്പിച്ചിട്ടുണ്ട്. സഭ സ്വീകരിക്കുകയും സംരക്ഷിക്കുകയും തന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ള പ്രബോധനത്തിന്റെ സമ്പത്ത് അതിൽ നമുക്കു കണ്ടെത്താം. വിശ്വാസയാത്ര വഴിതെറ്റാതിരിക്കാനും വിശ്വാസത്തിൽ വളരാനും ഈ സമ്പത്ത് യുവജനങ്ങൾക്ക് ഇടയാക്കും.

**1.4. രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകൾ**

കത്തോലിക്കാ മതബോധനഗ്രന്ഥത്തിനു പുറമേ രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളുടെ പഠനവും ഇക്കൊല്ലം പ്രോത്സാഹിപ്പിക്കപ്പെടണം. ആ കൗൺസിൽ തുടങ്ങിയതിന്റെ അമ്പതാം വർഷവും വിശ്വാസവർഷപ്രഖ്യാപനത്തിനു കാരണമായിട്ടുണ്ട്. സഭയ്ക്കു നല്കപ്പെട്ട വലിയ കൃപയും സഭയുടെ അവസാനിക്കാത്ത വസന്തവുമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. കൗൺസിലിന്റെ പ്രബോധനം സഭയിൽ എല്ലാ അംഗങ്ങൾക്കുമുള്ളതാണ്. അവ ഓരോ വ്യക്തിസഭയുടെയും ചൈതന്യത്തിനും പാരമ്പര്യത്തിനുമനുസരിച്ച് സ്വീകരിക്കപ്പെടണം. തെറ്റായ ആശയങ്ങളും അല്പസത്യങ്ങളും അർദ്ധസത്യങ്ങളുമൊക്കെ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്ന ഇന്ന് ഇതു വളരെ പ്രധാനപ്പെട്ട കാര്യമാണ്.

**1.5. ബൈബിൾ**

ബൈബിൾ അനുദിനം ധ്യാനപൂർവം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുകയെന്നത് കത്തോലിക്കാവിശ്വാസത്തിൽ വളരുന്നതിന് അനുപേക്ഷണീയമായ കാര്യമാണ്. ദൈവത്തിന്റെ വെളിപാട് ബൈബിളിൽ നാം കാണുന്നു. ബൈബിളിന്റെ രൂപീകരണത്തെക്കുറിച്ചുള്ള ഒരു ചിത്രം നമുക്കുണ്ടായിരിക്കണം. **1. അനുഭവം:** ദൈവികവെളിപാടിലൂടെ ജനത്തിനു ലഭിച്ച ദൈവാനുഭവമാണ് ബൈബിളിന്റെ പ്രമേയം. ചരിത്രപരമായ സംഭവങ്ങൾ ഈ വെളിപാടിന്റെ അടിസ്ഥാനമാണ്. പഴയനിയമത്തിന്റെ കാതൽ ഇസ്രായേൽജനത്തിന്റെ പുറപ്പാട് അനുഭവമാണെങ്കിൽ പുതിയ നിയമത്തിന്റേത് മിശിഹാസംഭവമാണ്.

ഈശോയുടെ ജനനം, പരസ്യജീവിതം, പീഡാസഹനം, കുരിശുമരണം, സംസ്കാരം, ഉത്ഥാനം എന്നിവയിൽ പങ്കുചേർന്നവർ അഗാധമായ ദൈവാനുഭവമുള്ളവരായി. അവർ ഈശോമിശിഹായെ രക്ഷകനും നാഥനുമായി സ്വീകരിച്ചു. അവിടുത്തെ പ്രബോധനങ്ങൾ ജീവിതശൈലിയായി ജീവിച്ചു. ഇന്നും സംഭവിക്കുന്നത് ഇതുതന്നെയാണ്. **2. പ്രഘോഷണം:** ദൈവജനം തങ്ങളുടെ ഈ അനുഭവം പിൻതലമുറകളിലേക്ക് കൈമാറി. വീടുകളിലൂടെയും ആരാധനാകേന്ദ്രങ്ങളിലൂടെയുമാണ് ഇതു കൈമാറിയത്. **3. രചന:** ദൈവജനത്തിന്റെ ജീവിതാനുഭവം പങ്കുവച്ച വിശുദ്ധ പാരമ്പര്യങ്ങളിൽനിന്ന് വിശുദ്ധഗ്രന്ഥം എഴുതപ്പെട്ടു. ദൈവജനത്തിന്റെ തന്നെ ഭാഗമായിരുന്ന രചയിതാക്കൾ ആ ജനത്തിന്റെ തന്നെ വിശ്വാസപാരമ്പര്യത്തിലാണ് അവർക്കുവേണ്ടി ദൈവികവെളിപാട് ലിഖിതരൂപത്തിലാക്കിയത്. അതിനാൽ, സഭയെയും പാരമ്പര്യത്തെയും അവഗണിച്ചുകൊണ്ട് ബൈബിൾ വായിക്കാനോ ദൈവികവെളിപാടു സ്വീകരിക്കാനോ സാധിക്കുകയില്ല. വിശുദ്ധഗ്രന്ഥവും വിശുദ്ധപാരമ്പര്യവും സഭാവിശ്വാസത്തിന്റെ രണ്ടു ചാനലുകളാണ്. അവ പരസ്പരം പൂർണമാക്കുന്നു. ദൈവമാണ് വിശുദ്ധ ഗ്രന്ഥത്തിന്റെ സ്രോതസ്സ്.

സുവിശേഷം അതിന്റെ പൂർണതയിൽ സജീവമായി സഭയിൽ സംരക്ഷിക്കാനും പിൻതലമുറകൾക്കു കൈമാറാനും വേണ്ടി അപ്പസ്തോലന്മാർ പിൻഗാമികളെ നിയോഗിച്ചു (1 തിമോ 4:14-16; അപ്പ 20:28-32). അവരിലൂടെയാണ് വിശ്വാസപൈതൃകത്തിന്റെ ആധികാരിക പിൻതുടർച്ച നടക്കുന്നത് (1 തിമോ 4:11-13). വിശുദ്ധ ഗ്രന്ഥം മനുഷ്യരുടെ വാക്കുകളിൽ എഴുതപ്പെട്ട ദൈവത്തിന്റെ വചനമാകയാൽ അതു വ്യാഖ്യാനിച്ചു മനസ്സിലാക്കുക ആവശ്യമാണ്. വചനത്തിന് വിവിധ അർത്ഥതലങ്ങൾ ഉണ്ട്. **1) വാച്യാർത്ഥം:** ഗ്രന്ഥകർത്താവ് കൈമാറാൻ ആഗ്രഹിച്ച യാഥാർത്ഥ്യമാണത്. **2) രൂപകാർത്ഥം:** നാം വിശ്വസിക്കേണ്ട കാര്യമാണത്. **3) ധാർമ്മികാർത്ഥം:** നാം ചെയ്യേണ്ട കാര്യമാണത്. **4) യുഗാന്തോന്മുഖാർത്ഥം:** അടിസ്ഥാനപരവും അന്തിമവുമായ അർത്ഥമാണത്. **5) ആധ്യാത്മികാർത്ഥം:** വിശുദ്ധഗ്രന്ഥം ദൈവാത്മപ്രചോദനത്താൽ വിശുദ്ധ ഗ്രന്ഥകർത്താക്കൾ എഴുതിയതായതുകൊണ്ട് അത് വെറും മാനുഷികകഴിവുകളിലും അന്വേഷണങ്ങളിലും ഒതുങ്ങുന്നതല്ല. ദൈവാത്മാവിന്റെ സഹായത്താൽ അതു മനസ്സിലാക്കണം.

ബൈബിൾ രൂപപ്പെട്ട കാലം, എഴുതപ്പെട്ട സാഹചര്യം, എഴുതിയ വ്യക്തികൾ, എഴുതിയത് ആർക്ക്, എഴുതിയത് എന്തു ലക്ഷ്യത്തോടെ, എഴുതപ്പെട്ട ഭാഷ, ഉപയോഗിച്ച സാഹിത്യരൂപങ്ങൾ എന്നിവയെക്കുറിച്ച് അവഗാഹം ഉണ്ടെങ്കിലേ അതു ശരിയായി മനസ്സിലാക്കാനാവൂ. അടിസ്ഥാനപരമായി സഭയിലും സഭയുടെ വിശ്വാസപാരമ്പര്യങ്ങളുടെ വെളിച്ചത്തിലുമാണ് വിശുദ്ധഗ്രന്ഥം വ്യാഖ്യാനിക്കപ്പെടേണ്ടത്. ഇക്കാര്യങ്ങൾ മറക്കുന്നത് അപകടകരമാണ്; മുൾച്ചെടികൾക്കിടയിൽ വീണ വിത്തെന്നപ്പോലെ വചനം ഞെരുക്കപ്പെടാൻ ഇടയാകും.

**1.6. വിശ്വാസം പകർന്നുകൊടുക്കൽ**

വിശ്വാസം മറ്റുള്ളവർക്കു പകർന്നു നല്കുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ് (cf. മത്താ 28:19-20). സ്വഭാവത്താലേ മിഷണറിയായ സഭയുടെ ദൗത്യത്തിൽ അതുവഴി സഭാംഗങ്ങൾ പങ്കുചേരുന്നു. യുവാക്കൾ തന്നെ യുവാക്കൾക്ക് വിശ്വാസമറിയിക്കുക പ്രധാനപ്പെട്ട കാര്യമാണ്. മാതൃകാപരമായ ജീവിതത്തിലൂടെയാണ് അതു മുഖ്യമായും നടത്തേണ്ടത്. പ്രാർത്ഥന, ധ്യാനം, കൂദാശകളിലുള്ള പങ്കുചേരൽ, ഇടവക പ്രവർത്തനങ്ങളിലെ ഭാഗഭാഗിത്വം, പരസ്നേഹപ്രവർത്തനങ്ങൾ, മൂല്യാധിഷ്ഠിതജീവിതം എന്നിവ വഴി യുവജനങ്ങൾ തങ്ങളുടെ വിശ്വാസത്തിന് സാക്ഷ്യം വഹിക്കണം.

**1.7. നീതിനിഷ്ഠമായ സമൂഹസൃഷ്ടി**

സത്യവും നീതിയും സ്നേഹവും പുലരുന്ന ഒരു ലോകസൃഷ്ടിക്കുവേണ്ടി പ്രവർത്തിക്കാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങുകയെന്നതും ക്രൈസ്തവവിശ്വാസത്തിന്റെ ഭാഗമാണ്. നീതിക്കുവേണ്ടി സഹിക്കേണ്ടിവരുമ്പോൾ ലോകരക്ഷയ്ക്കായി സഹിച്ച ക്രിസ്തുവിനോട് യുവജനങ്ങൾ അനുരൂപപ്പെടുന്നു. നീതിക്കുവേണ്ടി പടപൊരുതുന്നവരെ ഭാഗ്യവാന്മാർ എന്നാണ് ക്രിസ്തു വിശേഷിപ്പിക്കുന്നത്. യേശുക്രിസ്തുവിൽ നിത്യമഹത്ത്വത്തിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന പിതാവായ ദൈവം അല്പസമയത്തെ സഹനത്തിനുശേഷം നമ്മെ പരിപൂർണരാക്കി ശക്തിപ്പെടുത്തുമെന്ന ബോധ്യം (cf. 1 പത്രോ 1:6-9) നീതിക്കുവേണ്ടി പ്രവർത്തിക്കുന്ന യുവാക്കളെ നയിക്കണം. നീതിമാൻ തന്റെ വിശ്വാസം മൂലമാണ് ജീവിക്കുന്നത് (ഹബ 2:4).

വിശുദ്ധ ഗ്രന്ഥത്തിന്റെയും സഭാപ്രബോധനങ്ങളുടെയും വെളിച്ചത്തിൽ വിശ്വാസമെന്തെന്ന് യുക്യാറ്റ് അവതരിപ്പിക്കുന്നത് മുകളിൽപ്പറഞ്ഞ കാര്യങ്ങളെ ഉറപ്പിക്കും. അതു ദൈവത്തിന്റെ ദാനമാണ്. ദൈവത്തെപ്പറ്റിയുള്ള അറിവും ദൈവം വെളിപ്പെടുത്തിയ സത്യങ്ങളുടെ സ്വീകരണവും ദൈവത്തിലുള്ള ആശ്രയത്വവും സമർപ്പണവും ദൈവവചനമനുസരിച്ചുള്ള പുതിയ ജീവിതവും വഴി നാം വിശ്വാസത്തിൽ വളരും. വിശ്വാസം യഥാർത്ഥ സ്നേഹത്തിലേക്കു നയിക്കണം. എങ്കിലേ അതു പൂർണമാകൂ (cf. no. 21). ക്രിസ്തീയ വിശ്വാസവും സമഗ്രമായ സാമൂഹികപുരോഗതിക്കു വേണ്ടിയുള്ള പ്രതിജ്ഞാബദ്ധതയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സാമൂഹികപരിവർത്തനത്തിനായി യത്നിക്കാൻ മുന്നിട്ടിറങ്ങുന്ന യുവജനങ്ങൾ വിശ്വാസജീവിതം നയിക്കുന്നവരാകുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. വിശ്വാസയുവതയ്ക്കാണ് കൂടുതൽ നന്മ ചെയ്യാൻ കഴിയുന്നത്.

ദാരിദ്ര്യം, നിരക്ഷരത്വം, അനീതി, അസമത്വം തുടങ്ങിയവ ഇന്നും നമുക്കു ചുറ്റുമുണ്ട്. ഈ പശ്ചാത്തലത്തിലാണ് വിമോചനത്തിന്റെയും പുരോഗതിയുടെയും വക്താക്കളാകാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങേണ്ടത്. മനുഷ്യന്റെ നീറുന്ന പ്രശ്നങ്ങളിൽ പങ്കുചേർന്ന് മനുഷ്യമോചനത്തിനായി സമർപ്പിക്കാനുള്ള ഔത്സുക്യമാണ് സാമൂഹിക പ്രതിജ്ഞാബദ്ധത. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കാനുള്ള

കരുണയും സന്മനസ്സും യുവജനങ്ങൾക്കുണ്ടാകണം. യുദ്ധം, അക്രമം, ഹിംസ, വർഗീയത, അഴിമതി, അധാർമ്മികത, ഭീകരതാവാദം എന്നിവയ്ക്കെതിരേ യുവജനങ്ങൾ രംഗത്തിറങ്ങുമ്പോൾ നല്ല സമൂഹം കെട്ടിപ്പടുക്കാനും എല്ലാ മനുഷ്യർക്കും സുസ്ഥിതി ഉണ്ടാകാനുമുള്ള പ്രവർത്തനത്തിലാണ് ഏർപ്പെടുന്നത്. സാമൂഹികതിന്മകൾക്കും ചൂഷണങ്ങൾക്കും ക്രൂരകൃത്യങ്ങൾക്കുമെതിരേ യുവജനങ്ങൾ അണിനിരക്കുമ്പോൾ സാമൂഹിക പുരോഗതിയുടെ മുന്നണിപ്പോരാളികളാകുകയാണ് തങ്ങളെന്ന ബോധ്യം ഉണ്ടായിരിക്കണം. നാടിന്റെ വിവിധങ്ങളായ വികസനത്തിനു വേണ്ടിയും യുവജനങ്ങൾ മുന്നിട്ടിറങ്ങണം. അത് യുവജനങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ വിശ്വാസജീവിതത്തിനുള്ള സാക്ഷ്യം വഹിക്കലിന്റെ അവിഭാജ്യഘടകം തന്നെയാണ്. കെ.സി.വൈ.എം.-ന്റെ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള പരിശ്രമവുമാണത്.

**1.8. യുവജനങ്ങൾ മൗലികതിന്മകളിൽ നിന്ന് അകന്നിരിക്കുക**

സത്യത്തിൽ എല്ലാ തിന്മകളും വരുന്നത് ധനാസക്തി, അധികാരദുർമോഹം, കാമഭ്രാന്ത് എന്നീ ത്രിവിധ പ്രലോഭനങ്ങളിൽ നിന്നാണ് (cf. 1 യോഹ 2:15-16). ഈ തിന്മകളിൽ നിന്ന് അകന്നിരിക്കുന്ന യുവജനങ്ങൾക്കേ യഥാർത്ഥ സാമൂഹികപുരോഗതിയുടെ വക്താക്കളാകാനാവൂ. എന്നാൽ, ആദർശം പ്രസംഗിക്കുന്ന യുവജനങ്ങൾത്തന്നെ ഈ മൗലികതിന്മകൾക്ക് പലപ്പോഴും അടിമകളാകുന്നുവെന്നതാണ് വലിയ വൈരുധ്യം. യുവജനങ്ങളുടെയിടയിൽത്തന്നെ കാണുന്ന മദ്യ-മയക്കുമരുന്ന് ആസക്തികൾ, അക്രമപ്രവർത്തനങ്ങൾ, കുറ്റകൃത്യങ്ങൾ, അശ്ലീലത, അലസത, ആർഭാടജീവിതശൈലി, മാധ്യമദുരുപയോഗം (ഇന്റർനെറ്റ്, മൊബൈൽഫോൺ...), മൂല്യത്തകർച്ച, ഉപഭോഗപരത എന്നിവയെല്ലാം ഒരു ആന്തരിക പരിവർത്തനത്തിന്റെ ആവശ്യകതയാണ് വെളിപ്പെടുത്തുന്നത് (cf. ജോൺപോൾ രണ്ടാമൻ, 1992-ലെ യുവജനദിനസന്ദേശം). ആത്മീയ ശിക്ഷണത്തിലൂടെയും ധാർമ്മികപരിശീലനത്തിലൂടെയും യുവജനങ്ങൾ തങ്ങളെത്തന്നെ ശുദ്ധീകരിക്കണം. സാമൂഹികമാറ്റത്തിന് അവശ്യംവേണ്ട വ്യവസ്ഥയാണിത്. ദൈവത്തെ പിതാവായും മനുഷ്യരെ സഹോദരങ്ങളായും അംഗീകരിച്ച് ദൈവരാജ്യസംസ്ഥാപനത്തിനായി യത്നിക്കുന്നവരാണ് ക്രൈസ്തവർ. വിശ്വാസമാണ് സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക മണ്ഡലങ്ങളിൽ മാറ്റത്തിനുവേണ്ടി ആത്മീയജ്വാലയോടെ പ്രവർത്തിക്കാനുള്ള ആന്തരികശക്തി നല്കുന്നതെന്ന കാര്യം യുവജനങ്ങൾ മറക്കരുത്. സത്യം, നീതി, ധർമ്മം എന്നിവയോട് വിശ്വസ്തരായിരിക്കണമെന്നത് യേശുവിന്റെ പ്രബോധനങ്ങളുടെ കാതലുമാണ്. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാനുള്ള കടമ നമ്മുടെ പ്രത്യാശയുടെ ഭാഗവുമാണ് (വെളിപാട് 21, 22 അധ്യായങ്ങൾ). ദൈവത്തോടു ചേർന്നും കഠിനാധ്വാനം ചെയ്തും നാമത് പടുത്തുയർത്തണം. പ്രത്യേകിച്ച്, ദരിദ്രർ, രോഗികൾ, അനാഥർ, ശാരീരികമായും മാനസികമായും ക്ലേശിക്കുന്നവർ എന്നിവരിൽ മറഞ്ഞിരിക്കുന്ന യേശുവിനെ നാം കാണുകയും

ശുശ്രൂഷിക്കുകയും വേണം (മത്താ 25:31-46). സ്വർഗത്തിൽ യഥാർത്ഥ നിക്ഷേപം കരുതിവയ്ക്കുന്നതിനും ശാശ്വതഭവനം പണിയുന്നതിനും അതാവശ്യമാണ്.

**1.9. വിശ്വാസവർഷാചരണത്തിന് ചെയ്യാവുന്ന കാര്യങ്ങൾ**

1) ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ വിശ്വാസത്തിന്റെ വാതിൽ എന്ന അപ്പസ്തോലികലേഖനം വായിച്ച് അതിൻപ്രകാരം കർമ്മപരിപാടികൾ രൂപീകരിക്കുക. വിശ്വാസവർഷാചരണത്തിന് കെ.സി.ബി.സി. നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പാക്കാൻ പരിശ്രമിക്കുക.
2) രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രത്യേകിച്ച് യുക്യാറ്റ്, ഇക്കൊല്ലം വായിക്കുക, പഠിക്കുക.
3) ദൈവവചനവായനയും പഠനവും പ്രോത്സാഹിപ്പിക്കുക. ആരാധനാക്രമമനുസരിച്ചുള്ള അനുദിന ബൈബിൾ വായനയ്ക്കുള്ള കലണ്ടർ ഉപയോഗപ്പെടുത്തുക.
4) യുക്യാറ്റിന്റെ വെളിച്ചത്തിൽ ക്വിസ് മത്സരം ഇടവക, രൂപത, സംസ്ഥാനതലങ്ങളിൽ നടത്തുക.
5) കെ.സി.വൈ.എം. മീറ്റിംഗുകളിൽ ഇക്കൊല്ലം വിശ്വാസവെല്ലുവിളികൾ ചർച്ച ചെയ്യുക.
6) വിശ്വാസപരിപോഷണ ധ്യാനങ്ങൾ യുവജനങ്ങൾക്കായി സംഘടിപ്പിക്കുക.
7) കൗദാശികജീവിതം സജീവമാക്കുക. പ്രത്യേകിച്ച് വിശുദ്ധ കുർബാന, കുമ്പസാരം എന്നിവയിൽ പങ്കുചേരുക.
8) കെ.സി.വൈ.എം. പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. കൂടുതൽ അംഗങ്ങളെ ചേർക്കുക.
9) പരസ്നേഹപ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുക.
10) സാമൂഹികതിന്മകൾക്കെതിരെ പ്രത്യേകിച്ച് മദ്യം, അഴിമതി, പീഡനം എന്നിവയ്ക്കെതിരെ പ്രവർത്തിക്കുക.
11) രക്തദാനത്തിനും അവയവദാനത്തിനും സേന രൂപീകരിക്കുക.
12) വൈദിക-സന്ന്യസ്ത-മിഷണറി ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക.
13) നല്ല കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക.
14) കത്തോലിക്കാ വിരുദ്ധഗ്രൂപ്പുകളെക്കുറിച്ച് പഠിക്കുക, പരിഹാരം കണ്ടെത്തുക. സെക്റ്റുകളിൽപ്പെട്ടവരെ തിരിച്ചുകൊണ്ടുവരാൻ പരിശ്രമിക്കുക.
15) സാമൂഹിക സമ്പർക്കമാധ്യമങ്ങളുടെ ഗുണവും ദോഷവും വിലയിരുത്തുക. വിശ്വാസപരിപോഷണത്തിന് മാധ്യമങ്ങൾ ഉപയോഗപ്പെടുത്തുക.
16) കുടുംബപ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുക.

*(തുടർച്ച അടുത്ത ബുള്ളറ്റിനിൽ)*

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ജനുവരി 24 മുതൽ 27 വരെ നടന്നകോഴ്സിൽ 89 പേരും, ഫെബ്രുവരി 17 മുതൽ 20 വരെ നടന്നകോഴ്സിൽ 97 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| മാർച്ച് | 22-25 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ | 11-14 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ | 25-28 | - പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

മാർച്ച് 15-18 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് നടത്തപ്പെടുന്നു. ഈ കോഴ്സിലേക്ക് മണിമൂളി, നിലമ്പൂർ ഫൊറോനകളിലെയും, നീലഗിരി റീജനിലെയും യുവതീയുവാക്കളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ.

**കത്തോലിക്കാ മാതൃസംഘടന**

ബഹു ഡെന്നീസച്ചന്റെയും, അസി. ഡയറക്ടർ ബിനുവച്ചന്റെയും നേതൃത്വത്തിൽ 19 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. 12 അംഗങ്ങൾ പങ്കെടുത്തു. 23 ന് നടത്തപ്പെടുന്ന രൂപതാ സാഹിത്യമത്സരങ്ങളുടെ വിശദവിവരങ്ങൾ ചർച്ചചെയ്തു. ഓരോ ഫൊറോനയിലും ഫൊറോന ഡയറക്ടറോടും, ആനിമേറ്ററോടും ഒപ്പം മത്സരം നടത്തുന്നതിന് വേണ്ടി പോകാൻ രൂപതാഭാരവാഹികളെ തെരഞ്ഞെടുത്തു. അവർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി. ഓരോ ഫെറോനയിൽനിന്നും വിധവകളുടെ ലിസ്റ്റ്

നൽകാത്തവർ എത്രയും വേഗം അവരുടെ വിശദവിവരങ്ങൾ രൂപത യിൽ അറിയിക്കേണ്ടതാണ് എന്നും തീരുമാനിച്ചു. അടുത്ത രൂപതാ എക്സിക്യൂട്ടീവ് മാർച്ച് 06 ന് 10 മണിക്ക്.

**മണ്ഡ്യ രൂപതാസന്ദർശനം**

പ്രേഷിതവർഷം പ്രമാണിച്ച് ഒരോ ഇടവകയിൽ നിന്നും ശേഖ രിച്ച നിഷേപം(2,00,000) ഏൽപ്പിക്കുന്നതിനായി ജനുവരി 31 ന് ഡയറക്ടർ ബഹു. ഡെന്നീസച്ചനും, അസി. ഡയറക്ടർ ബിനുവച്ചനും, രൂപതാ മാതൃ സംഘടന എക്സിക്യൂട്ടീവ് അംഗങ്ങളും, വനിതാ കമ്മീ ഷൻ സെക്രട്ടറിയും അടങ്ങുന്ന ടീം മണ്ഡ്യ രൂപതാ സന്ദർശനം നട ത്തി. മണ്ഡ്യ രൂപതയുടെ വത്സലപിതാവ് ഞങ്ങളെ ഹൃദ്യമായി സ്വീക രിച്ചു. പുതുതായി നിർമ്മിക്കുന്ന ബിഷപ്പ്സ് ഹൗസും പരിസരങ്ങളും സന്ദർശിച്ച് ഉച്ചഭക്ഷണത്തിന് ശേഷം മിഷൻ ഗ്രാമങ്ങൾ സന്ദർശിച്ചു. വൈകുന്നേരത്തോടെ അഭിവന്ദ്യപിതാവ് ഞങ്ങളെ അനുഗ്രഹിച്ച് ആശീർവദിച്ച് തിരിച്ച് യാത്രയാക്കി.

**നെടുമ്പാല യൂണിറ്റ്**

ജനുവരി 15 ന് സംഘടനയുടെ മീറ്റിംഗ് നടന്നു. കലാമത്സരങ്ങളിൽ പങ്കെടുക്കാനുള്ളവരെ തിരഞ്ഞെടുക്കുകയും ചെയ്തു. രോഗീ സന്ദർശനം നടത്തി പള്ളിവെഞ്ചിരിപ്പിനും, 10 ദിവസങ്ങളിനായി നടത്ത പ്പെട്ട ഇടവകാതിരുനാളാഘോഷങ്ങളിലും അമ്മമാരുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. വാർഷിക ആഘോഷത്തിൽ അമ്മമാർ ബൈബിൾ ദൃശ്യാവതരണം അവതരിപ്പിക്കുകയും ചെയ്തു.

**ചൂരൽമല യൂണിറ്റ്**

ബഹു. സാജു പുതുശ്ശേരി അച്ചൻ ക്ലാസ് നയിച്ചു. ജനുവരി 20ന് നടന്ന ഇടവക തിരുനാളാഘോഷങ്ങളിൽ ഏതാനും അമ്മമാർ കാഴ്ച സമർപ്പണം നടത്തി.

**പയ്യംമ്പള്ളി യൂണിറ്റ്**

ബഹു.ജോസച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. എല്ലാ ശനിയാഴ്ചകളിലും വി.കുർബാ നയ്ക്ക് ശേഷം അംഗങ്ങൾ ഒരുമിച്ചു കൊന്തചൊല്ലി പ്രാർത്ഥിക്കുന്നു. പള്ളിയും പരിസരവും വൃത്തിയാക്കുന്നു. അടുത്ത മാസത്തെ പ്രവർത്ത നങ്ങൾക്ക് രൂപം കൊടുത്തു.

**വഞ്ഞോട് യൂണിറ്റ്**

ബഹു.സജിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് ചേർന്നു. വിമൻസ്

കമ്മീഷൻ മെമ്പറായി ശ്രീമതി ബീന ഓലികുന്നേലിനെ തിരഞ്ഞെടുത്തു. ഇടവകയിൽ വെച്ച് നടത്തിയ ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ തീഷ്ണതയോടെ പങ്കെടുത്തു. ജനുവരി 09 ന് സാഹിത്യമത്സരവും, 25 ന് കലാമത്സരങ്ങളും നടത്തി.

**പുതിയിടം യൂണിറ്റ്**

ജനുവരി 13 ന് ബഹു.ജോസച്ചൻ കുട്ടികളും, മൊബൈൽ ഫോണും എന്ന വിഷയത്തെകുറിച്ച് ക്ലാസ്സ് നയിച്ചു. ഇടവകാതിരുനാൾ ആഘോഷമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. കാപ്പികട, കോമഡിഷോ അവതരിപ്പിക്കുക എന്നതിനെകുറിച്ച് ചിന്തിച്ചു. ഫൊറോന മീറ്റിംഗിൽ ആനിമേറ്ററും, ഭാരവാഹികളും പങ്കെടുത്തു. സാഹിത്യമത്സരങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങളെ തിരഞ്ഞെടുത്തു.

**മാനന്തവാടി ഫൊറോന**

ഫൊറോന ഡയറക്ടർ ബഹു.ജോണി പെരുമാട്ടിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ആനിമേറ്റേഴ്സിന്റെയും, എക്സിക്യൂട്ടീവ് മെമ്പേഴ്സിന്റെയും സംയുക്ത സംഗമം നടത്തി. ഡയറക്ടർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പുതിയ ഭാരവാഹികൾക്ക് സ്വാഗതവും പഴയഭാരവാഹികൾക്ക് യാത്രയയപ്പും നൽകി. വിമൻസ് കമ്മീഷൻ സെക്രട്ടറിയും പങ്കെടുത്തു. ഭാവി പ്രവർത്തനങ്ങളെകുറിച്ചു ചർച്ച നടത്തി. ശ്രീമതി തങ്കമണി നന്ദിയർപ്പിച്ചു.

**കരണി യൂണിറ്റ്**

- ജനുവരി 06 ന് മീറ്റിംഗ് ചേർന്നു. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കലാസാഹിത്യ മത്സരങ്ങളിൽ കഴിയുന്നത്ര അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

- 12 ന് ഇടവകകുടുംബങ്ങളും ഇതരകുടുംബങ്ങളിലുമായി 7 ഭവനങ്ങൾ സന്ദർശിച്ച് വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിച്ചു.

- 20 ന് ഫൊറോന മീറ്റിംഗിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും സംബന്ധിച്ചു, 27 ന് അമ്മമാർ കാഴ്ചസമർപ്പണം നടത്തി. ജീവകാരുണ്യത്തിലേയ്ക്കായി ഫണ്ട് ശേഖരിച്ചു. 28 ന് പള്ളിയിലെ കാപ്പിക്കുരു പറിക്കുന്നതിന് എക്സിക്യൂട്ടീവ് അംഗങ്ങൾ സഹകരിച്ചു.

**മൂലങ്കാവ് യൂണിറ്റ്**

ജനുവരി 19 ന് മീറ്റിംഗ് ചേർന്നു. കഴിഞ്ഞ മാസത്തിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പുതിയ പ്രവർത്തനങ്ങൾ

ആസൂത്രണം ചെയ്യുകയും ചെയ്തു. തിരുനാൾ ദിനങ്ങളിൽ അമ്മമാർ നടത്തിയ സേവനങ്ങളെയും. വാർഷിക ആഘോഷത്തിന് അവതരിപ്പിച്ച കലാപരിപാടികളെയും ഷാജുവച്ചൻ അഭിനന്ദിച്ചു. ഫണ്ട് ശേഖരണത്തിനായി അമ്മമാർ നടത്തിയ ചായക്കച്ചവടം വിജയമായി. ഡിസംബറിൽ മുഴുവൻ അമ്മമാർക്കായി വയനാട് ജില്ലാ പോലീസ് സൂപ്രണ്ട് ശ്രീ. ജോർജ് സാർ 'ഗാർഗിക അതിക്രമങ്ങളെക്കുറിച്ചും' അമ്മമാർ അറിഞ്ഞിരിക്കേണ്ട നിയമങ്ങളെക്കുറിച്ചും ക്ലാസെടുത്തു.

## കുറുമ്പാല യൂണിറ്റ്

പുതിയ ഭാരവാഹികൾ ഡയറക്ടർ - ഫാ. ജെയ്സ് കുഴികണ്ടത്തിൽ, ആനിമേറ്റർ - സി. സിറിൽ എഫ്.സി,സി, പ്രസിഡണ്ട് - ശ്രീമതി അന്നമ്മ കാവാലം, വൈ.പ്രസി - ശ്രീമതി സോണി എടാട്ടേൽ, സെക്രട്ടറി - ശ്രീമതി മേഴ്സി തുരുത്തേൽ, ട്രഷറർ - ശ്രീമതി ഗ്രേസി പരിയാരത്ത്. എല്ലാമാസവും രണ്ടാം ശനിയാഴ്ച അമ്മമാർക്ക് വേണ്ടി യൂണിറ്റിൽ സെമിനാർ നടത്തുന്നു. എല്ലാ ശനിയാഴ്ചയും പള്ളിയും പരിസരവും വൃത്തിയാക്കുന്നു.

## മച്ചികൊല്ലി യൂണിറ്റ്

ജനുവരി 18 ന് ബഹു. മനോജ് അച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് ചേർന്നു. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അച്ചൻ അമ്മമാർക്ക് വിശ്വാസത്തെപ്പറ്റി ക്ലാസ്സെടുത്തു. 26 ന് യൂണിറ്റ്തല മത്സരങ്ങൾ നടത്തി. വികാരിയച്ചൻ വിജയികൾക്ക് സമ്മാനം നൽകി. എല്ലാ വെള്ളിയാഴ്ചയും 02 മുതൽ 05 വരെ ആരാധന നടത്തികൊണ്ടിരിക്കുന്നു. ഭവന സന്ദർശനവും, രോഗീ സന്ദർശനവും നടത്തുന്നു. ഞായറാഴ്ചകളിൽ കൊന്തയ്ക്കും പ്രാർത്ഥനയ്ക്കും ബൈബിൾ വായനയ്ക്കും നേതൃത്വം കൊടുക്കുന്നു.

## ഇടിവണ്ണ യൂണിറ്റ്

ജനുവരി 09 ന് ബഹു. ജിൽസനച്ചന്റെയും, ആനിമേറ്ററിന്റെയും നേതൃത്വത്തിൽ മീറ്റിംഗ് ചേർന്നു ഇടവകാതിരുനാളിൽ അമ്മമാരുടെ സഹായം എന്തൊക്കെയാണ് വേണ്ടത് എന്ന് ചർച്ച ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കുവാനും അലങ്കരിക്കുവാനും തീരുമാനിച്ചു. 16-ന് യൂണിറ്റ്തല മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചു. പൊതു മീറ്റിംഗിൽ 2012-2013 വർഷത്തെ വാർഷിക റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു.

**മരിയൻ സിംഗിൾസ്**

ഫെബ്രുവരി 12 ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 10 പേർ പങ്കെടുത്തു. മാർച്ച് 13 ന് മൈസൂർ സന്ദർശിക്കാൻ തീരുമാനിച്ചു.

**മാതൃസംഘടന മത്സരങ്ങൾക്കുള്ള നിബന്ധനകൾ**

പ്രിയപ്പെട്ടവരെ, മാതൃസംഘടന അംഗങ്ങൾക്കായുള്ള മത്സരങ്ങൾ ഈ മാസങ്ങളിൽ നടക്കുകയാണല്ലോ. അമ്മമാരിലെ കഴിവുകൾ സർഗ്ഗാത്മകത വികസിപ്പിക്കുവാനുള്ള അവസരമാണ്, വാശിയേറിയ മത്സരങ്ങൾക്ക് അല്ല. ഈ അവസരം നമുക്ക് നന്നായി ഉപയോഗിക്കാം.

I. i) മത്സരങ്ങൾ മാതൃസംഘാംഗങ്ങൾക്ക് വേണ്ടി മാത്രമാണ്.

ii) മാതൃസംഘാംഗങ്ങളും, ആനിമേറ്റേഴ്സും അല്ലാത്ത ആർക്കും മത്സരവേദിയിൽ ഒരുക്കങ്ങൾക്കോ, പങ്കെടുക്കാനോ വരാവുന്നതല്ല.

iii) 2012 ഡിസംബർ 31 ന് ഉള്ളിൽ അംഗത്വം നവീകരിക്കുകയോ, പുതിയതായി അംഗമാവുകയോ ചെയ്തവർക്ക് മാത്രമാണ് മത്സരത്തിൽ പങ്കെടുക്കാവുന്നത്.

iv) മത്സരത്തിനുവേണ്ടി പുതിയ ആളുകൾ ചേരുന്നതോ, മത്സരത്തിനുവേണ്ടി മാത്രം വരുന്നവരെ മാതൃസംഘാംഗങ്ങളാക്കുന്നതോ ശരിയല്ലല്ലോ.

v) മാതൃസംഘാംഗങ്ങളുടെ കഴിവുകളുടെ മാറ്റുരയ്ക്കുവാനുള്ള അവസരമാണ് ഈ മത്സരങ്ങൾ.

II. a) **മത്സര ഇനങ്ങൾ**

പ്രബന്ധം, കഥ, കവിത, പ്രസംഗം, ലളിതഗാനം, മോണോ ആക്ട്, ബൈബിൾ വാക്യ പഠനം, ക്വിസ്, ബൈബിൾ വായന, ഓർമ്മ പരിശോധന, ഏകാങ്കം, സംഘഗാനം, ബൈബിൾ ദൃശ്യാവതരണം.

b). **വിഷയങ്ങൾ**

a). ഉപന്യാസം, കഥ, കവിത, പ്രസംഗം - യോഹന്നാൻ 6

b). ഏകാങ്കം - വിശ്വാസ കൈമാറ്റം കുടുംബത്തിലൂടെ

c). ക്വിസ് - ലൂക്ക 1-12 (60%), വിശ്വാസത്തിന്റെ വാതിൽ (30%), മാതൃസംഘടനാ നിയമാവലി (10%).

c). **നിബന്ധനകൾ**

1. ബൈബിൾ വാക്യ പഠനത്തിന് തയ്യാറാക്കിയ ഒരു പഠന സഹായി

തരുന്നതായിരിക്കും. അതിൽ നിന്നും മൂന്ന് മിനിറ്റുകൾകൊണ്ട് ഏറ്റവും കൂടുതൽ എഴുതുന്നവർക്കാണ് സമ്മാനം.

2. ഓർമ്മ പരിശോധന ബൈബിളിൽ നിന്നുള്ള പേരുകൾ 3 മിനിറ്റ് കാണാനും, 5 മിനിറ്റ് എഴുതാനും. തുല്യത വന്നാൽ ക്രമം പരിഗണിക്കുന്നതാണ്.
3. എഴുത്തുമത്സരങ്ങൾക്ക് ഓരോ മണിക്കൂർ സമയം ഉണ്ടായിരിക്കും.
4. സംഘഗാനം മൂന്ന് Stanza ഉള്ള ഒരു ഗാനം മാത്രം.
5. മോണോ ആക്ട് അഞ്ച് മിനിറ്റ് സമയം മാത്രം.
6. പ്രസംഗ മൽസരത്തിന് 5 മിനിറ്റ് സമയം ഉണ്ടായിരിക്കും. മൽസരത്തിന് 5 മിനിറ്റ് മുൻപ് വിഷയം നൽകുന്നതാണ്.
7. ബൈബിൾ ദൃശ്യാവതരണം. ഒരുക്കം 5 മിനിറ്റ്, അവതരണം 3 മിനിറ്റ്, സ്റ്റേജ് മാറി കൊടുക്കാൻ 2 മിനിറ്റ്.
8. ഏകാങ്കം ഒരുക്കം 10 മിനിറ്റ്, അവതരണം 30 മിനിറ്റ്, സ്റ്റേജ് മാറി കൊടുക്കാൻ 5 മിനിറ്റ്

III. i) വ്യക്തിഗത ഇനങ്ങളിൽ (കല, സാഹിത്യം) മൂന്ന് എണ്ണത്തിന് വീതവും, ഗ്രൂപ്പ് ഇനങ്ങളിൽ മൂന്ന് എണ്ണത്തിനും ഒരാൾക്ക് പങ്കെടുക്കാം.

ii) ഇടവകാതലത്തിൽ  കല, സാഹിത്യ ഇനങ്ങളിൽ ഫസ്റ്റും, സെക്കന്റും ലഭിക്കുന്നവർക്ക്  ഫൊറോനാമത്സരങ്ങളിൽ പങ്കെടുക്കാം. ഫൊറോനാ തലത്തിൽ  ഫസ്റ്റും  സെക്കന്റും ലഭിക്കുന്നവർക്ക് രൂപതാ  തലത്തിൽ മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കും.

iii) ഗ്രൂപ്പ് ഇനങ്ങളിൽ ഫസ്റ്റ് ലഭിക്കുന്നവർക്ക് മാത്രമാണ് അടുത്ത തലത്തിൽ മത്സരിക്കാൻ സാധിക്കുക.

iv) മത്സരത്തിന് യോഗ്യതലഭിച്ചവർ മാത്രമേ അടുത്ത തലത്തിൽ പങ്കെടുക്കാവൂ. ഒരാൾ വരാത്തതിന്റെ പേരിൽ അടുത്ത ആൾ/ ടീം എന്ന കാര്യം അനുവദനീയമല്ല.

v) ഫസ്റ്റ് ലഭിച്ച ടീം എന്നല്ലാതെ ഇടവക/ഫൊറോനാ തലത്തിൽ മത്സരത്തിന് വേണ്ടി മറ്റൊരു ടീം reconstitute ചെയ്യുക എന്നതും സാധ്യമല്ല.

IV. ഏകാങ്കം, സംഘഗാനം, ബൈബിൾ ദൃശ്യാവതരണം എന്നിവയ്ക്ക് ഏഴുപേർക്കാണ് പങ്കെടുക്കാവുന്നത്.

i) Background / instruments, recorded music + Sounds എന്നിവ വളരെ അത്യാവശ്യമായ രംഗങ്ങളിൽ മാത്രം ഉപയോഗിക്കാവുന്നതാണ്.

ii) a. ഏകാങ്കം, ദൃശ്യാവതരണം എന്നിവയ്ക്ക് രംഗ സജ്ജീകരണം, മെയ്ക്കപ്പ്, മറ്റ് ക്രമീകരണങ്ങൾ എന്നിവയ്ക്ക് ആകെ 15/100 മാർക്കേ ഉണ്ടാകൂ.

b. ആശയം, അവതരണരീതി, സന്ദേശത്തിന്റെ പ്രസക്തി എന്നിവയ്ക്ക് 70/100 മാർക്ക് ഉണ്ടായിരിക്കും.

c. സമയ ക്ലിപ്തത : സമയത്ത് ആരംഭിക്കുക, അടുത്ത ടീമിന് സ്റ്റേജ് സമയത്ത് നൽകുക, കൃത്യസമയംകൊണ്ട് പ്രോഗ്രാം അവസാനിപ്പിക്കുക എന്നിവയ്ക്ക് 10/100 മാർക്ക് ഉണ്ടായിരിക്കും.

d. 05/100 മാർക്ക് അവതരണരീതിയുടെ മികവിന് ആയിരിക്കും.

iii) സ്റ്റേജ് പ്രോഗ്രാമിന് Front and back curtain (general) and sound ഇവിടെ പൊതുവായി ക്രമീകരിച്ചിട്ടുണ്ടാകും.

V. ഫൊറോനതല കലാസാഹിത്യമത്സര വിജയികളുടെ ലിസ്റ്റ് മാർച്ച് 23-ാം തീയതി ശനിയാഴ്ച രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്

VI. കലാസാഹിത്യമത്സര വിജയികളുടെ ലിസ്റ്റിനോടൊപ്പം രജിസ്ട്രേഷൻ ഫീസും (വ്യക്തിഗത ഇനങ്ങളിൽ ഒരാൾക്ക് 10 രൂപയും, ഗ്രൂപ്പ് ഇനങ്ങളിൽ ഗ്രൂപ്പിന് 100 രൂപയും) മാർച്ച് 23-ാം തീയതി തന്നെ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്

VII. രൂപതാതല കലാമത്സരങ്ങൾ 2013 ഏപ്രിൽ 20-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ ആയിരിക്കും.

VIII. മൽസര വിജയിക്കൾക്ക് പോയിന്റുകൾ നൽകുന്നത് താഴെ പറയുന്നക്രമത്തിൽ ആയിരിക്കും. (ഫസ്റ്റ്, സെക്കൻറ്റ്, തേർഡ് - വ്യക്തിഗത ഇനങ്ങൾക്ക് 5, 3, 1; ഗൂപ്പ് ഇനങ്ങൾക്ക് 10, 5, 3).

IX. മത്സരാർത്ഥികൾക്ക് ഭക്ഷണം ആവശ്യമുള്ളവർ മാർച്ച് 23-ാം തീയതി അറിയിച്ചാൽ അതിനാവശ്യമായ സൗകര്യങ്ങൾ പൊതുവായി ക്രമീകരിക്കുന്നതാണ്

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളേ,

തിരുനാൾ ഉത്സവാഘോഷകാലം പിന്നിട്ട് ആത്മവിശുദ്ധിയുടെ നോമ്പുകാലത്തേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കർത്താവ് തന്റെ തിരുശരീരവും തിരുരക്തവും നമുക്ക് ഭക്ഷണപാനീയങ്ങളായി വിഭജിച്ചുതരുന്ന വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെ ഓർമ്മ ആചരിക്കുന്ന ഈ നോമ്പുകാലത്തിൽ ക്രിസ്തീയ ഉപവി പ്രവർത്തനങ്ങൾക്ക് കൂടുതൽ സമർപ്പണ ബോധത്തോടെ സൊസൈറ്റി പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുവാൻ ആവശ്യമായ ആലോചനാ യോഗങ്ങൾ ബഹു. ആത്മീയോപദേഷ്ടാക്കളുടെ സാന്നിദ്ധ്യത്തിൽ ചേരുവാനും ഉരുത്തിരിയുന്ന പദ്ധതികൾക്കനുസരിച്ച് പുതിയ പ്രവർത്തനങ്ങൾ തുടങ്ങുവാനും എല്ലാ പ്രവർത്തകരോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

## ആലോചന യോഗം

സിസി പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്മാർ, സെക്രട്ടറിമാർ, ട്രഷറർ എന്നിവരുടെ ഒരു യോഗം 16-2-2013 ന് ദ്വാരകയിലെ ഓഫീസിൽ വെച്ച് ചേർന്ന് അടുത്ത പ്രവർത്തന വർഷം നടപ്പിലാക്കേണ്ട വിഷയങ്ങൾ ചർച്ച ചെയ്തു.

a) സിസി വാർഷികം, b) ഓസാനാം ഭവൻ പുതിയ കെട്ടിടം

c) വിശ്വാസവർഷാചരണ പ്രവർത്തനങ്ങൾ, d) വിവിധ ചുമതലകളുടെ പ്രവർത്തനങ്ങൾ. അടുത്ത സിസി മീറ്റിംഗിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ.

## സിസി മീറ്റിംഗ്

രൂപതാ സെൻട്രൽ കൗൺസിലിന്റെ യോഗം 9-3-2013 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക ഓഫീസിൽ വെച്ച് ചേരുവാൻ തീരു

മാനിച്ചു. എല്ലാ ബോർഡംഗങ്ങളും, ഏ.സി. പ്രസിഡണ്ടുമാരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏ.സി. പ്രസിഡണ്ടുമാർക്ക് വരുവാൻ അസൗകര്യമുണ്ടെങ്കിൽ പകരം വൈസ് പ്രസിഡണ്ട്, ട്രഷറർ എന്നിവരിൽ ആരെങ്കിലും ഉത്തരവാദിത്വത്തോടെ പങ്കെടുപ്പിക്കാൻ താല്പര്യപ്പെടുന്നു. പ്രധാന അജണ്ട:-

a) വിശ്വാസവർഷാചരണത്തിന്റെ പുരോഗതി ഏ സി, കോൺഫ്രൻസുതല റിപ്പോർട്ടുകൾ, b) ഓസ്സാനാംഭവൻ കെട്ടിടം, c) സ്കോളർഷിപ്പ്, d) ടിന്നിംഗ് ഗ്രാന്റ്, e) പ്രൊജക്ട് വാർഷിക റിപ്പോർട്ടിനെക്കുറിച്ചുള്ള കാര്യങ്ങൾ, f) വാർഷികാഘോഷം നടത്തിപ്പ്.

## പുതിയ ആത്മീയോപദേഷ്ടാക്കൾ

5 ഏ സി കൾക്ക് പുതിയ ആത്മീയോപദേഷ്ടാക്കൾ നിയമിതരായിരിക്കുന്നു.

a) റവ. ഫാ. ഡെന്നീസ് പൂവ്വത്തിങ്കൽ - കൊട്ടിയൂർ ഏ സി
b) റവ. ഫാ. അഗസ്റ്റിൻ നിലയ്ക്കപ്പിള്ളിൽ - പുൽപ്പള്ളി ഏ സി
c) റവ. ഫാ. ജോസ് തേക്കനാടി - മണിമൂളി ഏ സി
d) റവ. ഫാ. പോൾ കൂട്ടാല - നിലമ്പൂർ ഏ സി
e) റവ. ഫാ. ജോൺ കൊട്ടാരത്തിൽ - ഗൂഡല്ലൂർ ഏ സി
(അരുൾനിലയം അസ്സി. വികാരി)

ഏ.സി ഭാരവാഹികൾ പുതിയ ആത്മീയോപദേഷ്ടാക്കളുമായി ചർച്ച ചെയ്ത് ഏ. സി തല പ്രവർത്തനങ്ങൾക്ക് രൂപം നൽകി.

## യൂത്ത് മത്സരങ്ങൾ

കേരള റീജിൻ യൂത്ത് മത്സരങ്ങളിൽ പങ്കെടുത്ത് പ്രസംഗമത്സരത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കിയ യൂത്ത് പ്രതിഭ ബിബിൻ ജെയിംസ്, ചുങ്കക്കുന്ന്, കൊട്ടിയൂർ ഏ.സി. അഭിനന്ദനങ്ങൾ. ഒപ്പംതന്നെ പങ്കെടുത്ത മറ്റ് മത്സരാർത്ഥികളേയും അഭിനന്ദിക്കുന്നു.

## ഓസ്സാനാം ഭവൻ സന്ദർശനം

### ചുണ്ടക്കര ഏ സി

17-03-2013 - വാ. മദർ തെരേസ, വിളമ്പുകണ്ടം

### ഗൂഡല്ലൂർ ഏ സി

19-03-2013 - സെന്റ് മേരീസ്, ആറാട്ടുപാറ
21-03-2013 - സെന്റ് ജോസഫ്, മച്ചിക്കൊല്ലി
23-03-2013 - സേക്രട്ട് ഹാർട്ട്, അരുൾനിലയം

25-03-2013 – സെന്റ് സെബാസ്റ്റ്യൻ, ധർമ്മഗിരി

27-03-2013 – സെന്റ് അൽഫോൻസ, ധർമ്മഗിരി

29-03-2013 – സെന്റ് മേരീസ്, മണ്ണുവയൽ

31-03-2013 – വാ. മദർ തെരേസ, മച്ചിക്കൊല്ലി

02-04-2013 – സെന്റ് ഫിലോമിന, വിമലഗിരി

04-04-2013 – സെന്റ് സെബാസ്റ്റ്യൻ, മണ്ണുവയൽ,

06-04-2013 – സെന്റ് മേരീസ്, നിർമ്മലഗിരി

**കല്ലോടി ഏ സി**

8-04-2013 – സെന്റ് തോമസ്, ദീപ്തിഗിരി

10-04-2013 – സെന്റ് അൽഫോൻസ, ദീപ്തിഗിരി

12-04-2013 – സെന്റ് തോമസ്, വഞ്ഞോട്

14-04-2013 – സെന്റ് അൽഫോൻസ, മക്കിയാട്

16-04-2013 – സെന്റ് ബനഡിക്റ്റ്, മക്കിയാട്

എല്ലാവർക്കും ഈസ്റ്റർ ആശംസകൾ നേർന്നുകൊണ്ട്,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സിയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

2013 ഫെബ്രുവരി 1 ആദ്യവെള്ളി സോണൽ മീറ്റിംഗിൽ 59 ശുശ്രൂഷകർ പങ്കെടുത്തു. 10 മണിക്ക് കുരിശിന്റെ വഴി നടത്തി. 11-12 കൺവെൻഷന്റെ വിജയത്തിനായി ജപമാല, സ്തുതി ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന ഇവ നടത്തി. 12 മണിക്ക് ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. നമ്മുടെ ആത്മീയ ജീവിതം ക്രമേണ നാശത്തിലേയ്ക്ക് പോകുന്നതെങ്ങനെയെന്ന് തിരുവചനത്തിന്റെ വെളിച്ചത്തിൽ വിശദമാക്കി. 1.20 ന് മീറ്റിംഗ് ആരംഭിച്ചു. പ്രഭാ. 46:10 കർത്താവിനെ അനുഗമിക്കുന്നത് നല്ലതാണെന്ന് എല്ലാ ഇസ്രായേൽക്കാരും മനസിലാക്കി. സഭയ്ക്കുവേണ്ടിയും ക്രിസ്തുവിനുവേണ്ടിയുമാണ് നാം ശുശ്രൂഷ ചെയ്യുന്നത് എന്ന ബോധ്യത്തോടെ ആയിരിക്കണം നാം ശുശ്രൂഷ ചെയ്യുന്നത്, ബഹു. താന്നിയിൽ അച്ചൻ അനുസ്മരിപ്പിച്ചു. കൺവെൻഷനെക്കുറിച്ചുള്ള അറിയിപ്പുകൾ നൽകി 1. മദ്ധ്യസ്ഥ പ്രാർത്ഥന ശക്തമാക്കണം. ഫെബ്രുവരി 12-ഏപ്രിൽ 18 വരെ സിയോൻ ചാപ്പലിൽ ഉപവാസ പ്രാർത്ഥന കുരിശിന്റെ വഴിയോടുകൂടി സമാപനം. 2. കൺവെൻഷൻ ദിവസങ്ങളിൽ ശുശ്രൂഷക്കുണ്ടാകും എന്ന് ഉറപ്പുള്ള ശുശ്രൂഷകർ പേര് നൽകണം. 3. മാർച്ച് ആദ്യവെള്ളി കൺവെൻഷനുള്ള ഒരുക്ക ധ്യാനമാണ്. 3.30 ന് മീറ്റിംഗ് സമാപന പ്രാർത്ഥനയോടെ അവസാനിച്ചു. 6.30 വരെ എൽഡറിംഗിനും ഒരുക്ക ശുശ്രൂഷകൾക്കുമായി വിനിയോഗിച്ചു.

## ജാഗരണ പ്രാർത്ഥന

6.30 ന് ജപമാല ശ്രീമതി ഷേർളി കലമറ്റത്തിൽ നയിച്ചു. 7 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. ദിവ്യബലിക്കുശേഷം കൺവെൻഷനുവേണ്ടി കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. അത്താഴത്തിനുശേഷം കുരിശിന്റെ വഴി നടത്തി. 10 മുതൽ 12 വരെ ജാഗരണ ആരാധന ബഹു. താന്നിയിൽ

അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. കർത്താവ് അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചുകൊണ്ട് ജാഗരിച്ച് പ്രാർത്ഥിച്ച മക്കളെ അനുഗ്രഹിച്ചു.

## ആദ്യശനി – ഏകദിന കൺവെൻഷൻ

6 മണിക്ക് പരിശുദ്ധ അമ്മയുടെ സന്നിധിയിൽ ബഹു. താന്നിയിൽ അച്ചനും ശുശ്രൂഷകരും എത്തി. ബഹു. അച്ചൻ പ്രഭാത സമർപ്പണം നടത്തി. സിയോൻ ഹാളും പരിസരങ്ങളും വി. ജലം തളിച്ച് വിശുദ്ധീകരിച്ചു. തുടർന്ന് ക്രൂശിത രൂപവും മാതാവിന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് സിയോൻ ഹാളിനു ചുറ്റും നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സിയോൻ കേന്ദ്രത്തെയും, ശുശ്രൂഷകരെയും ശുശ്രൂഷകളെയും ഇന്ന് കടന്നു വരുന്ന ദൈവജനത്തെയും ജപമാല രഹസ്യങ്ങളിൽ കോർത്തിണക്കി പരി. അമ്മയുടെ മദ്ധ്യസ്ഥത്തിനായി സമർപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. അച്ചൻ വചനസന്ദേശം നൽകി, പ്രാർത്ഥിച്ച് ശുശ്രൂഷകരെ ശക്തീകരിച്ചു. ഒരുക്കശുശ്രൂഷകൾക്കും, പ്രഭാതഭക്ഷണത്തിനും ശേഷം 8.45 ന് സ്റ്റേജിൽ ജപമാല, സപ്ര, സ്തുതി ആരാധന എന്നീ പതിവ് ശുശ്രൂഷകൾ നടത്തി. 10. 30 ന് ബഹു. ലിൻസൺ CST അച്ചൻ ദൈവവചനത്തിലുള്ള വിശ്വാസത്തെപ്പറ്റി ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. ലിൻസൺ CST അച്ചൻ വി.ബലി അർപ്പിച്ചു. ലഘുഭക്ഷണത്തിനുശേഷം സിയോനിൽ വന്ന് പ്രാർത്ഥിച്ചു കിട്ടിയ അത്ഭുതകരമായ സാക്ഷ്യങ്ങൾ 4 വ്യക്തികൾ സ്വയം സാക്ഷ്യപ്പെടുത്തി. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും സൗഖ്യപ്രാർത്ഥനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ആയിരുന്നു. അനുഗ്രഹദായകമായ നിമിഷങ്ങൾ കൃപകൾ വർഷിച്ച് അനുഗ്രഹിച്ചുകൊണ്ട് ദിവ്യകാരുണ്യ നാഥൻ തന്റെ മക്കളുടെ ഇടയിലൂടെ കടന്നുപോയ അനുഭവം. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. സിയോൻ ശുശ്രൂഷകർ ഇന്നത്തെ കൺവെൻഷൻ മനോഹരമാക്കുവാൻ പ്രാർത്ഥനാപൂർവ്വം എല്ലാ മേഖലകളിലും ശുശ്രൂഷ ചെയ്തു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

## രണ്ടാം ശനി ദമ്പതീ കൂട്ടായ്മ

9-2-2013 രണ്ടാം ശനി 10 മണിക്ക് കൂട്ടായ്മ ആരംഭിച്ചു. സി. ആനി മാത്യു FCC ജപമാലയ്ക്ക് നേതൃത്വം നൽകി. 11 മണിക്ക് ബഹു. ജോസഫ് നെച്ചിക്കാട്ടച്ചൻ വിശ്വാസത്തെക്കുറിച്ച് ക്ലാസ്സെടുത്തു. 12.15 ന് ബഹു. അച്ചൻ വി. ബലി അർപ്പിച്ചു. ഉച്ചഭക്ഷണശേഷം 2 മണിക്ക് ആരാധന നടത്തി. ശ്രീ. ജോസഫ് തോട്ടുപുറം നേതൃത്വം നൽകി. തുടർന്നു നടത്തിയ ചർച്ചയിൽ ഏപ്രിൽ 15-18 തീയതികളിൽ

കൺവെൻഷന്റെ വിജയത്തിനായി സാധിക്കുന്നവരെല്ലാം വോളണ്ടിയർ ആയി ശുശ്രൂഷ ചെയ്യാൻ തീരുമാനിച്ചു. 39 പേർ ഇന്നത്തെ കൂട്ടായ്മ യിൽ സംബന്ധിച്ചു. സി. ആനി മാത്യു FCC ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ജോസഫ് തോട്ടുപുറം സ്വാഗതവും സണ്ണി പേര്യ കോട്ടിൽ നന്ദിയും പറഞ്ഞു.

**കൗൺസിലിംഗ് ദിനം**

കൗൺസിലേഴ്സ് 8-2-13 ന് രാത്രി ജാഗരണപ്രാർത്ഥന നടത്തി കൗൺസിലിംഗിനായി ഒരുങ്ങി. 9-2-13 ന് രാവിലെ 9.30 മുതൽ വൈകു ന്നേരം 4 വരെ കൗൺസിലിംഗ് ശുശ്രൂഷ ചെയ്തു. 68 പേർ വന്ന് കൗൺസിലിംഗ് നടത്തി പോയി.

**കൺവെൻഷന് ഒരുക്കമായ മദ്ധ്യസ്ഥ പ്രാർത്ഥന**

ഫെബ്രുവരി 12 മുതൽ ഏപ്രിൽ 18 വരെ സിയോൻ ചാപ്പലിൽ രാവിലെ 10 മുതൽ 3 മണി വരെ ഉപവാസ പ്രാർത്ഥന നടത്തുന്നു. വിവിധ കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സ് ഓരോ ദിവസവും നേതൃത്വം നൽകി പ്രാർത്ഥിക്കുന്നു. അതോടൊപ്പം അല്മായ സഹോദരങ്ങളും. കുരിശിന്റെ വഴിയോടുകൂടെ മൂന്ന് മണിക്ക് സമാപനം.

**മൂന്നാം വെള്ളി - ജാഗരണപ്രാർത്ഥന 15-2-13**

സിയോൻ ശുശ്രൂഷകരും സുവിശേഷ മുന്നണി പ്രവർത്തകരും ഒരുമിച്ച് 6 pm - 5 am വരെ ജാഗരണ പ്രാർത്ഥന നടത്തി ബഹു. അഗ സ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ചു.

**നാലാം ശനി - സൗഖ്യദിനം 23-2-13**

രാവിലെ 10 മണി മുതൽ ജപമാല, ആരാധന, കൗൺസിലിംഗ്, കുമ്പസാരം, വചനപ്രഘോഷണം, വി. കുർബാന, സൗഖ്യ പ്രാർത്ഥന എന്നീ ശുശ്രൂഷകൾ വഴി ദൈവമക്കൾ ആത്മീയ ഉണർവ്വും ശാരീരിക സൗഖ്യവും നേടി. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ ശുശ്രൂഷ കൾക്കു നേതൃത്വം നൽകി.

**സിയോൻ മാർച്ച് മാസത്തിൽ**

| | | |
|---|---|---|
| 1 ആദ്യവെള്ളി | - | ശുശ്രൂഷകർക്ക് കൺവെൻഷനുള്ള ഒരുക്ക ധ്യാനം, ജാഗരണ പ്രാർത്ഥന |
| 2 ആദ്യശനി | - | ഏകദിന കൺവെൻഷൻ, കൗൺസിലിംഗ് |
| 9 രണ്ടാംശനി | - | കൗൺസിലിംഗ് ദിനം, ദമ്പതീകൂട്ടായ്മ, യുവജന കൂട്ടായ്മ, |
| 15 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| 23 നാലാംശനി | - | സൗഖ്യദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ** - ഡയറക്ടർ സിയോൻ സി.ആർ.സി.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്യവിരുദ്ധ ഞായർ**

കെ.സി.ബി.സി. യുടെ ആഹ്വാനപ്രകാരം ജനുവരി 27 മദ്ധ്യ വിരുദ്ധ ഞായറായി മാനന്തവാടി രൂപത ആചരിച്ചു. ലഘുപരിപാടിക ളോടെയാണെങ്കിലും പല ഇടവകകളും സഹകരിക്കുകയുണ്ടായി. ഏവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**മദ്യവിരുദ്ധ ഞായർ സംഭാവന**

മദ്യവിരുദ്ധ ഞായറാഴ്ചത്തെ സ്തോത്ര കാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായിട്ടാണല്ലോ നാം മാറ്റി വെക്കുന്നത്. കഴിഞ്ഞ വർഷം ബഹു ഭൂരിപക്ഷം ഇടവകകളും ആത്മാർത്ഥമായി സഹകരിച്ചു. അതുകൊണ്ട് ധാരാളം പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ സാധിച്ചു. ഈ വർഷവും എല്ലാ വികാരിയച്ചന്മാരും സഹകരിക്കുമല്ലോ.

**സംസ്ഥാന കമ്മറ്റിയോഗം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന കമ്മറ്റി യോഗം 2-2-2013 ന് എറണാകുളം പി.ഒ.സി. യിൽ വെച്ച് ചേരുകയു ണ്ടായി. സംസ്ഥാന/രൂപതാ പ്രവർത്തനങ്ങൾ വിലയിരുത്തി. മാനന്ത വാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സി. ജോവിറ്റ, സി. മരിയ എന്നിവർ പങ്കെടുത്തു. രൂപതാ റിപ്പോർട്ട് അവതരിപ്പിച്ചു.

**ലഹരിവിരുദ്ധ സെമിനാർ**

**ശിശുമല**

ശിശുമല ഇൻഫന്റ് ജീസസ് ദേവാലയത്തിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി അർദ്ധദിന സെമിനാർ നടത്തി. ഇടവക വികാരി റവ. ഫാ. ജോസ് കളപ്പുര സെമിനാർ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ശ്രീ. ജോൺസൺ സാർ, മറ്റു അദ്ധ്യാപകർ എന്നിവർ

നേതൃത്വം നൽകി. 'ലഹരി നുരയും കൗമാരം' എന്ന പുസ്തകം എല്ലാ വിദ്യാർത്ഥികൾക്കും വിതരണം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**തോമാട്ടുചാൽ**

ചെറുപുഷ്പമിഷൻലീഗ് തോമാട്ടുചാൽ ശാഖയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ ഞായറാഴ്ച ജനുവരി 27 ന് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാർ നടത്തി. ഇടവക വികാരി റവ. ഫാ. ബിജു തുരുത്തേൽ ഉദ്ഘാടനം ചെയ്തു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോസഫ് കുഴിയാറ, CML ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സുകൾ നയിച്ചു.

## CASA

സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബായ കാസയുടെ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഭംഗിയായി നടത്തുന്നു. ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് മാർച്ച് 10 ന് മുമ്പ് നൽകുമല്ലോ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# ജയിൽ മിനിസ്ട്രി



2013 പുതുവർഷത്തിൽ ജനുവരി 20-ന് ജയിൽസന്ദർശനത്തിനായി വൈത്തിരി സബ്ജയിലിൽ വന്നത് ബഹുമാനപ്പെട്ട തോമസ് കുറ്റിക്കാട്ടുകുന്നേലച്ചന്റെ നേതൃത്വത്തിൽ ചുള്ളിയാനയിലെ സി.എം.എൽ. അംഗങ്ങൾ ആയിരുന്നു. വ്യത്യസ്തമായ പ്രാർത്ഥനാശുശ്രൂഷയോടെ ആരംഭിച്ച സന്ദർശനം, കുട്ടികളുടെ കലാപരിപാടികളുടെ തുടർച്ചയോടെയാണ് അവസാനിച്ചത്. പുതുവർഷം എങ്ങനെയാകണമെന്ന് സി.എം.എൽ. പ്രവർത്തകർ അവരുടെ പരിപാടികളിലൂടെ പറഞ്ഞു. സി.എം.എൽ. ജോയിന്റ് ഡയറക്ടർ റവ.സി.ബെറ്റി എസ്.എച്ച്. ന്റെയും മറ്റ് മതാധ്യാപകരുടെയും സഹകരണത്തോടെ നടത്തിയ സന്ദർശനം തടവറമക്കൾക്ക് ആശ്വാസമായി. ബഹുമാനപ്പെട്ട തോമസച്ചനും ടീമിനും രൂപതാ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ നന്ദി.

2013 ഫെബ്രുവരി 3 ന് ജയിൽസന്ദർശനം നടത്തിയത് മാനന്തവാടിയിൽ നിന്നും സെന്റ് കമില്ലസ് ബ്രദേഴ്സും സുവിശേഷമുന്നണി പ്രവർത്തകരുമാണ്. ബഹുമാനപ്പെട്ട ജോബിനച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് വീഡിയോ പ്രദർശനവും നടത്തി. ബഹുമാനപ്പെട്ട എസ്.എ.ബി.എസ്. സിസ്റ്റേഴ്സിന്റെ സാന്നിധ്യവും ശ്രദ്ധേയമായി. ബഹുമാനപ്പെട്ട ജോബിനച്ചനും ബ്രദേഴ്സിനും ടീമിനും ജീസസ് ഫ്രട്ടേണിറ്റിയുടെ ആത്മാർത്ഥമായ നന്ദി.

2013 ഫെബ്രുവരി 17-ന് വൈത്തിരി സബ്ജയിൽ സന്ദർശിക്കാൻ വന്നത് മീനങ്ങാടി ഇടവകയിലെ മിഷൻലീഗ് അംഗങ്ങളാണ്. ശാഖാ ജോ.ഡയറക്ടർ സിസ്റ്ററുടെയും ഷാജി ചന്ദനപ്പറമ്പിൽ സാറിന്റേയും നേതൃത്വത്തിൽ വേദപാഠ അധ്യാപകരും അമ്മമാരും മിഷൻലീഗ് അംഗങ്ങളും അണിനിരന്ന ഒരു സംഘമാണ് സന്ദർശനത്തിന് വന്നത്. വ്യത്യസ്ത കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ടാണ് അവർ തടവറമക്കൾക്ക് പ്രചോദനമായത്. ഇതിനായി ഇവരെ പറഞ്ഞയച്ച ബഹുമാനപ്പെട്ട ബേബിയച്ചനും പങ്കെടുത്ത എല്ലാവർക്കും രൂപത ജീസസ് ഫ്രട്ടേണിറ്റിയുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**ഫാ. ബിനു പൈനുങ്കൽ** - ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

### നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ അയനിവയൽ, കുന്നേരി, പൊർളോം, നെല്ലേരി എന്നീ നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന സമഗ്ര വികസന പരിപാടികളുടെ ഭാഗമായി നീർത്തട നിവാസികൾക്കുവേണ്ടി പൂക്കോട് കാർഷിക സർവ്വകലാശാലയിലേക്ക് പഠനയാത്രകൾ സംഘടിപ്പിച്ചു. 3 ദിവസങ്ങളിലായി നടന്ന പഠന യാത്രയിൽ നൂറിലധികം കർഷകർ പങ്കെടുത്തു. സർവ്വകലാശാലയിൽ നടന്ന പരിശീലനങ്ങൾക്ക് ഡോ. സെന്തിൽ കുമാർ, ഡോ. ജോൺ മാത്യു എന്നിവർ നേതൃത്വം നൽകി.

നീർത്തട പ്രദേശത്തെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പശു വളർത്തൽ, കോഴി വളർത്തൽ, ആടു വളർത്തൽ പദ്ധതികൾക്ക് റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്തു. അയനിവയൽ നീർത്തടത്തിൽ 10 ലക്ഷവും പൊർളോം നീർത്തടത്തിൽ 5.50 ലക്ഷവും മട്ടിലയം നീർത്തടത്തിൽ 5 ലക്ഷവും നെല്ലേരി നീർത്തടത്തിൽ രണ്ട് ലക്ഷവും ആണ് റിവോൾവിംഗ് ഫണ്ടായി അനുവദിച്ചത്.

### സോഷ്യൽവെൽഫയർ സൊസൈറ്റി

### ഏകദിന ശില്പശാല

കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം, നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ, WSSS ന്റെ നേതൃത്വത്തിൽ പുൽപ്പള്ളി മേഖലയിൽ രൂപീകരിച്ച വനിതാ സ്വാശ്രയ സംഘങ്ങളുടെ ഭാരവാഹികൾക്കുവേണ്ടി ഒരു ഏകദിന ശില്പശാല ജനുവരി നാലാം തീയതി പുൽപ്പള്ളി സേക്രട്ട് ഹാർട്ട് പാരീഷ് ഹാളിൽ വച്ച് നടത്തി. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം പദ്ധ

തിയെ കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. സ്വാശ്രയസംഘങ്ങളുടെ ഓഡിറ്റിംഗ് WSSS ടീം നിർവ്വഹിച്ചു.

## ദ്വിദിന തൊഴിൽ പരിശീലനം

വനിതാ സ്വാശ്രയ സംഘങ്ങളിലെ തെരഞ്ഞെടുത്ത അംഗങ്ങൾക്കുവേണ്ടി WSSS ട്രെയിനിംഗ് സെന്ററിൽ വെച്ച് ജനുവരി 21, 22 തീയതികളിൽ സോപ്പ് നിർമ്മാണത്തിൽ ദ്വിദിന പരിശീലനം നൽകി. ചാലക്കുടി 'ബദൽ ജീവിത ശൈലി' കേന്ദ്രം ഡയറക്ടർ ശ്രീ.വർഗ്ഗീസ് പോൾ പരിശീലനത്തിന് നേതൃത്വം നൽകി. 20 ഇനം വ്യത്യസ്ത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ പരിശീലനം നൽകി.

## ജൈവകൃഷി പ്രോത്സാഹന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവകൃഷി പ്രോത്സാഹന പദ്ധതിയും ജൈവഉല്പ്പന്ന വിപണന മേഖലയും നന്നായി മുന്നോട്ട് പോകുന്നു. ജൈവകൃഷിയിലൂടെ ഉല്പ്പാദനം നടത്തുന്ന കർഷകരുടെ വിവിധങ്ങളായ ഉല്പ്പന്നങ്ങൾ, മാർക്കറ്റ് വിപണിയിലേതിനേക്കാൾ ഉയർന്ന വില നൽകി WSSS സംഭരിക്കുകയും ദേശീയവും അന്തർദേശീയവുമായ മാർക്കറ്റിലേക്ക് കയറ്റുമതി ചെയ്യുകയും ചെയ്യുന്നു.

കർഷകരുടെ മനസ്സറിഞ്ഞ്, ഉല്പ്പാദന മേഖലയിൽ ബോധവൽക്കരണ സെമിനാറുകൾ ജൈവവള നിർമ്മാണ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ച് കാർഷിക മേഖലയെ ഉത്തേജിപ്പിക്കാൻ WSSS ന്റെ ഇടപെടലിലൂടെ കഴിയുന്നു.

## വോഫ (WOFFA) പ്രവർത്തന റിപ്പോർട്ട്

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഫെയർട്രേഡ് അസോസിയേഷനുമായി സഹകരിച്ച് 2008 ൽ രൂപം കൊടുത്ത ജൈവ കർഷകരുടെ സംഘടനയായ 'വോഫ' വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് പോകുന്നു. 'വോഫ'യുടെ വില്ലേജ് ഫാം ക്ലബ് മീറ്റിംഗുകൾ കൃത്യമായി നടത്തുകയും ജൈവകൃഷിയെപ്പറ്റിയുള്ള നൂതന അറിവുകൾ പരസ്പരം പങ്ക് വെക്കുകയും ചെയ്യുന്നു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

**ധർണ്ണ നടത്തി**

അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തിനെതിരെ KLM മാനന്തവാടി രൂപത ജനുവരി രണ്ടാം തീയതി മാനന്തവാടി ഗാന്ധി പാർക്കിൽ ഒരു സായാഹ്ന ധർണ്ണ സംഘടിപ്പിച്ചു. കെ.എൽ.എം. മലബാർ മേഖലാ ഡയറക്ടർ റവ. ഫാ. ജോൺ കയത്തിങ്കൽ ധർണ്ണ ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപത കെ.എൽ.എം. ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, കോർഡിനേറ്റർ ശ്രീ. ബിനീഷ് വണ്ടന്നൂർ ശ്രീമതി ആലീസ് സിസിൽ എന്നിവർ പ്രസംഗിച്ചു. ധർണ്ണയിൽ 70 ഓളം KLM അംഗങ്ങൾ പങ്കെടുത്തു.

**അംഗത്വം**

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി KLM വിവിധങ്ങളായ ക്ഷേമനിധി, സുരക്ഷാ പദ്ധതികളിൽ അംഗത്വം നൽകുന്നു.

**സംസ്ഥാന സമിതി യോഗം**

കെ.എൽ.എം. സംസ്ഥാന സമിതി യോഗം എറണാകുളം ആശീർഭവനിൽ ജനുവരി 26, 27 തീയതികളിൽ നടന്നു. പ്രസ്തുത യോഗത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് കെ.എൽ.എം. രൂപതാ പ്രസിഡണ്ട് ശ്രീ. ബിജു പോൾ, സെക്രട്ടറി ശ്രീമതി ആലീസ് സിസിൽ, കോർഡിനേറ്റർ വിനീഷ് വണ്ടന്നൂർ, വൈസ് പ്രസിഡണ്ട് ശ്രീമതി സിസിലി, ശ്രീമതി സുജ ജോയി എന്നിവർ പങ്കെടുത്തു.

**ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം**

ചീക്കല്ലൂർ, താന്നിത്തെരുവ്, പയ്യമ്പള്ളി, പടമല, ദ്വാരക ചങ്ങാടം, അമലാ നഗർ, പാക്കം തുടങ്ങിയ സ്ഥലങ്ങളിൽ 5 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. രണ്ട് സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. 2012-13 വർഷം നിർമ്മാണം പൂർത്തിയാക്കിയ ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷ ഖാദി കമ്മീഷൻ ഓഫീസിൽ സമർപ്പിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് 'സ്വാവലമ്പൻ' ചെയർമാൻ പ്രീമിയം പുതുക്കുന്നതിനുവേണ്ടിയും വിവിധയിനം വരുമാന വർദ്ധക പരിപാടികൾ ആരംഭിക്കുന്നതിനുവേണ്ടിയും സഹായ ധനം വിതരണം ചെയ്തു.

**ഫാ. ബിജോ കറുകപ്പള്ളി** - KLM ഡയറക്ടർ

## Mary Matha arts & science college

**Tidings from 20 January onwards**

- The Staff Picnic 2013 was organized on 25 January to Kakkayam Dam. Both the Manager and the Principal accompanied. Ms Mercy Ignatius coordinated.
- The Dept of English in association with the Students' Union organized a Film Festival from 31 January to 2 February. More than 20 films from round the world along with the Short Films produced by our own students were screened simultaneously from three stages. Sri Srinath Rajendran inaugurated the Fest and interacted with the audience. Sri Jossymon Joseph coordinated.
- The Vehicle Campaign accompanied by the Radio Jockeys, and the Campus Recruitment of the Student Faculty from among the Outgoing Batches for the Additional Skill Acquisition Program (ASAP) introduced by the Govt of Kerala shortlisted around 30 students from the Campus. The selected students will be given three Weeks' Residential Training and posted on a part time basis for the ASAP in neigbouring schools/ colleges during the next academic year. Sri Sabu O.J. coordinated.
- The Asst Labour Officer, Mananthavady organized the Registration, Orientation and Free Medical Aid for the Inter State Construction Workers in the College Auditorium on 11 February. Rev. Fr Manager coordinated.
- The Dept of Zoology in association with the IQAC organized a Power Point Presentation Contest for Student Research Findings in the Audio Visual Room on 11 February. Ms Mercy coordinated.
- Jackson Thomas of I B Com has returned home from the Republic Day Parade after representing the Kerala - Lakshadweep Contingent.
- Akhin Sreedhar, ICS participated in the Youth Consultation Workshop organized by the Restless Development and supported

by the UNICEF at Asha Niwas, Chennai, 7- 9 February.

- The Representative Council of the PTA met on 8 February and decided to organize a Seminar on Good Parenting to parents of the II & I DC students.
- The personnel from the Mega Institute of Management, Kannur held a Student Empowerment Workshop for the Outgoing Batches on 12 February.
- Aswathy P.G of I Zoology, Ajisha G.G. of II Zoology, and Sarath Ram of III English have been selected for the Kerala State Higher Education Council Scholarship of Rs. 12,000/, 18,000/- and 20,000/ - respectively.
- Rev. Fr Manager attended the Executive Meet of the Managers of Colleges in Kerala to discuss the Current Developments in Higher Education in the State at Mount St Thomas, Ernakulam on 4 February.
- The Principal attended the Working Group Discussion on Autonomous Colleges at MES Engineering College, Kuttippuram on 8 February and the Executive Council of Principals of Colleges on the Prospects of Autonomous Colleges at St Tereasa's College, Ernakulam on 16 Feb.
- The Annual Sports Event of the Year was inaugurated by the DYSP of Mananthavady.
- The National Rural Health Mission, Govt of Kerala in association with the National Service Scheme has initiated the formation of Teen Club on the Campus as part of the Adolescents' Reproduction and Sexual Health (ARSH) Program at select colleges
- Sri George Thomas attended the National Seminar on Resistant Discourses at the KMM Govt College for Women, Kannur, 14-15 February 2013.
- The College Magazine for 2011-'12 entitled VITHA is released on Friday, 22 February by Sri Cheruvayal Raman, the Tribal Conservationist of Paddy in his Paddy Field.
- A sixty member contingent is heading for the Kannur University Arts Festival at Kanjangad 22-26 February.
- Sri Joy Joseph and Sri George Sebastian are deputed to attend the State Level Training Program for the Administrative Staff organized by the Higher Education Council, 1 and 2 March.
- Students and Staff at the behest of Rev. Fr Manager joined the Sramadhan for the Completion of the construction of the Indoor Stadium. Dr Martin coordinated.

**Dr. Raju George -** Principal

## റേഡിയോ മാറ്റൊലിക്ക് ദേശീയ അവാർഡ്

കമ്മ്യൂണിറ്റി റേഡിയോ രംഗത്ത് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ദേശീയ അവാർഡിന് റേഡിയോ മാറ്റൊലി അർഹമായി. സുസ്ഥിര മാതൃകാ വിഭാഗത്തിലാണ് ഒന്നാം സ്ഥാനം ലഭിച്ചത്. ഡൽഹിയിൽ വിജ്ഞാൻ ഭവനിൽ നടന്ന മൂന്നാമത് കമ്മ്യൂണിറ്റി റേഡിയോ നാഷണൽ സമ്മേളന ചടങ്ങിൽ കേന്ദ്രവാർത്താ വിതരണ മന്ത്രി മനീഷ് തിവാരി പുരസ്കാരങ്ങൾ വിതരണം ചെയ്തു. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ.തോമസ് ജോസഫ് തേരകം പുരസ്കാരം ഏറ്റുവാങ്ങി. 50,000 രൂപയും ഫലകവും പ്രശസ്തി പത്രവുമാണ് അവാർഡ്.

## തത്സമയ ഫോൺ ഇൻ പ്രോഗ്രാം

*'ആയുർവേദവും ആരോഗ്യവും'* എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി ഫെബ്രുവരി 17-ാം തീയതി നടന്നു. ശ്രോതാക്കളുടെ സംശയങ്ങൾക്ക് ഡോ. സുജിത്ത് മറുപടി നൽകി.

## നാട്ടുവെട്ടം വാർത്താ പത്രികപ്രകാശനം ചെയ്തു

റേഡിയോ മാററൊലിയും, കുടുംബശ്രീ ജില്ലാ മിഷനും, സ്വാമിനാഥൻ ഗവേഷണ നിലയവും സംയുക്തമായി പുറത്തിറക്കുന്ന കമ്മ്യൂണിററി ന്യൂസ് പേപ്പർ *'നാട്ടുവെട്ടം'* പ്രകാശനം ചെയ്തു. പ്രൊഫ. എം.എസ്. സ്വാമിനാഥൻ എം.പി, റേഡിയോ മാറ്റൊലി ഭാരവാഹികൾക്ക് കോപ്പി നൽകിയാണ് 'നാട്ടുവെട്ടം' പ്രകാശനം ചെയ്തത്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. ദേവകി, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആയിഷ ഹനീഫ, വനിതാ മാറ്റൊലി പ്രോഗ്രാം കോർഡിനേറ്റർ സി. പെറ്റി തെരേസ് എന്നിവർ പ്രസംഗിച്ചു.

## മാറ്റൊലി പ്രോഗ്രാമുകളിലൂടെ...

*'ഞങ്ങൾക്കുമുണ്ട് പറയാൻ'* ആനുകാലിക സംഭവങ്ങളോടും പൊതുപ്രശ്നങ്ങളോടും പ്രതികരിക്കാൻ ജനങ്ങൾക്ക് അവസരമൊരുക്കുന്ന ഈ പരിപാടി എല്ലാ ബുധനാഴ്ചയും വൈകിട്ട് 7.15 ന് പ്രക്ഷേപണം ചെയ്തു വരുന്നു. പുന:പ്രക്ഷേപണം വ്യാഴാഴ്ചകളിൽ രാവിലെ 8.40 നും വെള്ളിയാഴ്ചകളിൽ വൈകിട്ട് 4.05 നും ശ്രവിക്കാവുതാണ്.

**ഫാ. ജോസ് കാവുങ്കൽ** - അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# PUBLIC RELATIONS OFFICE (PRO)

Dwaraka, Nalloornadu P.O,
Wayanad - 670645
Tele Fax: 04935 240066 Mob: 9446030066;
Email: prodiocese@gmail

**മാനന്തവാടി രൂപതാ ശ്രേഷ്ഠ പുരസ്കാരം – 2013 അപേക്ഷകൾ ക്ഷണിക്കുന്നു**

വിവിധ മേഖലകളിൽ മികവു തെളിയിച്ച മാനന്തവാടി രൂപതാംഗങ്ങളെ രൂപതാ ദിനത്തിൽ ശ്രേഷ്ഠ പുരസ്കാരം നല്കി ആദരിക്കുന്ന പരിപാടിക്ക് 2012 – ൽ നാം തുടക്കം കുറിച്ചല്ലോ. കഴിഞ്ഞ വർഷം 8 പേർക്കാണ് ഈ അവാർഡ് ലഭിച്ചത്. വ്യക്തികൾക്ക് പ്രചോദനവും, പ്രോത്സാഹനവും നല്കാനും വെളിച്ചമുള്ള മാതൃകകളെ തെളിച്ച് കാട്ടാനും, നവദർശനങ്ങളിലേക്ക് ക്രൈസ്തവ സമൂഹത്തെ കൈപിടിച്ചുയർത്താനുമാണ് ഈ അവാർഡുകൾ ലക്ഷ്യമിടുന്നത്. ഓരോ മേഖലയിലേയും ക്രൈസ്തവ മൂല്യാധിഷ്ഠിത സംഭാവനകളും, മികവുകളും പരിഗണിച്ചായിരിക്കും യോഗ്യരായവരുടെ തെരഞ്ഞെടുപ്പ് നടത്തുക. ഒപ്പം, പ്രവർത്തനങ്ങളുടെ സുസ്ഥിരതയും, തുടർച്ചയും, വ്യാപ്തിയും, ഗുണാത്മകതയും, സർഗ്ഗപരതയും, തനിമയും, പ്രവർത്തനങ്ങളിൽ നേരിട്ട വെല്ലുവിളികളും, അതിജീവിച്ച രീതികളും, സാമൂഹിക–ആധ്യാത്മിക രംഗങ്ങളിൽ പ്രവർത്തനങ്ങളുടെ പ്രാധാന്യം, സ്വാധീനം തുടങ്ങിയവയും തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങളിൽപെടും. നിശ്ചയിക്കപ്പെട്ട യോഗ്യതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഏറ്റവും കൂടുതൽ പ്രാഗൽഭ്യം തെളിയിച്ച വ്യക്തികൾക്കായിരിക്കും അവാർഡ് നല്കുക. 2013 ഫെബ്രുവരി മാസത്തിലെ ബുള്ളറ്റിനിൽ (പേജ് 78,79) വിശദവിവരങ്ങൾ നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2013 മാർച്ച് 15 ആയിരിക്കും. രൂപതാ പി.ആർ.ഒ.യുടെ ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകൾ തപാലിലോ, ഇമെയിലിലോ അയക്കാം.

**ഡോ. ഫാ. തോമസ് ജോസഫ് തേരകം**
PRO, മാനന്തവാടി രൂപത

# സ്കൂൾ കാമ്പസ് മിനിസ്ട്രി

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയിലെ സ്കൂൾ കാമ്പസ് മിനിസ്ട്രി നടത്തുന്ന മധ്യവേനലവധിക്കാല PIONEERS (Personality Integration Orientation Needing Emerging Energetic Roles in the Society) കോഴ്സിലേക്ക് അപേക്ഷിക്കാനുള്ള സമയമായി. സഭയിലും സമൂഹത്തിലും ശക്തമായ അത്മായ നേതൃത്വം ലക്ഷ്യമാക്കി കത്തോലിക്കരായ ഹൈസ്കൂൾ കുട്ടികൾക്ക് നടത്തുന്ന ത്രിവർഷ പദ്ധതിയാണിത്. ഒരു ഇടവകയിൽ നിന്നും ഇപ്പോൾ 8-ാം ക്ലാസ്സ് പഠിക്കുന്ന മിടുക്കരായ ഒരാൺ കുട്ടിയെയും ഒരു പെൺ കുട്ടിയെയും തിരഞ്ഞെടുത്ത് രൂപതാ കോർപ്പറേറ്റ് ഓഫീസിൽ മാർച്ച് 18 നകം 100 രൂപ കൊടുത്ത് പേര് രജിസ്റ്റർ ചെയ്യാം. ബാക്കി 400 രൂപ ക്യാമ്പിന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. ഈ ക്യാമ്പ് ഏപ്രിൽ മാസം 8 (തിങ്കൾ) ഉച്ചകഴിഞ്ഞ് 4 മുതൽ 12 വരെ (വെള്ളി) ഉച്ചവരെ ബോയ്സ് ടൗണിൽ വച്ചാണ് നടത്തുന്നത്. രണ്ടാം വർഷക്കാർക്കും മൂന്നാം വർഷക്കാർക്കും ഇതേ സ്ഥലത്ത് വച്ച് ഏപ്രിൽ 3 (ബുധൻ) 4 മണി മുതൽ 7 (ഞായർ) ഉച്ചവരെ നടത്തുന്നതായിരിക്കും.

**ഫാ. ഡൊമിനിക് വളകൊടിയിൽ**
ഡയറക്ടർ, സ്കൂൾ കാമ്പസ് മിനിസ്ട്രി
9656910204, frvjdominic@gmail.com

# അറിയിപ്പുകൾ



## 1. MSc മനശ്ശാസ്ത്രകോഴ്സ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സി. യിൽ രണ്ടുവർഷം താമസിച്ച് മദ്രാസ് സർവ്വകലാശാലയുടെ MSc മനശ്ശാസ്ത്രകോഴ്സ് പഠിക്കാൻ അവസരം

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ്, യോഗാക്ലാസുകൾ, ധ്യാന പരിശീലനം, ദൈവശാസ്ത്രപഠനം എന്നിവ ഉൾപ്പെടുത്തിയ സമഗ്ര വ്യക്തിത്വവികസന കോഴ്സ്. ജീവിതവിജയം ആഗ്രഹിക്കുന്നവർക്ക് ഉപകാരപ്രദമായ പാഠ്യപദ്ധതി.

- 2013 ജൂണിൽ ആരംഭിച്ച് 2015 മാർച്ചിൽ അവസാനിക്കുന്നു.
- പ്രവേശനം മുപ്പതുപേർക്കു മാത്രം.
- ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയുള്ളവർക്കും ഇപ്പോൾ അവസാന വർഷ ഡിഗ്രി പരീക്ഷ എഴുതുന്നവർക്കും അപേക്ഷിക്കാം.

***അല്മായർക്ക് താമസവും/ഭക്ഷണവും ഉൾപ്പെടെ കോഴ്സ് സൗജന്യം. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സ്കൂളുകളിലും സ്ഥാപനങ്ങളിലും മനശ്ശാസ്ത്ര കൗൺസിലർമാരായി ജോലി സാധ്യത.***

വിശദവിവരങ്ങൾക്കും അപേക്ഷാഫോറത്തിനും

ഡീൻ ഓഫ് സ്റ്റഡീസ്
പി.ഒ.സി., കൊച്ചി 682025
Ph: 0484-2805722, 2805815, 9447285077

## 2. CERTIFICATE COURSE ON COMMUNICATIONS

The CBCI Commission for Social Communications in association with 'Nobi Communications' (Norbertine Fathers) is glad to announce one-week course for priests and religious in **Communications for Pastoral Leadership.**

**<u>Course Outline</u>**

• Spirituality of Social Communications • Media Education • Photography, Film Making and editing • Basic animation with Powerpoint • Effective speaking • Church and the media: theoretical perspectives • Audio - visual language • Media languages : journalism, film and internet • Image editing in Photoshop

**Date : 08-16 April 2013, Place: Bangalore,**
**Fee: Rs.6000/-, Seats Available: 20**

*<u>For details, please contact:</u>*

Dr. Jose Murickan O.Praem
National Coordinator for Formation in Communications
St. Augustine Study House, Kasavanahally, Carmelaram P.O
Bangalore - 560 035, Tel: 080-25920481, (0)9986724381,
E-mail: jmurickan@gmail.com



# *Programme*

## Pastoral Centre, Dwaraka

**<u>March 2013</u>**

| | | |
|---|---|---|
| 01F | - | Zion CRC: Night Vigil |
| 02S | - | Zion CRC: Prayer Day, Christeen Prayer Day; HDC Viva |
| 03S | - | HDC Viva |
| 03S-06W | - | Marriage Preparation Course |
| 06W | - | CMA Executive |
| 08F | - | Jesus Youth: Vigil |
| 09S | - | Pastoral Council; Jesus Youth; CML Executive |
| 09S-10S | - | Catechism: HCC Paper Valuation |
| 12T | - | Priests' Conference |
| 22M-25T | - | Marriage Preparation Course |
| 27W-April 1M | - | Holy Week - Easter |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

**March 2013**

| | | |
|---|---|---|
| 01 | Fri .................. | Out of Station |
| 02 | Sat: Morning .... | Martin Nagar |
| | Afternoon ......... | Panamaram: Laying of the Foundation Stone of St. Padre Pio Ashram Chapel |
| 03 | Sun ................. | Marin Nagar : Pastoral Visit |
| 04 | Mon ................. | Visitors' Day |
| 05 | Tue ................. | Engaged |
| 06 | Wed ................. | Visitors' Day |
| 07 | Thu ................. | Meeting of Consultors & Finance Council |
| 08 | Fri ................. | Out of Station |
| 09 | Sat ................. | Pastoral Council |
| 10 | Sun ................. | Valavayal: Pastoral Visit |
| 11 | Mon ................. | Engaged |
| 12 | Tue ................. | Priests' Conference |
| 13 | Wed ................. | Visitors' Day |
| 14 | Thu 16 Sat .......... | Out of Station |
| 17 | Sun ................. | Edappety, Pastoral Visit. |
| 18 | Mon ................. | Visitors' Day |
| 19 | Tue Afternoon.... | Puthiyidomkunnu: Holy Mass |
| 20 | Wed 21 Thu ....... | Ernakulam : KLM Meeting |
| 22 | Fri 23 Sat ....... | Out of Station |
| 24 | Sun ................. | Cathedral : Palm Sunday |
| 25 | Mon .................. | Mount Mary College : Minor Orders |
| 28 | Thu .................. | Cathedral : Holy Thursday |
| 29 | Fri ................... | Cathedral : Good Friday |
| 31 | Sun ................... | Cathedral : Easter |

## *April 2013*

| | | |
|---|---|---|
| *02 Tue 04 Thu* | ........ | *Major Seminarians' Gathering* |
| *04 Thu* | .................. | *Pattanikoop: Ordination of Deacon Jimil Myalakarapurath VC* |
| *05 Fri* | .................. | *Cathedral: Death Anniversary of Mar Emmanuel Pothanamuzhy* |
| *06 Sat* | .................. | *Out of Station* |
| *07 Sun* | .................. | *Mandya: Jubilee of Jeevan Jyothi Mission Orientation Centre* |
| *08 Mon* | ................. | *Kurumbala: Blessing of FCC Convent* |
| *09 Tue* | ................. | *Peria : Blessing of Church* |
| *10 Wed* | ................. | *Thonichal: Silver Jubilee of SKD Sisters* |
| *11 Thu* | ................. | *Puthiyidomkunnu: Blessing of Presbytery, First Communion & Confirmation* |
| *12 Fri* | ................... | *Out of Station* |
| *13 Sat* | ................... | *Vanjode: Blessing of Presbytery* |
| *14 Sun* | .................. | *Pastoral Visit* |
| *15 Mon 18 Thu* | ....... | *Dwaraka:Diocesan Bibile Convention* |
| *19 Fri* | .................. | *Out of Station* |
| *20 Sat* | .................. | *Elapeedika: Ordination of Jerry Madathiparambil OSB* |
| *21 Sun* | ................. | *Seethamount: First Communion & Confirmation* |
| *22 Mon* | ................ | *Out of Station* |
| *23 Tue* | ................ | *Narivalamunda : First Communion & Confirmation* |
| *24 Wed* | ................ | *Deepthi Bhavan: Jubilee of FCC Sisters* |
| *25 Thu* | ................ | *Dwaraka: Vestiton of SABS novices* |
| *26 Fri* | ................ | *Out of Station* |
| *27 Sat* | ................ | *Mandya: Blessing of Bishop's House* |
| *28 Sun* | ................ | *Theneri: First Communion & Confirmation* |
| *29 Mon* | ................ | *Engaged* |

# മാർപ്പാപ്പയുടെ തിരഞ്ഞെടുപ്പിന് ഒരുക്കമായുള്ള പ്രാർത്ഥന

ഞങ്ങളെ നിത്യം കാത്തുപരിപാലിക്കുന്ന നല്ല ദൈവമേ, അങ്ങയുടെ അജഗണമായ ഞങ്ങളെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് നൽകുന്നുവല്ലോ. ഞങ്ങളുടെ കർത്താവിന്റെ ശിഷ്യപ്രമുഖനായിരുന്ന പത്രോസിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാൻ കൂടുന്ന സമ്മേളനത്തിലെ എല്ലാ കർദ്ദിനാളന്മാരേയും പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറയ്ക്കണമേ. അങ്ങയുടെ തിരുമനസ്സിന് വിധേയരായി അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ പ്രതിപുരുഷനെ തെരഞ്ഞെടുക്കാൻ അവരെ അങ്ങ് ഒരുക്കണമേ. ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ മനസ്സിലാക്കി സാർവ്വത്രിക സഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള കഴിവും ജീവിതവിശുദ്ധിയും വിജ്ഞാനവും വിവേകവുമുള്ള അജപാലശ്രേഷ്ഠനെ മാർപ്പാപ്പയായി ഞങ്ങൾക്ക് നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ. ആമേൻ.

## വി. കുർബാനയിലെ മദ്ധ്യസ്ഥപ്രാർത്ഥന

(മാർച്ച് 1 മുതൽ പുതിയ മാർപ്പാപ്പായെ തെരഞ്ഞെടുക്കുന്നതുവരെ)

കർത്താവേ, ശക്തനായ ദൈവമേ, സാർവ്വത്രിക സഭയെ നയിക്കുന്ന കർദ്ദിനാൾ സംഘത്തിനുവേണ്ടിയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും....